Phone No. 2972

29

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.



ഗ്രന്ഥാലോകം

## വിഷയവിവരം

ഡൽഹി പബ്ലിക് ലൈബ്രറി

ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പറ്റി അന്യപത്രങ്ങളുടെ അഭിപ്രായം

ആ വാദമുഷ്ടി . . . . . . . . . . . . . കെ. ബാലരാമപ്പണിക്കർ

അജ്ഞാനത്തിന്റെ ഉന്മൂലനത്തിനു
ഗ്രന്ഥശാലകൾ സഹായകമാണ് .. പ്രസിഡന്റ് രാജേന്ദ്രപ്രസാദ്

ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ
ആവശ്യകത . . . . . കെ. വി. കൃഷ്ണസ്വാമിഅയ്യർ

മലയാളസാഹിത്യത്തിന് ഒരു
ബിബ്ലിയോഗ്രഫി . . . . . . . . . കെ. പരമേശ്വരമേനോൻ

ഗ്രന്ഥശാലാസംഘം വാർഷികറിപ്പോർട്ട്

ഗ്രന്ഥശാലാവാർത്തകൾ

വരിസംഖ്യ

വാർഷികവരി മുൻകൂർ രു. 6.

ഒറ്റപ്രതി അണ 8.

# ഗ്രന്ഥാലോകം

പത്രാധിപർ—സി. നാരായണപിള്ള ബി. ഏ. ബി. എൽ.

| വാല്യം 4 | ഏപ്രിൽ — മേയ് 1952 | ലക്കം 4 & 5 |
|---|---|---|

# പത്രാധിപവീഥി

## 1. ദീപികയുടെ ഉപദേശം

ഒരു മാന്യസഹജീവിയായ 'ദീപിക' ഇപ്പോൾ ഈ രാജ്യത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പറ്റി തെറ്റിദ്ധാരണാപരമായി എഴുതിവരുന്ന മുഖപ്രസംഗങ്ങളിൽ ഇടവം 7-ം മിഥുനം 7-ം തീയതികളിലെ രണ്ടെണ്ണം ഞങ്ങൾ അന്യത്ര ഉദ്ധരിച്ചിട്ടുണ്ടു്. ഈ ലേഖനങ്ങൾ വായിച്ചപ്പോൾ ബി.സി. 246-ാം മാണ്ടു് ചൈന ഭരിച്ചിരുന്ന ചിൻവംശത്തിലെ വാങ്ങ് ചെങ്ങ് എന്ന ഒരു ചക്രവർത്തിയുടെ വാനരതന്ത്രങ്ങളാണു ഞങ്ങളുടെ സ്മരണയിൽ ഉദിച്ചുയർന്നതു്. ചൈനയിലെ ഒന്നാമത്തെ ചക്രവർത്തി എന്നറിയപ്പെടുവാനാഗ്രഹിച്ച വാങ്ങ് ചെങ്ങ് അതിലേക്കു് സ്വീകരിച്ച ഹ്രസ്വമാർഗ്ഗം ചൈനയുടെ ഭൂതകാലചരിത്രത്തെ കുറിക്കുന്ന എല്ലാ ഗ്രന്ഥങ്ങളും നശിപ്പിച്ചുകളയുവാനാജ്ഞാപിക്കയായിരുന്നു. ഗ്രന്ഥങ്ങളും ഗ്രന്ഥപ്പുരകളും സൂക്ഷിക്കുന്നവക്കു മരണശിക്ഷ വിധിക്കുവാൻ അദ്ദേഹം ഉത്തരവുകൾ പുറപ്പെടുവിച്ചു. പട്ടാളക്കാർ രാജ്യമൊട്ടുക്കു നടന്നു്, പ്രാണനെക്കാളും വിലകല്പിച്ചു് പണ്ഡിതന്മാർ ഒളിവിൽ സൂക്ഷിക്കുവാൻ പണിപ്പെട്ട വിശിഷ്ടഗ്രന്ഥങ്ങൾ പിടിച്ചെടുക്കയും അവ മറയ്ക്കുവാൻ ശ്രമംചെയ്ത കുററത്തിനവരെ ജീവനോടെ കുഴിച്ചിടുകയും ചെയ്തു. കൺഫ്യൂഷ്യസ് തുടങ്ങിയ സുപ്രസിദ്ധ പണ്ഡിതന്മാരുടെ മിക്ക ഗ്രന്ഥങ്ങളും ഇങ്ങനെ നശിപ്പിക്കപ്പെട്ടു. ഫലമെന്തായിരുന്നു. അന്നു് അച്ചടിപോലും അറിയപ്പെട്ടിരുന്നില്ലെങ്കിലും വിജ്ഞാനം നശിച്ചില്ല. ജീവനോടെ കുഴിച്ചിട്ടിട്ടും മനുഷ്യന്റെ ജ്ഞാനതൃഷ്ണ അവസാനിച്ചുമില്ല. 'കോട്ടയത്തെ ദീപികപ്പത്രം' എല്ലാ ഗ്രന്ഥശാലകളും തീവച്ചു നശിപ്പിച്ചുകളയുവാൻ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നു് ഗവർമ്മെൻറിനെ ഉപദേശിച്ചാലും കമ്മ്യൂണിസ്റ്റു് സാഹിത്യം ഈ രാജ്യത്തുനിന്നു അന്തർദ്ധാനം ചെയ്യുവാൻ പോകുന്നില്ലെന്നുറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. അതുകൊണ്ടു് ഇത്തരം മുഖപ്രസംഗമെഴുത്തു് ഒരുതരം പാഴ്‌വേലയാണെന്നു് ആ സഹജീവിയെ അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ദീപികയുടെ വാദങ്ങൾ കുറഞ്ഞൊന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് 2000 വായനശാലകൾക്കു ഗ്രാൻറു ലഭിക്കുന്നു ബൈബനം ഗ്രാൻറുപള്ളിക്കൂടങ്ങൾപോലെ!

ഗ്രന്ഥശാലകളും ഗവർമ്മെൻറ് നിയന്ത്രിക്കണമെന്നും ഈ ഗ്രന്ഥശാലകളൊക്കെ കമ്മ്യൂണിസ്റ്റുകാരുടെ പ്രചരണകേന്ദ്രങ്ങളാണെന്നും ഗവമ്മെൻറിൽനിന്നും ഗ്രാൻറു വാങ്ങുന്ന വായനശാലകളിൽനിന്നു കമ്മ്യൂണിസ്റ്റ്സാഹിത്യത്തെ നിശ്ശേഷം ഗളഹസ്തം ചെയ്യേണ്ടതാണെന്നും ഗ്രാൻറു നൽകുന്ന ഗ്രന്ഥശാലകളിൽ വാങ്ങാവുന്ന പുസ്തകങ്ങൾ ഗവർമ്മെൻറ് നിർദ്ദേശിക്കണമെന്നും ഇപ്പോഴുള്ള വായനശാലകളിലെ ഗ്രന്ഥങ്ങളുടെ ലിസ്റ്റ്വരുത്തി പരിശോധിപ്പിച്ച് കമ്മ്യൂണിസ്റ്റ്സാഹിത്യത്തെ ഒഴിവാക്കണമെന്നുമൊക്കെയാണ് ഈ സഹജീവി ഈ ഇരുപതാംശതകത്തിൽ ഉപദേശിക്കുന്നതു്.

രണ്ടായിരം വായനശാലകൾക്ക് ഗവമ്മെൻറിൽനിന്നും ഗ്രാൻറ് ലഭിക്കുന്നുണ്ടെന്നു ദീപിക പറയുമ്പോൾ വായനശാലകളെപ്പററിയും ഗ്രാൻറിനെപ്പററിയും ആ പത്രത്തിനുള്ള അജ്ഞതയ്ക്കു കൂടുതൽ തെളിവുകൾ ആവശ്യമില്ല. ഈ രാജ്യത്തിന്നു രണ്ടായിരം വായനശാലകളില്ല. ഗ്രാൻറു ലഭിക്കുന്ന വായനശാലകളുടെ സംഖ്യ അതിൽ പകുതി പോലുമില്ല. അതുപോലെതന്നെ ഗ്രന്ഥശാലകൾക്കു നല്ല ഗ്രാൻറ് ലഭിക്കുന്നുണ്ടെന്നുള്ള ദീപികയുടെ സംതൃപ്തിയും അസ്ഥാനത്തിലാണ്. ഏകദേശം അഞ്ഞൂറോളം വായനശാലകൾക്ക് ഗവർമ്മെൻറിൽനിന്നും ലഭിക്കുന്ന ഗ്രാൻറ് നാമമാത്രമായ അറുപതു രൂപമാത്രമാണെന്നും ഈ ഗ്രന്ഥശാലകളൊന്നുംതന്നെ സക്കാർ പണത്തെ ആശ്രയിച്ചു കഴിയുന്നവയല്ലെന്നും പൊതുജനങ്ങളുടെ സംഘടിതശ്രമത്തിൻെറയും ധനവ്യയത്തിൻെറയും ഫലമായി വളർന്നു വികസിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനങ്ങൾക്ക് കേവലം പ്രോത്സാഹജനകമായ ഒരു തുച്ഛസഹായമെന്ന നിലയിലല്ലാതെ ഈ ഗ്രാൻറ് തുക ഉതകുന്നില്ലെന്നും പള്ളിക്കൂടങ്ങളിൽ ഉള്ളതുമില്ലാത്തതുമായ അദ്ധ്യാപകന്മാർക്കു കൊടുക്കാത്ത ശമ്പളമെഴുതിവാങ്ങുന്നതിനുള്ള സാഹചര്യങ്ങൾക്ക് തുല്യമൊന്നുംതന്നെ വായനശാലകൾ സൃഷ്ടിക്കുന്നില്ലെന്നും ഈ സഹജീവി മനസ്സിലാക്കിയാൽ കൊള്ളാം. ഗ്രാൻറ് ഇല്ലെങ്കിൽ പൊതുജനങ്ങളെ സഹായിക്കാൻവന്ന ചിലകൂട്ടർ അടുത്തദിവസം കെട്ടിടങ്ങളടച്ചുപൂട്ടി അവരുടെ സേവനകാംക്ഷയിൽനിന്ന് നിശബ്ദമായി വിരമിക്കുന്നതു കാണാം. എന്നാൽ ഗ്രന്ഥശാലകൾ ഇന്നാലെവരെ യാതൊരു ഗ്രാൻറും ലഭിക്കാതെ തന്നെ നടന്നു വന്നിരുന്നതുപോലെ മേലിലും തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ടു ഗ്രാൻറുപള്ളിക്കൂടങ്ങളേയും വായനശാലകളേയും ഒന്നിച്ചു താരതമ്യപ്പെടുത്തുന്നതു് വിവേകരഹിതമാണ്. പോരെങ്കിൽ പ്രൈവററ വിദ്യാലയങ്ങൾ സ്വകാര്യ വ്യക്തികളുടെ വ്യവസായങ്ങളും ഗ്രന്ഥശാലകൾ പൊതുജനങ്ങളുടെ സ്ഥാപനങ്ങളുമാണെന്നുള്ള വ്യത്യാസവും ദീപിക സ്മരിക്കുന്നതു നന്നു്.

ഗ്രന്ഥശാലകൾ കമ്മ്യൂണിസ്റ്റ് പ്രചരണകേന്ദ്രങ്ങളാണെന്നുള്ള ദീപികയുടെ വാദത്തിനു മറുപടി പറയേണ്ടിയിരിക്കുന്നു. ഗ്രന്ഥശാലാസംഘത്തിനു യാതൊരു രാഷ്ട്രീയമായ അഭിപ്രായങ്ങളോ പ്രവർത്തനങ്ങളോ ഇല്ല. പൊതുസ്ഥാപനങ്ങളായ ഗ്രന്ഥശാലകൾ നടത്തുന്ന പ്രവർത്തകന്മാർ വിവിധ രാഷ്ട്രീയ അഭിപ്രായങ്ങളുള്ളവരും രാഷ്ട്രീയകക്ഷികളിൽപ്പെട്ടവരുമാണെങ്കിലും ഗ്രന്ഥശാലാപ്രവർത്തനങ്ങളിൽ രാഷ്ട്രീയം കടത്തിവിടരുതെന്നു പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രന്ഥശാലകളുടെ നിലനിൽപ്പിനുതന്നെ അവ രാഷ്ട്രീയപ്രചരണങ്ങൾക്കുള്ള കേന്ദ്രങ്ങളാകാതെ സൂക്ഷിക്കേണ്ടതു് ആവശ്യമാ

ണെന്നു് അത്തരം വിദ്യാഭ്യാസപരമായ പ്രവർത്തനത്തിലിടപെട്ടിട്ടുള്ളവരെ ആരും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. എന്നാൽ ഗ്രന്ഥശാലകളിൽ അംഗങ്ങളായതുകൊണ്ടു് വ്യക്തിപരമായി അവർക്കു് രാഷ്ട്രീയമായ അഭിപ്രായങ്ങൾ ഉണ്ടായിരിക്കരുതെന്നോ രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ അവകാശമില്ലെന്നോ ഇന്ദ്രനും ചന്ദ്രനും നിർദ്ദേശിക്കുവാൻ അവകാശമില്ല. ഏതെങ്കിലും ഗ്രന്ഥശാലയിൽ കമ്മ്യൂണിസ്റ്റു പ്രചരണം നടക്കുന്നതായി യാതൊരാക്ഷേപവും ദീപികപോലുള്ള പത്രങ്ങൾ പോലും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. ഇന്നൊലെവരെ കമ്മ്യൂണിസ്റ്റുപാർട്ടി നിരോധിക്കപ്പെട്ടിരുന്ന ഈ രാജ്യത്തു് പോലീസ് അധികാരികൾ കമ്മ്യൂണിസം പ്രചരിപ്പിക്കുന്ന ഗ്രന്ഥശാലകളെ വെറുതെ വിട്ടേയ്ക്കുമായിരുന്നുവെന്നു വിശ്വസിക്കുവാനുള്ള മൌഢ്യവും ഞങ്ങൾക്കില്ല. മി: ടി. കെ. നാരായണപിള്ളയുടെ കാലത്തു് ഇവിടെ കമ്മ്യൂണിസ്റ്റുകാർക്കു സ്വർഗ്ഗമായിരുന്നു എന്നും എന്നാൽ മി. ജോണിനെപ്പോലെ കർക്കശനായ ഒരാൾ ഭരിക്കുന്നതുകൊണ്ടു് കമ്മ്യൂണിസ്റ്റുകാർ അടിയറവു പറയേണ്ടിവന്നിരിക്കുന്നു എന്നും മററുമുള്ള ഭോഷ്ക്കുകൾ ദീപികയെപ്പോലുള്ള ഒട്ടകപ്പക്ഷികൾക്കു് വല്ല സമാധാനവും നൽകുന്നുണ്ടെങ്കിൽ ഞങ്ങളതിനെ ധ്വംസിക്കുവാനാഗ്രഹിക്കുന്നില്ല. എന്നാൽ മി. ടി. കെ. നാരായണപിള്ളയുടേയോ, മി. എ. ജെ. ജോണിന്റേയോ ഹിതം നടത്താനുള്ള രാജ്യമല്ല തിരുവിതാംകൂർ–കൊച്ചി എന്നും പൊതുജനാഭിപ്രായത്തിന്റെ മുൻപിൽ ഇവർ രണ്ടുപേരും നിസ്സാരന്മാരാണെന്നും കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം നിരോധനാജ്ഞകളാകുന്ന ചങ്ങലകൾകൊണ്ടു കെട്ടിവരിഞ്ഞു് ഇരുട്ടറകളിൽ അടയ്ക്കപ്പെട്ടിരുന്ന കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കാരാഗൃഹ കവാടങ്ങൾ താനേ തുറന്നതും ബന്ധനശൃംഖലകൾ തകർന്നുവീണതും ഇതുകൊണ്ടാണെന്നും ദീപികയേയും അവരെപ്പോലുള്ളവരേയും അനുസ്മരിപ്പിക്കുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

ഗ്രാൻറനൽകുന്ന ഗ്രന്ഥശാലകളിലെ പുസ്തകങ്ങൾ പരിശോധിപ്പിച്ചു് കമ്മ്യൂണിസ്ററ് സാഹിത്യവും പുരോഗമനസാഹിത്യവും ഒഴിവാക്കണമെന്നും ഗവർമ്മെൻറു നിർദ്ദേശിക്കുന്ന പുസ്തകങ്ങൾമാത്രമേ ഗ്രന്ഥശാലകൾ ശേഖരിക്കാവൂ എന്നും നിഷ്ക്കർഷിക്കണമെന്നും ദീപിക അഭിപ്രായപ്പെടുന്നു. നാമിന്നു ഹിററ്ലറുടെ ജർമ്മനിയിലോ മുസോലിനിയുടെ ഇററലിയിലോ സ്ററാലിന്റെ റഷ്യയിലോ അല്ല ജീവിക്കുന്നതെന്നു ദീപിക പ്രത്യേകമോർക്കുമല്ലോ. ഗ്രന്ഥശാലകൾ വിജ്ഞാനവിതരണത്തിനുള്ള കേന്ദ്രങ്ങളാണു്. ഇന്ന തരത്തിലുള്ള വിജ്ഞാനംമാത്രമേ വിതരണം ചെയ്യാവൂ എന്നു് ജനകീയരാജ്യങ്ങളിൽ നിഷ്ക്കർഷിക്കുന്ന ഗവർമ്മെൻറ് ദീർഘകാലം ഭരണം നടത്തുകയില്ലെന്നു നല്ലവണ്ണം എല്ലാവരും ഓർത്തിരിക്കട്ടെ. മി. ജോണിന്റെ ഗവർമ്മെൻറു കത്തോലിക്കാസാഹിത്യവും മി. ടി. കെ. യുടെ ഗവർമ്മെൻറ് ഗീതാസാഹിത്യവും ഒരു മുസ്ലീമിന്റെ ഗവർമ്മെൻറ് കൊറാൻ സാഹിത്യവും മാത്രമേ ഈ രാജ്യത്തു പ്രചരിക്കാവൂ എന്നു് നിഷ്ക്കർഷിക്കുകയാണെങ്കിൽ ഈ രാജ്യം പരിഷ്കൃതലോകത്തിന്റെ മുൻപിൽ ഒരു ഭ്രാന്താലയമായിത്തീരുകയേയുള്ളു. ഗവർമ്മെൻറ് നിരോധിച്ചിട്ടില്ലാത്ത ഏതൊരു ഗ്രന്ഥങ്ങളും വായിക്കുവാനും ശേഖരിക്കുവാനും പഠിക്കുവാനുമുള്ള അവകാശം ഏതൊരുപൗരനും നൈസർഗികമായിട്ടുള്ള ഒന്നാണു്. അതു്

തടയുവാനുള്ള ധീരത ഇൻഡ്യയിൽ ഏതൊരു സംസ്ഥാന ഗവർമ്മെൻറിനും ഉണ്ടാകുവാൻ പോകുന്നില്ലെന്നു പ്രവചിക്കുവാൻ അത്ര വലിയ ദീർഘവീക്ഷണമൊന്നും ആവശ്യമില്ല. കമ്മ്യൂണിസ്റ്റ് സാഹിത്യങ്ങളിലെ എല്ലാ ആശയങ്ങളോടും ഞങ്ങൾ യോജിക്കുന്നില്ല. അതുപോലെതന്നെ എല്ലാ മതങ്ങളിലുമുള്ള അനാചാരങ്ങളോടും ഞങ്ങൾക്കും വെറുപ്പാണുള്ളത്. വാൾട്ടയർ പറഞ്ഞതുപോലെ അവരൊക്കെ തെററാണു പറയുന്നതെന്നും ആ തെററുകൾ നടപ്പിലാക്കുവാനുള്ള എല്ലാ ശ്രമങ്ങളേയും ജീവൻ ബലികൊടുത്തുപോലും എതിർക്കണമെന്നും ഞങ്ങളുൽബോധിപ്പിക്കതന്നെ ചെയ്യും. എന്നാൽ അതേസമയത്തുതന്നെ ആ തെററുപറയുവാനുള്ള അവരുടെ പൗരാവകാശത്തെ തടയുവാനുള്ള എല്ലാ ശ്രമങ്ങളേയും ജീവൻ ബലികൊടുത്തും എതിർക്കണമെന്നും ഞങ്ങളുൽബോധിപ്പിക്കുന്നതാണ്. അക്രമത്തിനു പ്രേരിപ്പിക്കാതെയും അശ്ലീലം പ്രചരിപ്പിക്കാതെയും ഏതൊരു പ്രചരണം നടത്തുന്നതിനും എല്ലാ പൗരന്മാർക്കും അവകാശമുണ്ടായിരിക്കുന്നതാണ്. പിന്നെയാണ് ഈ ജനകീയയുഗത്തിൽ പുസ്തകങ്ങൾ ശേഖരിക്കുന്നതിനെ നിയമംകൊണ്ടോ മററുവിധത്തിലോ തടയണമെന്ന് ഒരു ഭോഷ്ക്ക് പറഞ്ഞുകൊണ്ടു ദീപികപ്പത്രം പ്രചരണം ആരംഭിച്ചിരിക്കുന്നത്.

ഇൻഡ്യാഗവർമ്മെൻറ് കമ്മ്യൂണിസ്റ്റ് സാഹിത്യം റയിൽവേസ്റ്റാളുകളിൽ വിൽക്കുന്നതിനെ തടഞ്ഞിരിക്കുന്നതുകൊണ്ട് ഈ രാജ്യത്തെ ഗ്രന്ഥശാലകളിലും കമ്മ്യൂണിസ്റ്റ് സാഹിത്യം പ്രവേശിപ്പിക്കുന്നതു തടയണമെന്നാണ് ദീപികയുടെ വാദം. സെക്രട്ടറിയേററിലെന്നപോലെ റയിൽവേസ്റ്റേഷനിലും വയ്ക്കേണ്ട പുസ്തകങ്ങൾ ഏതൊക്കെയാണെന്നു നിശ്ചയിക്കുവാൻ ഭരിക്കുന്ന ഗവർമ്മെൻറിനധികാരമുണ്ടെന്നു വരാം. എന്നാൽ ഗ്രന്ഥശാലകൾ ജനങ്ങളുടെ പൊതുസ്ഥാപനങ്ങളാണ്. ഏതൊരു രാഷ്ട്രീയാഭിപ്രായവും വച്ചുകൊണ്ടിരിക്കുവാനും ഏതു ഗ്രന്ഥങ്ങൾ വായിക്കുവാനും ശേഖരിക്കുവാനും അവർക്ക് അവകാശമുണ്ട്. ഇന്നു കാൺഗ്രസ്സാണു ഭരിക്കുന്നതെങ്കിൽ നാളെ കമ്മ്യൂണിസ്റ്റുകൾ ഭരണം നടത്തും. അതുകൊണ്ടു ജനങ്ങളുടെ സ്വാതന്ത്ര്യങ്ങളിലും അവകാശങ്ങളിലും കൈകടത്തുകയാണെങ്കിൽ അതിന്റെ ഫലം വിപല്ക്കരമായിരിക്കും. ഗവർമ്മെൻറ് ഗ്രന്ഥശാലകളെ സഹായിക്കുന്നുണ്ടെങ്കിൽ അതുകൊണ്ട് വായിക്കാവുന്ന പുസ്തകങ്ങളുടെ സ്വഭാവം നിർണ്ണയിക്കാൻ ഗവർമ്മെൻറിന് ഒരു അധികാരവും ലഭിക്കുന്നില്ല. ധാരാളം പണം ചെലവുചെയ്തും പ്രതിഫലമില്ലാതെ ജോലിചെയ്തും വിദ്യാഭ്യാസം പ്രചരിപ്പിക്കുവാൻവേണ്ടി പൊതുജനങ്ങൾ നടത്തുന്ന സംരംഭങ്ങൾക്ക് ഗവർമ്മെൻറു നൽകുന്ന തുച്ഛമായ ഗ്രാൻറ് ആ ഗവർമ്മെൻറിന്റെ സംസ്കാരത്തേയും പുരോഗമനകാംക്ഷയേയും പ്രതിഫലിപ്പിക്കുന്ന ഒരുപാധി മാത്രമാണ്. ഈ അനുഭാവസൂചന അധികാരം ചെലുത്തുവാനുള്ള ഒരു പഴുതായി വിനിയോഗിക്കാമെന്ന് ആരും തെററിദ്ധരിക്കാതിരിക്കട്ടെ! അദ്ധ്യാപകന്റെ ശമ്പളംപോലെയും ക്ഷാമബത്തപോലെയും കെട്ടിടഗ്രാൻറുപോലെയും ഈ സംഖ്യ പരിഗണിക്കാൻ പാടുള്ളതല്ല. ഗവർമ്മെൻറ് പണമില്ലെന്നുവന്നാലും ഗ്രന്ഥശാലകൾ പൊതുജനങ്ങൾ നടത്തും. അവയ്ക്ക് അംഗീകാരമോ മററു കാരുണ്യങ്ങളോ യാതൊന്നും തന്നെ ആവശ്യമില്ല. അതുപോലെ തന്നെ പൂർവ്വാധികം ശക്തിയോടുകൂടി കമ്മ്യൂണിസം പ്രചരിപ്പിക്കുവാനുള്ള ശ്രമങ്ങളും തുടരും. ഗ്രന്ഥശാലകൾ കമ്മ്യൂണിസ്റ്റുസാഹിത്യം കൊണ്ടു നിറയും. വേണമെങ്കിൽ ദീപിക ഗവർമ്മെൻറിനെ പ്രേരിപ്പിച്ച് അവരുടെ ഉപദേശമൊന്നു സ്വീകരിപ്പിച്ചു് പരീക്ഷിക്കട്ടെ.

## 2. പാഠ്യപുസ്തകങ്ങൾ

പാഠ്യപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നവിഷയത്തിൽ അനീതിയും അഴിമതിയുമുള്ള സാഹചര്യങ്ങളൊഴിവാക്കുന്നതിനും കഴിയുന്നിടത്തോളം ഉത്തമഗ്രന്ഥങ്ങൾതന്നെ ഭാവിതലമുറകളെ പഠിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു മാർഗ്ഗമായിട്ടാണു ടെക്സ്റ്റുപുസ്തകങ്ങൾ ഗവർമ്മെൻറുതന്നെ പ്രസിദ്ധപ്പെടുത്തണമെന്നൊരു നിർദ്ദേശം പുറത്തുവന്നതു്. ഗവർമ്മെൻറതു സ്വീകരിക്കുകയും ഈവർഷത്തിൽത്തന്നെ ആ പരിഷ്ക്കാരം നടപ്പിൽവരുത്തുവാൻ നിശ്ചയിക്കുകയും ചെയ്തു. പുസ്തകശാലാ ഉടമസ്ഥന്മാരുടെ പ്രക്ഷോഭണങ്ങളും മററു പ്രതിബന്ധങ്ങളും തട്ടിനീക്കി ഗവർമ്മെൻറു് സധീരം മുന്നോട്ടുനീങ്ങി യഥാകാലം ആവശ്യമുള്ളിടത്തോളം പുസ്തകങ്ങളച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുന്നതിൽ പ്രദർശിപ്പിച്ച കാര്യക്ഷമത അഭിനന്ദനാർഹമാണെന്നു പറഞ്ഞാൽ ഈ പുതിയസംരംഭത്തെപ്പററി പ്രശംസാർഹമായുള്ളതുമുഴുവൻ പറഞ്ഞുകഴിഞ്ഞു. ഗവർമ്മെൻറിൻെറ ആഭിമുഖ്യത്തിൽ പാഠ്യപുസ്തകങ്ങൾ മിക്കവയും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആ ഇനത്തിൽ ഗവർമ്മെൻറിനു 12 ലക്ഷംരൂപ ലാഭമുണ്ടെന്നുള്ളതിൽകവിഞ്ഞു് വിദ്യാർത്ഥികളുടെ നന്മയെസംബന്ധിച്ചിടത്തോളം യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നുള്ളതു് ഖേദകരമായിരിക്കുന്നു. ഗവർമ്മെൻറിൻെറ മുതലെടുപ്പുവർദ്ധിപ്പിക്കുവാൻ വേണ്ടിയല്ല ഇങ്ങനെ ഒരു പദ്ധതി നിർദ്ദിഷ്ടമായതു്. രാഷ്ട്രീയമോ സേവാപരമോ ആയ ഉദ്ദേശങ്ങൾക്കുവേണ്ടി പാഠ്യപുസ്തകങ്ങൾ വിദ്യാലയങ്ങൾക്കും മററും വിതരണം ചെയ്യുന്നതുമൂലം വിദ്യാർത്ഥികളുടെ ഉത്തമതാൽപ്പര്യങ്ങൾ വിഗണിക്കപ്പെടുവാനിടയുള്ളതുകൊണ്ടു ആ പരിതസ്ഥിതികൾ ഒഴിവാക്കുവാനും ഏററവും നല്ല ഗ്രന്ഥങ്ങൾ പാഠ്യപുസ്തകങ്ങളായി എഴുതിക്കുവാനും തിരഞ്ഞെടുക്കുവാനും വേണ്ടിയാണു് ഗവർമ്മെൻറു് ഈ ഭാരിച്ച ചുമതല ഏറെറടുത്തതു്. എന്നാൽ ഗ്രന്ഥങ്ങളുടെ ലിസ്ററു് പുറത്തുവന്നപ്പോൾ അതു് വിദ്യാഭ്യാസതൽപ്പരന്മാരെ എത്രവളരെ അമ്പരിപ്പിച്ചിട്ടുണ്ടെന്നു ഇതിനകം തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. പുസ്തകക്കമ്പോളത്തിൽ വില്പനയ്ക്കു വന്ന പത്താംതരം പുസ്തകങ്ങളിൽ ഏററവും വിലകുറച്ചുകിട്ടിയ ഗ്രന്ഥങ്ങൾ ലേലത്തിൽപിടിച്ചു് ഭാവിതലമുറകളെ വിദ്യാഭ്യാസം ചെയ്യിച്ചുകളയാമെന്നു ഗവർമ്മെൻറു് വിചാരിക്കുന്നതുപോലെ തോന്നുന്നു. ഇതു് വിദ്യാർത്ഥികളോടും അവരുടെ രക്ഷകർത്താക്കളോടും രാജ്യത്തോടും ചെയ്യുന്ന എത്ര ഭീമമായ ഒരപരാധമാണെന്നു ഗവർമ്മെൻറു് മനസിലാക്കിയിട്ടില്ലെങ്കിൽ ഇനിയെങ്കിലും മനസിലാക്കുമെന്നു വിശ്വസിക്കുന്നു.

ഈ പുസ്തകതെരഞ്ഞെടുപ്പിനെപ്പററി നയപരവും നിയമപരവുമായ ചില സംശയങ്ങൾ നിവാരണം ചെയ്യേണ്ടതായിട്ടുണ്ടു്. പാഠ്യപുസ്തകങ്ങൾ തിരഞ്ഞെടുക്കുവാൻ പണ്ഡിതന്മാരും വിദ്യാഭ്യാസവിദഗ്ദ്ധന്മാരും അടങ്ങിയ ഒരു ഉപദേശകകമ്മററിയെ നിയമിക്കുന്ന വ്യവസ്ഥ ദീർഘകാലമായി നിലവിലുള്ള ഒന്നാണു്. പ്രസ്തുത കമ്മററി പുസ്തകങ്ങൾ പരിശോധിക്കേണ്ട രീതിയെപ്പററിയും ഗവർമ്മെൻറിലേക്കു ശുപാർശകൾ സമർപ്പിക്കേണ്ടതിനെക്കുറിച്ചും ഗവർമ്മെൻറു് സുവ്യക്തമായ ചില റൂളുകൾ അംഗീകരിച്ചിട്ടുണ്ടു്. ഇക്കഴിഞ്ഞ വർഷത്തിലും ഗവർമ്മെൻറു് അങ്ങനെയൊരു കമ്മററിയെ നിയമിക്കയും ആ

കമ്മററി ഗവർമ്മെൻറിലേക്കു വ്യവസ്ഥാനുസരണം ശുപാർശകൾ സമർപ്പിക്കയും ചെയ്തതായി പത്രവാർത്തകൾ കണ്ടിരുന്നു. ഗവർമ്മെൻറ് ഇപ്പോൾ തെരഞ്ഞെടുത്തിട്ടുള്ള പുസ്തകങ്ങൾ ഈ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ കമ്മററി ശുപാർശചെയ്തിട്ടുള്ളവതന്നെയാണോ.? അല്ലെന്നാണു ഞങ്ങളുടെ അറിവ്. വിദ്യാഭ്യാസത്തേയും അദ്ധ്യേതാക്കളേയും പുസ്തകങ്ങളേയും പററി വകതിരിവുള്ള ഒരു വിദഗ്ദ്ധകമ്മററി ഇത്തരം പത്താംതരം പുസ്തകങ്ങൾ തെരഞ്ഞെടുക്കുവാൻ ഉപദേശിക്കയില്ലെന്നു തീർത്തുപറയാം. 500-ം 750-ം ഉറുപ്പികയ്ക്കു കമ്മററി തെരഞ്ഞെടുത്ത പുസ്തകങ്ങൾ വിലയ്ക്കുകിട്ടാത്തതുകൊണ്ടു് ഗവർമ്മെൻറ് സമയദൗർല്ലഭ്യത്തെ പരിഗണിച്ചു് വിലയ്ക്കു കിട്ടിയ പുസ്തകങ്ങൾ വാങ്ങി അച്ചടിച്ചതായിരിക്കാനേ നിർവ്വാഹമുള്ളു. അങ്ങനെയാണെങ്കിൽ ഈ പുതിയപുസ്തകങ്ങൾ പരിശോധിച്ചു് തിരഞ്ഞെടുത്തതാരാണു്? പഴയ വിദഗ്ദ്ധ കമ്മററിയുടെ അഭിപ്രായങ്ങൾക്കു് അവ സമർപ്പിച്ചിട്ടുണ്ടോ? ഇതൊന്നുമില്ലെങ്കിൽ ഈ പുതിയകമ്മററിയെ നിയമിച്ചു് അവരുടെ ശുപാശകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ? വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ ഉപദേശമനുസരിച്ചു് പുസ്തകങ്ങൾ തിരഞ്ഞെടുക്കണമെന്നു ഗവമ്മെൻറനുശാസിക്കുന്ന വ്യവസ്ഥകൾക്കും അതിലേക്കു സ്വീകരിച്ചിട്ടുള്ള റൂളുകൾക്കും നടപടിക്രമങ്ങൾക്കും എന്തുസംഭവിച്ചു? പ്രസ്തുത റൂളുകളും ചട്ടങ്ങളും വിഗണിച്ചു് മന്ത്രിമാർതന്നെയോ അല്ലെങ്കിൽ മററാരെങ്കിലുമോ തോന്ന്യാസമായി തിരഞ്ഞെടുപ്പുനടത്തുകയാണു് ചെയ്തിട്ടുള്ളതെങ്കിൽ അതു വേലിതന്നെ വിളവുതിന്നുന്നതിനു തുല്യമാണു്. ഏതായാലും പുതിയ പുസ്തകങ്ങളുടെ ലിസ്ററു് തയ്യാറാക്കിയതു് വിദ്യാഭ്യാസത്തോടു് യാതൊരു ബന്ധവുമില്ലാത്തവരും പുസ്തകങ്ങളുടെ ഗുണദോഷങ്ങളെ വിവേചിക്കാൻ ശക്തിയില്ലാത്തവരും വിദ്യാർത്ഥികളുടെ മാനസികമായ കഴിവുകളേയും അഭിരുചിയേയുംപററി ഒന്നും അറിഞ്ഞുകൂടാത്തവരുമാണെന്നു വിശ്വസിക്കാൻ മതിയായ കാരണങ്ങളുണ്ടു്.

പുസ്തകങ്ങൾ സ്വകാര്യ ഉടമസ്ഥരുടെ പ്രസ്സുകളിൽ അച്ചടിക്കുവാൻ ലക്ഷക്കണക്കിനു പണം വ്യയം ചെയ്യുവാൻ മടിക്കാത്ത ഗവർമ്മെൻറു് ആ പുസ്തകങ്ങൾ കുത്തിക്കെട്ടുവാൻ ആവശ്യമുള്ള സൂചിക്കും നൂലിനും ചിലവുവരുന്ന പണംപോലും അവയുടെ ഉള്ളടക്കം എഴുതി ഉണ്ടാക്കുന്ന ഗ്രന്ഥകർത്താക്കൾക്കു കൊടുക്കുവാൻ മടിക്കുമ്പോൾ വിദ്യാർത്ഥികൾ ചവറുപുസ്തകങ്ങൾ പഠിക്കേണ്ടിവരുന്നതിൽ ആശ്ചര്യപ്പെടുവാനൊന്നുമില്ല. മെയിൻറോഡിൽ പത്രങ്ങൾപോലെ ബാലന്മാർ വിളിച്ചു നടന്നു കാൽചക്രത്തിനും, അരച്ചക്രത്തിനും വിററഴിക്കുന്ന ഭീമൻകഥയും സുഭദ്രാഹരണവും 1099-ലെ വെള്ളപ്പൊക്കവുംഎഴുതി ഉണ്ടാക്കുന്ന വ്യവസായം പാഠ്യപുസ്തകനിർമ്മാണത്തെക്കാൾ മെച്ചമായിത്തീർന്നിട്ടുണ്ടു്. ഉള്ളൂരിൻെറയും വള്ളത്തോളിൻെറയും കുമാരനാശാൻെറയും സി. വി. യുടേയും ഗ്രന്ഥങ്ങൾ എഴുനൂററിഅൻപതിനോ ആയിരത്തിനു തന്നെയോ എഴുതു ചുരുങ്ങിയ കാലത്തേക്കും പകർപ്പവകാശം ലഭിച്ചെന്നുവരികയില്ല. പക്ഷെ അവരുടെ പുസ്തകങ്ങളെപ്പററി കേൾക്കുകയോ അവ പഠിക്കുകയോ ചെയ്യുവാനവസരം കിട്ടാതെ സ്കൂൾഫൈനൽപരീക്ഷ ജയിക്കുന്ന വിദ്യാർത്ഥികളുടെ മലയാളസാഹിത്യപരിജ്ഞാനത്തെപ്പററി അവർ തന്നെ ലജ്ജിക്കേണ്ടിവരും. ഒന്നാംതരം സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും ഗ്രന്ഥങ്ങൾ ചോദിച്ചു വിലയ്ക്കു ലഭി

ച്ചില്ലെങ്കിൽ ലഭിക്കുന്നവിലയ്ക്കു് വാങ്ങുകയെന്നുള്ളതല്ലാതെ വ്യവസായലാഭം പരിഗണിച്ചു് അവ പഠിപ്പിക്കേണ്ടുന്നവയാക്കുന്നതു് വിപൽക്കരമാണു്. നാലും, അഞ്ചും, ആറും ഫാറങ്ങളിലേയ്ക്കു് തിരഞ്ഞെടുക്കുന്ന നോൺഡിട്ടെയിൽഡ് മലയാള പാഠ്യപുസ്തകങ്ങൾ ഏറെക്കുറെ സാഹിത്യകൃതികളായിരുന്നേ മതിയാവൂ. ആശാന്റെയോ, വള്ളത്തോളിന്റെയോ, സി.വി. യുടേയോ കൃതികൾ പഠിപ്പിക്കേണ്ടിവരുമ്പോൾ അതിന്റെ അവകാശികൾക്കു കൊടുക്കേണ്ടിവരുന്ന പണത്തിന്റെ തുക അയ്യായിരമായി വർദ്ധിപ്പിക്കേണ്ടിവന്നാലും അതവരുടെ കലാവൈശിഷ്ട്യത്തിനുള്ള പൂർണ്ണവിലയായിമാത്രമേ പരിഗണിക്കപ്പെടുകയുള്ളു. അതുകൊണ്ടു പാഠ്യപുസ്തകങ്ങളുടെ വില 500-ലും 750-ലും ക്ലിപ്തപ്പെടുത്തി പുസ്തകക്കമ്പോളത്തിൽ വില പേശുന്നിടത്തോളംകാലം ഈ വർഷത്തിലെപ്പോലെ പീറപ്പുസ്തകങ്ങൾമാത്രമേ പാഠ്യപുസ്തകങ്ങളായി ലഭിക്കുവാൻ പോകുന്നുള്ളു.

അതുപോലെതന്നെ മാക്ക്മില്ലൻ, ലാംഗ്മാൻസ്, ബ്ലാക്കീസ് തുടങ്ങിയ ഇംഗ്ലീഷു പുസ്തകക്കമ്പനിക്കാർ തയ്യാറാക്കുന്ന റീഡറുകൾ നമ്മുടെ പള്ളിക്കൂടങ്ങളിൽ പാഠ്യപുസ്തകങ്ങളായി സ്വീകരിച്ചുവന്നതു് അത്യന്തം ശ്രദ്ധയോടുകൂടി വിദ്യാർത്ഥികളുടെ കഴിവുകളും ഭാഷാസംബന്ധമായ നൂതന പ്രവണതകളും മനസ്സിലാക്കി തയ്യാറാക്കീട്ടുള്ള പുസ്തകങ്ങൾ അത്യന്തം കുറഞ്ഞവിലക്കു് വേറെ ലഭിക്കുമായിരുന്നില്ലാത്തതുകൊണ്ടാണു്. ആ പുസ്തകങ്ങൾ വിദേശകമ്പനികൾക്കു ലാഭം കൊടുക്കുന്നതെന്ന തത്വത്തെ അടിസ്ഥാനമാക്കി ഉപേക്ഷിക്കുന്നതിനുമുൻപു് അതുമൂലമുണ്ടാകാവുന്ന വിടവുകൾ നികത്തുവാനും വിദ്യാഭ്യാസവിദഗ്ദ്ധന്മാരും ഗവർമ്മെന്റും തയ്യാറാകേണ്ടതാണു്. കാപ്പിറൈറ്റ് അവകാശങ്ങൾ ഇന്നു് നിലവിലില്ലാത്ത ഷേക്സ്പിയർ, അഡിസൺ, ലാംബ് മുതലായ പഴയ ഇംഗ്ലീഷ് എഴുത്തുകാരുടെ ഗ്രന്ഥങ്ങളിൽനിന്നു ഉദ്ധരണികളെടുത്തുചേർത്തു് ഒരു സമാഹാരമുണ്ടാക്കുവാനേതൊരാൾക്കും കഴിയും. എന്നാൽ പഴയ എഴുത്തുകാരുടെ സാഹിത്യംമാത്രമല്ല ഇംഗ്ലീഷ്സാഹിത്യം. പോരെങ്കിൽ പ്രാചീനകൃതികൾ വിദ്യാർത്ഥികളെ ഉദ്ദേശിച്ചു് എഴുതിയിട്ടുള്ളവയുമല്ല. ഇന്നു് വിദ്യാഭ്യാസകാര്യങ്ങളിൽ ഗവേഷണം നടത്തിയിട്ടുള്ള മനശ്ശാസ്ത്രവിദഗ്ദ്ധന്മാരുടേയും വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടേയും നിർദ്ദേശങ്ങളനുസരിച്ചു് പല നൂതന ഗ്രന്ഥകാരന്മാരും ഇംഗ്ലീഷിൽ ശൈശവസാഹിത്യവും, ബാലസാഹിത്യവും യുവസാഹിത്യവും എഴുതി പ്രചരിപ്പിക്കുന്നുണ്ടു്. അങ്ങനെയുള്ള ഗ്രന്ഥങ്ങൾക്കു വിദ്യാഭ്യാസകാര്യങ്ങളിൽ പാശ്ചാത്യർ കൂടുതൽ പ്രാധാന്യം നൽകിവരുന്നു. അതുകൊണ്ടു ഹൈസ്കൂളുകളിലും മററു താഴ്ന്ന ക്ലാസ്സുകളിലും പഠിപ്പിക്കുവാൻ ഇംഗ്ലീഷ് പുസ്തകക്കമ്പനികൾ വളരെ പണം ചെലവുചെയ്തു് അത്തരം നൂതന ഗ്രന്ഥകാരന്മാരെക്കൊണ്ടു എഴുതിച്ചു് തയ്യാറാക്കിയിട്ടുള്ള പാഠങ്ങളും അപൂർവ്വമായി പ്രാചീന ഗ്രന്ഥകാരന്മാരുടെകൃതികളിൽനിന്നുള്ള ഉദ്ധരണികളും സമാഹരിച്ചു് വിദ്യാർത്ഥികൾക്കുമാത്രം തയ്യാറാക്കിയിട്ടുള്ള ഇംഗ്ലീഷു റീഡറുകളുടെ സ്ഥാനത്തു് വിദ്യാഭ്യാസം സംബന്ധിച്ചോ സാഹിത്യം സംബന്ധിച്ചോ യാതൊരു പരിജ്ഞാനവുമില്ലാത്ത ചില പ്രസാധകന്മാർ പണംകൊടുക്കാതെ കിട്ടുന്ന പഴഞ്ചരക്കുകളെടുത്തുചേർത്തുണ്ടാക്കിയിട്ടുള്ള പുസ്തകങ്ങൾ കുത്തിത്തിരുകുവാനുള്ള ശ്രമം ഗർഹണീയമാണു്. അതുപോലെതന്നെ തെററുകൂടാതെ ഇംഗ്ലീഷ് എഴുതുവാൻപോലും ശീലിച്ചിട്ടില്ലാത്ത ചില അദ്ധ്യാപകന്മാരും മററുള്ളവരും എഴുതിയിട്ടുള്ള ഇംഗ്ലീഷ്

നാൺഡീട്ടെയിൽസ് ഗ്രന്ഥങ്ങളും പാഠ്യപുസ്തകങ്ങളാക്കുന്നതു് വളരെ സൂക്ഷിച്ചുവേണ്ടതാണു്. ഇൻഡ്യാക്കാരനെഴുതിയ ഇംഗ്ലീഷുപുസ്തകങ്ങളെക്കാൾ ഇംഗ്ലീഷുകാരൻ അവന്റെ മാതൃഭാഷയിൽ രചിച്ച ഗ്രന്ഥങ്ങൾ പഠിപ്പിക്കുകയാണു് ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു അടിസ്ഥാനമിടുന്ന ബാലന്മാരെ സംബന്ധിച്ചിടത്തോളം കൂടുതൽ അഭിലഷണീയമായിട്ടുള്ളതു്. ഇക്കൊല്ലം പാഠപുസ്തകങ്ങളായി സ്വീകരിച്ചിട്ടുള്ള ഇംഗ്ലീഷ് നാൺഡീട്ടെയിൽസ് ഗ്രന്ഥങ്ങളിൽ മിക്കവയും ഒരു ഇംഗ്ലീഷുകാരനെക്കൊണ്ടു പരിശോധിപ്പിക്കുകയാണെങ്കിൽ വിദ്യാലയങ്ങളിൽ കയറുവാൻ അർഹതയുള്ള പുസ്തകങ്ങൾ അവയിൽ ഒരു ശതമാനംപോലും ഉണ്ടായിരിക്കുകയില്ലെന്നു ആ ഗ്രന്ഥങ്ങൾ ഒരിക്കൽ കണ്ടിട്ടുള്ള ഏതൊരാൾക്കും പറയുവാൻ കഴിയും.

ഇതുകൊണ്ടു് ടെക്സ്റ്റ്പുസ്തകങ്ങളുടെ പ്രസിദ്ധീകരണം ഗവമ്മെന്റ് ഏറ്റെടുക്കുന്നതിനു ഞങ്ങൾ എതിരാണെന്നു ആരും തെറ്റിദ്ധരിക്കേണ്ടതില്ല. എത്ര പണം ചെലവുചെയ്യേണ്ടിവന്നാലും വിദ്യാർത്ഥികളുടെ താല്പര്യം മുൻനിർത്തി ഉത്തമഗ്രന്ഥങ്ങൾ തയ്യാറാക്കുവാൻ ഗവമ്മെന്റ് നിഷ്കർഷിക്കണം. അതുപോലെതന്നെ പ്രതിഫലത്തിന്റെ തുക താഴ്ത്തിക്കാണിച്ചു് കിട്ടുന്ന പുസ്തകങ്ങൾ വിലയ്ക്കു വാങ്ങാതെ ഏറ്റവും നല്ല പുസ്തകങ്ങൾ ന്യായമായ വിലകൊടുത്തുവാങ്ങി അദ്ധ്യയനം നടത്തണം. ഈ വർഷം ഈ രണ്ടു തത്വങ്ങളും ഗവമ്മെന്റ് സ്വീകരിക്കാത്തതുകൊണ്ടു തിരഞ്ഞെടുത്തിട്ടുള്ള പുസ്തകങ്ങൾ വിദ്യാർത്ഥികളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഞങ്ങൾ ഖേദിക്കുന്നു.

പുസ്തകങ്ങൾ വിലകുറച്ചു വിറ്റ് രക്ഷകർത്താക്കളുടെ ഭാരം കുറയ്ക്കുവാൻകൂടിയാണു ഗവമ്മെന്റ് ഈ പുതിയ പദ്ധതി സ്വീകരിച്ചതെന്നാണു ഞങ്ങൾ മനസ്സിലാക്കിയിരുന്നതു്. എന്നാൽ പുസ്തകശാലക്കാർപോലും ചുമത്തുവാൻ മടിക്കുന്ന ഒരു നിരക്കാണു ഇപ്പോൾ ഗവമ്മെന്റ് പുസ്തകവിലയായി ക്ലിപ്തപ്പെടുത്തിയിട്ടുള്ളതു്. കഴിഞ്ഞകാലങ്ങളിൽ പുസ്തകവില്പനക്കാർ ചുമത്തുന്ന വില നിയന്ത്രിക്കുവാൻ വിദ്യാഭ്യാസമേലദ്ധ്യക്ഷനധികാരമുണ്ടായിരുന്നതുകൊണ്ടു് ഒരു നിശ്ചിതപരിധിയിൽ കവിഞ്ഞ ലാഭമെടുക്കുവാൻ വില്പനക്കാർക്കു കഴിഞ്ഞിരുന്നില്ല. എന്നാൽ അറുപതോളം പേജുകളുള്ള ഒരു സർക്കാർ പബ്ലിക്കേഷനു 11 അണ വില ചുമത്തുവാൻ മടിച്ചിട്ടില്ലാത്ത ഗവമ്മെന്റ് പന്ത്രണ്ടുലക്ഷം രൂപയുടെ ലാഭത്തെക്കുറിച്ചല്ലാതെ ദരിദ്രനായ രക്ഷകർത്താവിന്റെ അമിതമായ ഭാരത്തെപ്പറ്റി പരിഗണിച്ചിട്ടുണ്ടെന്നു വിചാരിക്കുവാൻ നിർവ്വാഹമില്ല.

# ഡൽഹിപബ്ളിക് ലൈബ്രറി

## ഇന്ത്യാക്കാരുടെ അഭിരുചിയുടെ

## ഒരു പരീക്ഷണശാല

ആരൊക്കെയാണു് ലൈബ്രറിപുസ്തകങ്ങൾ വായിക്കുന്നവർ? അവർക്കെന്താണു് വായിക്കാൻ വേണ്ടതു്? അവർക്കിഷ്ടമുള്ള വിഷയങ്ങളെന്തെല്ലാം? അറിവിനു് അവർക്കു വേണ്ടതെന്തൊക്കെയാണു്? ഇതിനെല്ലാംപുറമെ, അവർ പുസ്തകങ്ങൾതന്നെ ഇഷ്ടപ്പെടുന്നുണ്ടോ?

വിദ്യാഭ്യാസവകുപ്പിന്റെയും യുനെസ്കോയുടെയും സംയുക്താഭിമുഖ്യത്തിൽ കഴിഞ്ഞ ഒക്ടോബറിൽ പ്രധാനമന്ത്രി ഉൽഘാടനംചെയ്ത ഡെൽഹി പബ്ളിക് ലൈബ്രറിയ്ക്കു് ഈ ചോദ്യങ്ങളിൽ ചിലതിനു് ഭാഗികമായ ഒരു ഉത്തരംപറയാൻ കഴിയും. അതു് ലൈബ്രേറിയന്മാർക്കു് മാത്രമല്ല, പ്രസാധകന്മാർക്കും, പുസ്തകവില്പനക്കാർക്കും, ഗ്രന്ഥകാരന്മാർക്കുംകൂടി താല്പര്യമുളവാക്കുന്നതായിരിക്കും. ഉത്തരം പറഞ്ഞുകൊണ്ടുപോകുന്നവഴിയ്ക്കു് അതിനു ചില ചോദ്യങ്ങളും ഉന്നയിക്കുവാൻ സാധിയ്ക്കും. അവസാനത്തെ ചോദ്യത്തിനു് എളുപ്പത്തിൽ ഉത്തരംപറയാം. കഴിഞ്ഞ നാലു മാസത്തിനുള്ളിൽ 28000 പുസ്തകങ്ങൾ ആളുകൾ ലൈബ്രറിയിൽനിന്നു് എടുത്തിട്ടുണ്ടു്. 130000-ത്തിലധികം പേർ ലൈബ്രറിയിൽവന്നു് വായിച്ചിട്ടുണ്ടു്. ലൈബ്രിക്കു് കൂടുതൽ സ്ഥലവും പുസ്തകങ്ങളും ഉണ്ടായിരുന്നെങ്കിൽ വായനക്കാരുടെ എണ്ണം ഇതിലും വർദ്ധിക്കുമായിരുന്നു; എന്നാലും പരീക്ഷണാർത്ഥം ആരംഭിച്ച ഒരു സ്ഥാപനത്തിനു് ഇത്രവലിയ പ്രോത്സാഹനം ദുർല്ലഭമായേ കിട്ടാറുള്ളു.

ബാക്കി ചോദ്യങ്ങളുടെ ഉത്തരം പുസ്തകത്തിന്റെ എണ്ണവുമായി ബന്ധപ്പെട്ടതാണു്. പുസ്തകങ്ങളുടെ എണ്ണം ഇന്നും കുറവാണു്. എന്നാലും ഇംഗ്ലണ്ടിൽ ലൈബ്രറി ഉപയോഗപ്പെടുത്തുന്ന ആളിൽനിന്നു രസകരമായ ചില വ്യത്യാസങ്ങൾ ഇവിടെ കാണാൻ സാധിക്കും. ഇവ ഭാവിയിലേയ്ക്കു പല പ്രധാന പ്രശ്നങ്ങളും ഉന്നയിക്കുന്നു.

ലൈബ്രറിക്കു് മൂന്നു വിഭാഗങ്ങളുണ്ടു്. ഇതിൽ ഹിന്ദിപുസ്തകങ്ങൾക്കാണു് അധികം ആൾക്കാർ. ആകെയുള്ള പുസ്തകങ്ങളിൽ മൂന്നിൽ രണ്ടുഭാഗം ഹിന്ദിപുസ്തകങ്ങളാണു്. ഇവയിൽ മൂന്നിൽ രണ്ടുഭാഗം, ഇംഗ്ലീഷ് ലൈബ്രറികളിലെപ്പോലെതന്നെ നോവലുകളാണു്. ഈ കാര്യം നല്ലതോ ചീത്തയോ? ഹിന്ദിനോവലുകളുടെ ഗുണത്തെപ്പററി അഭിപ്രായം പറയാതെ അതു നല്ലതാണെന്നു ഞാൻ പറയും. ഭാവനാപരമായ പ്രകാശനം സാംസ്കാരികമായ പ്രാബല്യത്തിന്റെ ഒരു ചിഹ്നമാണു്. വിനോദത്തിനുവേണ്ടിയുള്ള വായനയിൽനിന്നാണു് എന്റെ ജീവിതത്തിലെ ഏററവും വലിയ ആനന്ദമുണ്ടായിട്ടുള്ളതു്. അതുകൊണ്ടു് മററുള്ളവർക്കു് അത്തരം സന്ദർഭങ്ങൾ നിഷേധിയ്ക്കാൻ ഞാൻ ഒരുക്കമില്ല.

കെട്ടുകഥകളിൽനിന്നു കാര്യത്തിലേയ്ക്കു കടക്കുകയാണെങ്കിൽ, ഇൻഡ്യൻ വായനക്കാരന് ഇംഗ്ലീഷ് വായനക്കാരന്റേതിൽനിന്ന് വിഭിന്നമായ രുചികളാണുള്ളതു്. ഹിന്ദിയിൽ സാഹിത്യം, സാമൂഹ്യശാസ്ത്രം, ജീവചരിത്രം, തത്വശാസ്ത്രം എന്നിങ്ങനെയാണ് ഏററവുമധികം വായിക്കപ്പെടുന്ന വിഷയങ്ങളുടെ ക്രമത്തിനനുസരിച്ചു പോക്ക്. ചരിത്രം, ലളിതകല, ഭാഷ, ശാസ്ത്രം എന്നിവയ്ക്കു വളരെ കുറച്ചേ വായനക്കാരുള്ളു. സാങ്കേതിക വിജ്ഞാനം സംബന്ധിച്ച പുസ്തകങ്ങളുടെ ആവശ്യവും നിസ്സാരമാണ്. ഉദാഹരണത്തിനു ഫെബ്രുവരിയിൽ സാമൂഹ്യവിജ്ഞാനീയത്തിൽ 242 പുസ്തകങ്ങളും, തത്വവിജ്ഞാനീയത്തിൽ 188 പുസ്തകങ്ങളും വായിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ശാസ്ത്രപുസ്തകങ്ങളുടെ എണ്ണം 66-ം ലളിതകലാപുസ്തകങ്ങളുടേതു 33-ം മാത്രമാണ്. ഇംഗ്ലണ്ടിൽ എൻെറ സ്വന്തം ലൈബ്രറിയിൽ ചരിത്രം, യാത്രാവിവരണം, ജീവചരിത്രം, സാങ്കേതികവിജ്ഞാനം എന്നീ പുസ്തകങ്ങൾക്കാണ് അധികം ആവശ്യക്കാർ. സാഹിത്യവും സാമൂഹ്യശാസ്ത്രവും ഇതിനെല്ലാം പിന്നിലാണ്. തത്വശാസ്ത്രത്തിന് ആവശ്യക്കാരില്ലെന്നുതന്നെ പറയാം.

ഇംഗ്ലീഷുപുസ്തകങ്ങൾ ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവരാണ് വായിക്കുന്നതു്. ഈ വിഭാഗത്തിൽ നിന്നെടുക്കപ്പെടുന്ന പുസ്തകങ്ങളിൽ നോവലുകൾ നാലിലൊന്നു മാത്രമാണ്. സാമൂഹ്യശാസ്ത്രത്തിനും തത്വശാസ്ത്രത്തിനുമാണ് കൂടുതൽ ആവശ്യം. ഡെൽഹി ലൈബ്രറി തുറന്നിട്ട് കുറച്ചുമാസങ്ങളേ ആയിട്ടുള്ളുവെങ്കിലും എൻെറ ലൈബ്രറിയിൽനിന്നു കൊടുക്കുന്നതു തത്വശാസ്ത്രപുസ്തകങ്ങളും പകുതിയിലധികം സാമൂഹ്യശാസ്ത്രപുസ്തകങ്ങളും അവിടെനിന്നു വായനക്കാർ എടുക്കുന്നുണ്ട്. സാങ്കേതിക പുസ്തകങ്ങൾ പത്തിലൊരംശവും ലളിതകലാപുസ്തകങ്ങൾ നാല്പതിലൊരംശവുമേ വായിക്കപ്പെടുന്നുള്ളു.

വായനക്കാർക്കു തത്വശാസ്ത്രത്തിലുള്ള താല്പര്യം ഇന്ത്യയ്ക്കു് ആ രംഗത്തിലുള്ള പ്രാമാണ്യത്തിന് ഒരു ബഹുമതിയാണ്. എന്നാൽ മററു വിഷയങ്ങളെ വിസ്മരിച്ചു ജനങ്ങൾക്കു സാമൂഹ്യശാസ്ത്രത്തിലുള്ള അഭിരുചി ഗുണകരമാണെന്നു തോന്നുന്നില്ല. ഈ അസമതുലനത്തിന് ഒരു പ്രധാന കാരണം പുസ്തകങ്ങളുടെ കുറവുതന്നെയാണ്. ഇന്ത്യൻപ്രസാധകരുടേയും വില്പനക്കാരുടേയും പുസ്തകവിവരപ്പട്ടിക നോക്കിയാൽ സിദ്ധാന്തപരമായ പുസ്തകങ്ങൾക്കു പ്രാധാന്യം കൊടുത്തിരിക്കുന്നതു കാണാം. രാഷ്ട്രമീമാംസ, സാമ്പത്തിക ശാസ്ത്രം, കണക്കെഴുത്ത്, സ്ഥിതിവിവരക്കണക്ക്, നിയമം, എന്നിങ്ങനെ പോകുന്നു അവ. ജനങ്ങളിലേക്കാളധികം രാഷ്ട്രമീമാംസയിലും നിർമ്മാണത്തേക്കാളധികം മേൽനോട്ടത്തിലും, സാമൂഹ്യജീവിതത്തിലേക്കാളധികം സാമൂഹ്യസ്ഥിതികളിലുമാണ് അവർ താല്പര്യം കാണിക്കുന്നതു്. വീട്ടു് സൂക്ഷിക്കൽ, സ്പോർട്ട്സ്, ഉദ്യാനപാലനം, വിനോദങ്ങൾ, പ്രകൃതിപഠനം, യാത്ര എന്നീ വിഷയങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ വളരെ കുറവാണ്. ഇംഗ്ലണ്ടിലാകട്ടെ ഇത്തരം പുസ്തകങ്ങളാണ് ഏററവുമധികം വായിക്കപ്പെടുന്നതു്.

എന്താണിതിനു കാരണം? വിദ്യാസമ്പന്നനായ വായനക്കാരൻ സർവ്വകലാശാലാ നിരപ്പിലാണ്. ഒരു പ്രത്യേകവകുപ്പിൽ പ്രചരണം നടത്താനാണ് അയാളുടെ ശ്രമം. ആ നിരപ്പിനു താഴെയുള്ളവരുടെ ആവശ്യ

ങ്ങൾ പ്രസാധകന്മാർ മനസ്സിലാക്കിയിട്ടില്ല. നോവലിൻെറ കാര്യത്തിൽ മാത്രമേ പ്രസാധകർ ഇവർക്കുവേണ്ടി വല്ലതും ചെയ്തിട്ടുള്ളു. ഇംഗ്ലണ്ടിൽ വായനക്കാരിൽ വലിയൊരു വിഭാഗം യൂണിവേഴ്സിററി സ്റ്റാൻഡേർഡിനു താഴെയാണ്. എന്നാൽ അവരുടെ സാംസ്കാരികനിലവാരം പൊതുവെ ഉയർന്നതാണ്. ഇവർ ഒരു പ്രത്യേകവിഷയം പഠിക്കുന്നില്ല. ഒഴിവുസമയത്തിൻെറ രസവും വിനോദങ്ങളും വികസിപ്പിക്കലാണ് അവരുടെ ഉദ്ദേശം. ഇത്തരമൊരുവിഭാഗം വായനക്കാർ ഇന്ത്യയിലുണ്ടായിവരുന്നേയുള്ളു. സാമാന്യവിദ്യാഭ്യാസം വർദ്ധിച്ചുവരുന്നതോടുകൂടി ഇതു വികസിക്കുകയും ചെയ്യും. അങ്ങനെയാകുമ്പോൾ പൊതുഗ്രന്ഥാലയങ്ങൾ നൽകുന്ന സാംസ്കാരികമായ സന്ദർഭങ്ങൾക്കു കൂടുതൽ പ്രാധാന്യവുമുണ്ടാകും. ഗ്രന്ഥാലയാഭിവൃദ്ധിയുടെ ആദ്യകാലത്തുതന്നെ ഈ പ്രശ്നത്തിൻെറ സ്വഭാവം മനസ്സിലാക്കേണ്ടതാവശ്യമാണ്.

എങ്ങനെയാണ് ഒരിന്ത്യക്കാരൻ ഗ്രന്ഥാലയമുപയോഗിക്കുന്നതു്? ഒരു പക്ഷെ ഒരിംഗ്ലീഷുകാരനെക്കാൾ നന്നായി അയാളതുപയോഗിക്കുന്നു. അയാൾ പുസ്തകം കൃത്യസമയത്തുതന്നെ മടക്കുന്നു. പുസ്തകത്തിനു കേടുപററാതിരിക്കാൻ അത്യധികം ശ്രദ്ധിക്കുന്നു. ഗ്രന്ഥാലയത്തിൽ അവർ പാലിക്കുന്ന നിശ്ശബ്ദതയും അവരുടെ പൊതുവേയുള്ള സ്വഭാവവും എന്നെ അത്യധികം ആകർഷിച്ചിട്ടുണ്ട്. ഞാൻ ഗ്രന്ഥാലയത്തിലെ ഒരുദ്യോഗസ്ഥനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെയിരുന്നു വായിച്ചിരുന്ന ഒരാൾ എന്നോട്ട് കുറച്ചു മെല്ലെ സംസാരിക്കാൻ ആവശ്യപ്പെടുകകൂടിയുണ്ടായി. ഇംഗ്ലണ്ടിൽവെച്ചു് എനിക്കിതുവരെയുണ്ടാവാത്ത ഒരനുഭവമാണിതു്. കൂടുതൽ പുസ്തകങ്ങൾ വേണമെന്ന് ഇന്ത്യൻ വായനക്കാരൻ ആവശ്യപ്പെടുന്നു. തൻെറ നിർദ്ദേശങ്ങളെ അയാൾ വിസ്തരിച്ചു ന്യായീകരിക്കുന്നു. ഗ്രന്ഥാലയത്തിൻെറ ഭരണകാര്യത്തിലും മററു പ്രശ്നങ്ങളിലും കൂടുതൽ വലിയ താൽപര്യം കാണിക്കുന്നു. നിസ്സാരമായ കാര്യങ്ങളെക്കുറിച്ചാണ് അവർക്കു ആവലാതി. ഗ്രന്ഥാലയത്തിൽ തിരക്കുള്ള സമയത്തു് പുസ്തകത്തിന് കാത്തുകൊണ്ടുനില്ക്കാൻ അവർക്ക് ക്ഷമയില്ല.

അവർ സൂത്രത്തിൽ പുസ്തകമെടുക്കാറുണ്ടോ? ഇതുവരെ പറയത്തക്ക തെളിവൊന്നും കിട്ടിയിട്ടില്ല. പുസ്തകമെടുക്കുന്നതിന് മറെറാരു ടിക്കററുകൂടി ഉപായത്തിൽ വാങ്ങാനുള്ള ശ്രമം കാണുന്നുണ്ട്. ഇങ്ങനെ ടിക്കററ വാങ്ങുന്നതിനുള്ള ഒരു വഴി—അതു വെളിവാക്കുന്നതു് ബുദ്ധി പൂർവ്വമല്ല—ഇരുപത്തഞ്ചുകൊല്ലമായി ലൈബ്രറിഭരണത്തിൽ ഏർപ്പെട്ടിരിക്കുന്ന എനിക്ക് ഒരു പുതുമയാണ്. ആ കൗശലത്തോട്ട് എനിക്ക് വളരെ ബഹുമാനം തോന്നിയിരിക്കുന്നു.

ഇംഗ്ലണ്ടിലേതിൽനിന്ന് ഇവിടെ കാണുന്ന ഒരു വ്യത്യാസം എനിക്കു പരിതാപകരമായിത്തോന്നി. ഇംഗ്ലണ്ടിൽ, ഗ്രന്ഥാലയങ്ങളിൽ പ്രായേണ സ്ത്രീകളാണ് അധികം വരുന്നതു്. ഗ്രന്ഥാലയോദ്യോഗസ്ഥന്മാരിലും സ്ത്രീകളാണ് അധികം. ഭർത്താക്കന്മാർക്കുവേണ്ടി ഭാര്യമാർ വന്നു പുസ്തകമെടുത്തുകൊണ്ടു പോകുന്നു. ഡെൽഹിയിൽ സ്ത്രീകൾ വളരെ ലജ്ജാശീലകളാണ്. ഒരുപക്ഷെ വായിക്കാനും അവർക്ക്വേണ്ടത്ര സമയമില്ലായിരിക്കാം. എങ്ങനെയായാലും സ്ത്രീകൾ ദുർല്ലഭമായേ വരാറുള്ളു.

വായനക്കാരുടെ വയസ്സാണു് മറെറാരു വ്യത്യാസം. ഇംഗ്ലണ്ടിൽ കുട്ടികളാണു് അധികമായി ഗ്രന്ഥാലയങ്ങൾ ഉപയോഗിക്കുന്നതു്. എന്റെ സ്വന്തം പട്ടണത്തിൽ തന്നെ, ഗ്രന്ഥാലയമുപയോഗിക്കുന്നവരിൽ 75 ശതമാനം കുട്ടികളാണു്. കുട്ടികൾ സ്ക്കൂൾ വിടുന്നതോടുകൂടി അവർ ഗ്രന്ഥാലയത്തിൽ വരാതാകുന്നു. 15 വയസ്സിനും 25 വയസ്സിനും ഇടയിലുള്ള വായനക്കാരുടെ സംഖ്യയാണു് ഏററവും കുറവു്. ഈ പ്രായക്കാരെ ഗ്രന്ഥാലത്തിലേയ്ക്കാകർഷിക്കാൻ യുവജനസംഘടനകൾ ശ്രമം നടത്തുന്നുണ്ടെങ്കിലും വലിയ വിജയമൊന്നും കാണുന്നില്ല. എന്നാൽ ഡെൽഹിയിൽ ഈയൊരു പ്രശ്നമേയില്ല. 18 വയസ്സിനടുത്തുള്ള ചെറുപ്പക്കാരാണു് വായനക്കാരിലധികവും. അവർ എന്താണു് വായിക്കുന്നതു്? എന്തു വായിക്കാനാണു് അവർക്കിഷ്ടം? എന്നതൊക്കെ സൂക്ഷ്മമായി പരിശോധിക്കുന്നതു് രസാവഹമായ ഒരു വിഷയമാണു്.

കുട്ടികൾ എല്ലായിടത്തും ഒരുപോലെതന്നെയാണു്. ഡെൽഹി ചിൽഡ്റൻസ് ലൈബ്രറിയിൽ, കുട്ടികളുടെ അഭിരുചി ഇംഗ്ലണ്ടിലേതിൽനിന്നു് വളരെയൊന്നും വ്യത്യസ്തമല്ല. പക്ഷെ ഇന്ത്യയിലെ ബാലന്മാരുടെ സ്വഭാവം കൂടുതൽ ആകർഷകമാണു്; അവർ ഗ്രന്ഥാലയത്തിൽ ശബ്ദമുണ്ടാക്കാറില്ലെന്നുതന്നെ പറയാം. നിയന്ത്രണം ഡൽഹിയിൽ ഒരു പ്രശ്നമേ അല്ല. ധാരാളം ചിത്രങ്ങളുള്ള പുസ്തകങ്ങളാണു് കുട്ടികൾക്കിഷ്ടം. വർണ്ണചിത്രങ്ങളാണെങ്കിൽ ഏറെ നന്നായി. ഉള്ളടക്കം വായിക്കാൻ കഴിയില്ലെങ്കിലും ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നും കുട്ടികൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളാണു് ഇന്ത്യയിലെ കുട്ടികളെ കൂടുതലാകർഷിക്കുന്നതു്. കുട്ടികൾ കളിക്കുന്നതു കാണാൻ രസമാണു്. എന്നാൽ ചുളിഞ്ഞ പുരികത്തോടും ഗൗരവമായ മുഖത്തോടും കൂടി ഒരു കുട്ടിയിരുന്നു വായിക്കുന്നതു കാണാൻ അതിലും രസമുണ്ടു്.

## വായനക്കാരാവാൻ വഴിയുള്ളവർ

ഒരു ഗ്രന്ഥാലയത്തിനു് വായനക്കാരെപ്പോലെതന്നെ പുസ്തകങ്ങളും ആവശ്യമാണു്. കുട്ടികൾക്കുള്ള പുസ്തകം ഗുണത്തിലും എണ്ണത്തിലും വളരെ കുറവാണു്. ആവശ്യം വർദ്ധിക്കുന്നതോടുകൂടി എണ്ണത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടും. എന്നാൽ ഗുണത്തിന്റെ കാര്യം അങ്ങനെയല്ലല്ലോ. ഇംഗ്ലണ്ടിലും അമേരിക്കയിലും ഈയിടെ ബാലസാഹിത്യത്തിൽ ഗുണത്തിന്റെ കാര്യത്തിൽ വലിയ അഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. നന്നായി അച്ചടിച്ചതും ചിത്രങ്ങളുള്ളതുമായ പുസ്തകങ്ങൾക്കു് ചിൽഡ്റൻസ് ലൈബ്രറികൾ നല്ലൊരു കമ്പോളമുണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ, അവർ ഇന്ത്യയിലെ വിദ്യാഭ്യാസത്തിനു പൊതുവെ വലിയൊരു സേവനമായിരിക്കും ചെയ്യുന്നതു്. ഇന്ത്യയിൽ പ്രത്യേകിച്ചും സഹകരണം അത്യന്താപേക്ഷിതമാണു്.

ഈ പ്രശ്നം കുറേക്കൂടി പൊതുവായ ഒന്നാണു്. വായനക്കാരാവാൻ വഴിയുള്ളവർ ഇന്ത്യയിൽ ഇപ്പോൾ തന്നെ ധാരാളമുണ്ടു്. അടുത്ത പത്തു കൊല്ലങ്ങൾക്കകം അവരുടെ സംഖ്യ ഇനിയും വർദ്ധിക്കും. വരാൻപോകുന്ന പുതിയ വായനക്കാരുടെ തലമുറയെപ്പററി ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു. എവിടെനിന്നാണു് പുസ്തകങ്ങൾ വരുക? ഇംഗ്ലീഷ് ഭാഷയിൽ ഇപ്പോൾ അച്ചടിയിലുള്ള പുസ്തകങ്ങളുടെ പേരുകൾ ഒരു പക്ഷെ മൂന്നുലക്ഷത്തോളം വരും, കൊല്ലം

തോറും 30000 മുതൽ 40000 വരെ പുസ്തകങ്ങൾ പുറത്തുവരുമെന്നും കരുതാം. ഒരു പൊതു ഗ്രന്ഥാലയത്തിലേക്കു പററിയ ഹിന്ദിപുസ്തകങ്ങളുടെ ഇപ്പോഴുള്ള പേരുകൾ, ഒന്നൂഹിക്കാനേ കഴിയുള്ളുവെങ്കിലും, ഏറിയാൽ പതിനായിരം വരുമായിരിക്കും. കൊല്ലത്തിൽ ലഘുലേഖകളടക്കം 2000ത്തിലധികം പ്രസിദ്ധീകരിക്കുന്നില്ല. ഇതിൽ പലതിൻേറയും അച്ചടിയും കെട്ടും മട്ടും മോശമാണു്. പശ്ചിമരാജ്യങ്ങളിൽ പുസ്തകങ്ങളുടെ വർദ്ധിച്ച പ്രസിദ്ധീകരണത്തെത്തുടർന്നാണു് ഗ്രന്ഥാലയങ്ങൾ വളർന്നുവന്നിട്ടുള്ളതു്. ഇന്ത്യയിലിവ രണ്ടും ഒന്നിച്ചുതന്നെ വളരേണ്ടിയിരിക്കുന്നു. നല്ല പുസ്തകങ്ങൾക്കു സുശക്തമായ ഒരു കമ്പോളമുണ്ടാകുന്നതിനു ഗ്രന്ഥാലയങ്ങൾക്കു നേരിട്ടു സ്വാധീനശക്തിചെലുത്താൻ കഴിയും.

ഗ്രന്ഥാലയങ്ങൾക്കു് ഒരു പുതിയ പ്രശ്നംകൂടിഇതാ. വായനക്കാർക്കുവേണ്ടി പുസ്തകങ്ങൾ വാങ്ങുക മാത്രമല്ല, വിപണിയിൽ കൂടുതൽ പുസ്തകങ്ങൾ ഉണ്ടാകുന്നതിനു ഗ്രന്ഥകാരന്മാരേയും പ്രസാധകന്മാരേയും വില്പനക്കാരേയും അവ പ്രോത്സാഹിപ്പിക്കണം.

ജനാധിപത്യത്തിൻെറ വിജയത്തിൽ ഇന്ത്യയിലെ പൊതുഗ്രന്ഥശാലകൾ ശരിയായ പങ്കു വഹിക്കണമെങ്കിൽ അവ ഈ പ്രശ്നത്തെ നേരിട്ടു് അതൊരവസരമാക്കിത്തീർക്കണം. ഇംഗ്ലണ്ടിൽ ഒരു നൂറു കൊല്ലം മുമ്പുണ്ടായിരുന്നതിനേക്കാൾ വലിയൊരവസരമാണു് ഇതു്. കാരണം ഇന്നു രാജ്യത്തിൻെറ ആവശ്യം അത്ര അടിയന്തിരമാണു്. ഗ്രന്ഥാലയങ്ങൾക്കു സ്വാഭാവികമായി സാക്ഷരത്വം പ്രചരിപ്പിക്കാൻ സാധിക്കും. പക്ഷെ സാക്ഷരത്വം ഒരു മാർഗ്ഗം മാത്രമാണു്; പരമലക്ഷ്യമല്ല. സാക്ഷരത്വത്തിനപ്പുറത്തുള്ള നേട്ടങ്ങൾ ലൈബ്രറികളുടെ ഉപയോഗത്തിലാണു കിടക്കുന്നതു്.

ഈ നേട്ടങ്ങൾ ഉണ്ടാവുന്നതിനു ചില ആവശ്യങ്ങളെ നേരിടണം. ഗ്രന്ഥാലയം സൌജന്യമായി എല്ലാവർക്കും പ്രവേശനമനുവദിക്കുന്നതാകണം. വിജ്ഞാനവും വിനോദവുമായിരിക്കണം അതിൻെറ ലക്ഷ്യം. പഠിപ്പിനൊന്നതുപോലെ വിശ്രമവേളകൾക്കും പുസ്തകമുപയുക്തമാക്കാൻ വായനക്കാരെ പ്രോത്സാഹിപ്പിക്കണം. ഗ്രന്ഥാലയം തുടർന്നുപോകേണ്ട ഒരു സ്ഥാപനമാണെന്നു ഓർമ്മവേണം. വികസിക്കാനനുവദിച്ചില്ലെങ്കിൽ, വെള്ളംകിട്ടാത്ത ചെടിയെപ്പോലെ അതു നശിച്ചുപോകും. സ്വദേശത്തോടുകൂടിത്തന്നെ ഇന്ത്യയിൽ ധാരാളം ഗ്രന്ഥാലയങ്ങൾ തുറക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ പരിപോഷണത്തിനു മാർഗ്ഗമില്ലായ്കയാൽ പലതും പൊളിഞ്ഞുപോയി.

പുസ്തകങ്ങളാണു് പരിഷ്കാരത്തിൻെറ ശരിയായ ഏജൻറുമാരെന്നു വിശ്വസിക്കുന്നവർക്കു് ഡൽഹി പബ്ളിക് ലൈബ്രറിയിലെ ചെറുപ്പക്കാരും വലിയവരുമായ വായനക്കാർ ആത്മാവിനു് ആനന്ദകരമായ ഒരു കാഴ്ചയാണു്. ലൈബ്രറി ഉപയോഗിക്കുന്ന ഒരാളുടെ പിന്നിൽ അത്തരം സൌകര്യങ്ങളില്ലാത്ത ആയിരക്കണക്കിൽ ആളുകളുണ്ടു്. അവരെ സഹായിക്കുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

# *ഗ്രന്ഥശാലാപ്രസ്ഥാനവും കമ്യൂണിസ്റ്റ് പ്രചരണവും

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ ഇപ്പോൾ കുറെ പുരോഗമിച്ചിട്ടുണ്ടു്. അതിനു പ്രധാന കാരണം ഗ്രന്ഥശാലാസംഘമാണെന്നുള്ള കാൎയ്യത്തിൽ യാതൊരു സംശയവുമില്ല. ഗ്രന്ഥശാലാസംഘം രാജഭരണകാലത്തു് ആരംഭിച്ചതാണെങ്കിലും, ജനകീയഭരണകാലത്താണു് ഈ പ്രസ്ഥാനത്തിനു കൂടുതൽ ഗണനയും ഗ്രാൻറും കിട്ടി വ്യാപകമായ പ്രവൎത്തനത്തിനു സൗകൎയ്യം സിദ്ധിച്ചതു്. ആ സൗകൎയ്യം ഗ്രന്ഥശാലാസംഘം പ്രശംസനീയമായി വിനിയോഗിച്ചിട്ടുമുണ്ടു്. മൂന്നുകൊല്ലം മുമ്പു തിരുവിതാംകൂറിൽ മാത്രമായി ഏകദേശം മുന്നൂറു വായനശാലകളായിരുന്നു ഗ്രന്ഥശാലാസംഘത്തോടു സംഘടിതമായി ഉണ്ടായിരുന്നതെങ്കിൽ, ഇന്നു തിരുവിതാംകൂറിലും കൊച്ചിയിലുംകൂടി ഗ്രാൻറിനർഹതയുള്ളവയായി ആയിരത്തിഅഞ്ഞൂറോളം ഗ്രന്ഥശാലകളാണുള്ളതു്. അതു നിശ്ചയമായും അഭിനന്ദനീയമാണു്. എന്നാൽ ആ മുന്നൂറു വായനശാലകളുള്ളകാലത്തു തിരുവിതാംകൂർ ജനകീയ ഗവൎമ്മെൻറു ഗ്രന്ഥശാലകൾക്കു ഗ്രാൻറു കൊടുക്കുന്നതിനായി അനുവദിച്ചിരുന്ന ഒരു ലക്ഷം രൂപതന്നെയാണു് ഇന്നു് ആയിരത്തഞ്ഞൂറു വായനശാലകൾ ഗ്രാൻറ ഹിക്കുന്നതായി ഗ്രന്ഥശാലാപ്രസ്ഥാനം വികസിച്ചപ്പോൾ തിരുവിതാംകൂർ കൊച്ചി ഗവൎമ്മെൻറു് അനുവദിക്കുന്നതു്. ഇതൊരിക്കലും അഭിനന്ദനീയമല്ല. മൂന്നു കോടിയിൽപരം രൂപ വിദ്യാഭ്യാസത്തിനായി ചെലവിടുന്നു എന്നഭിമാനിക്കുന്ന ഗവൎമ്മെൻറിൻെറ ബഡ്ജററിൽ ഇത്ര നിസ്സാരമായ ഒരു തുക ആ ഭീമവ്യയം ചെയ്യുന്ന വിദ്യാഭ്യാസത്തിൻെറ പരിരക്ഷണത്തിനും പുരോഗതിയ്ക്കും വയോജനവിദ്യാഭ്യാസത്തിൻെറ വികസനത്തിനുമുതകുന്നതെന്നു മാത്രമല്ല അത്യന്താപേക്ഷിതം കൂടിയായ ഗ്രന്ഥശാലാഭിവൃദ്ധിക്കായി നീക്കിവച്ചിരിക്കുന്നു എന്ന വസ്തുതതന്നെ ഈ സംസ്ഥാനത്തിനും ഗവൎമ്മെൻറിനും ഒരുപോലെ അപമാനകരമാണു്. എന്തെന്നാൽ ജനങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ വായനശാലകൾക്കുള്ള സ്ഥാനവും അവയുടെ പ്രോത്സാഹനത്തിൽ ഗവൎമ്മെൻറിനുള്ള ചുമതലയും എന്താണെന്നു വിദ്യാഭ്യാസത്തിൽ ഇൻഡ്യയുടെ നേതൃത്വം വഹിക്കുന്നതായി വിഖ്യാതി നേടിയിട്ടുള്ള ഈ സംസ്ഥാനത്തെ ഗവൎമ്മെൻറു് അറിയുന്നില്ലെന്നാണു് ആ ബഡ്ജററു് വിജ്ഞാപനം ചെയ്യുന്നതു്. ഇതു ശരിയല്ല. വായനശാലകളുടെ കാൎയ്യത്തിൽ വളരെ ഗൗരവമായ ശ്രദ്ധ ഗവൎമ്മെൻറു് പതിപ്പിക്കേണ്ടതാണു്. പൗരത്വബോധനം ഡെമോക്രസികളുടെ അതിപ്രധാനമായ ഒരു ധൎമ്മമാണു്. അതിലേക്കു വായനശാലകളെപ്പോലെ ഉപകരിക്കുന്ന ഒരു പ്രസ്ഥാനമില്ല. അപ്രകാരം പഴയ ഗ്രാമോദ്ധാരണപദ്ധതിയിലും പുതിയ കമ്യൂണിററിപ്രോജക്ടിലും കരതോറും വായനശാലകൾക്കുള്ള സ്ഥാനം അതിപ്രധാനമായിട്ടാണു ഗണിക്കപ്പെട്ടതു്. അതിനാൽ ഇന്നല്ലെങ്കിൽ നാളെ, അതും വളരെ അടുത്തകാലത്തുതന്നെ, നിശ്ചയമായും ഗവൎമ്മെൻറു അഭിമുഖീകരിക്കേണ്ട ഒരു പ്രശ്നമാണിതു്. അതിലേക്കുള്ള പ്രാരംഭം ഇന്നുതന്നെയിടുന്നതു ഈ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിലേർപ്പെട്ടിരിക്കുന്നവൎക്കു പ്രോത്സാ

ഹജനകവും, ഗവർമ്മെൻറിനെ സംബന്ധിച്ചിടത്തോളം അവരുടെ ഭാരിച്ച ചുമതലയുടെ ലഘൂകരണവും, ജനങ്ങൾക്കു വലിയ ആശ്വാസകരവുമേ ആയിരിക്കയുള്ളു. ഭാഗ്യവശാൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിൽ ജനങ്ങൾ എവിടെയും ഇന്നു വളരെ പ്രബുദ്ധരായിട്ടുണ്ടു്. സമത്ഥമായ ഒരേജൻസി ആ പ്രബുദ്ധതയെ ഉത്തേജനം ചെയ്യാൻ പ്രാപ്തിയുള്ളതായി പ്രവത്തിക്കുന്നുമുണ്ടു്. ഉദാരമായ വീക്ഷണത്തിൽ ഉചിതമായ ഗ്രാൻറു കൊടുത്തും മററു സഹായങ്ങൾ ചെയ്തും പ്രോൽസാഹിപ്പിക്കേണ്ട കടമയേ ഗവർമ്മെൻറിവിടെ നിർവഹിക്കേണ്ടതായുള്ളു. അതിനു പകരം ഒരു നിസ്സാരതുക, അതും ഒരു ക്ലിപ്തതയുമില്ലാതെ ആണ്ടുതോറും വ്യതിചലിക്കുന്ന വിധം ഗ്രാൻറു കൊടുക്കുകയെന്ന ഇന്നത്തെ നയം അശേഷം പ്രോൽസാഹജനകമല്ല. ഒരു വായനശാലയ്ക്കു കുറഞ്ഞതു് ഇരുനൂറു രൂപായും പരമാവധി രണ്ടായിരം രൂപായും ഗ്രാൻറു കൊടുക്കുന്ന നയമാണു ഗവർമ്മെൻറ് ഇപ്പോൾ സ്വീകരിക്കേണ്ടതു്.

ഇന്നത്തെ വായനശാലകൾ പലതും മതനിഷേധകവും അസന്മാർഗികവുമായ സാഹിത്യങ്ങൾ പ്രചരിപ്പിക്കുന്ന കമ്മ്യൂണിസ്ററു കേന്ദ്രങ്ങളായി പരിണമിച്ചിരിക്കുകയാണെന്നുള്ള ഒരു പരാതി ജനമദ്ധ്യത്തിൽ പരന്നിട്ടുണ്ടു്. അതിൻെറ പരമാത്ഥം എങ്ങനെയിരുന്നാലും അബദ്ധസാഹിത്യങ്ങൾ അനിയന്ത്രിതമായി പ്രചരിക്കുന്നതിനു ഗവമ്മെൻറു സഹായധനം നൽകുകയെന്നതു ശരിയല്ല. എന്നാൽ അഭിപ്രായസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും വിശ്വാസസ്വാതന്ത്ര്യവും പാവനമായി പരിരക്ഷിക്കുവാൻ കടപ്പെട്ടിട്ടുള്ള ഗവർമ്മെൻറിന് ഒരു ഗ്രന്ഥശാലയുടെയും സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുവാൻ അധികാരമോ അവകാശമോ ഇല്ല. അതിനാൽ ഗവർമ്മെൻറുകൊടുക്കുന്ന ഗ്രാൻറു ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ അബദ്ധമല്ലാത്തതും ജനങ്ങളുടെയിടയിൽ പ്രചരിക്കണമെന്നു നിർബന്ധമുള്ളതുമായ ഗ്രന്ഥങ്ങളും പത്രങ്ങളും മാസികകളുമായും ഫർണിച്ചറായും മററും കൊടുക്കുന്നതിന് ഏർപ്പാടു ചെയ്യുകയാണു വേണ്ടതു്. ഗവർമ്മെൻറുതന്നെ പല ഗ്രന്ഥങ്ങളും റിപ്പോർട്ടുകളും പ്രസിദ്ധം ചെയ്യുന്നുണ്ടു്. സർവകലാശാലയും പല ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നുണ്ടു്. അവയെല്ലാം ജനങ്ങൾ വായിക്കേണ്ടതും ഏതു ഗ്രന്ഥശാലയും സൂക്ഷിക്കേണ്ടതുമാണു്. ഓരോ കാലത്തു പ്രസിദ്ധം ചെയ്യുന്ന നല്ല ഗ്രന്ഥങ്ങൾ തെരഞ്ഞെടുത്തു് ഗവർമ്മെൻറിനെ ഉപദേശിക്കുന്നതിനു ഗ്രന്ഥശാലാസംഘത്തിനു സാധിക്കും. അതിനാൽ ഒട്ടും വിഷമം കൂടാതെ ഇന്നത്തേക്കാൾ പ്രയോജനകരമായും ഗവർമ്മെൻറിൻെറ ലക്ഷ്യത്തിനനുരൂപമായും നടത്താവുന്നതാണിതു്. അങ്ങനെ ഗ്രന്ഥങ്ങളും പത്രങ്ങളും ഫർണിച്ചറുമായി ഗവർമ്മെൻറിൽനിന്നു കിട്ടുന്ന ഗ്രാൻറിനു പുറമെ ഏതെങ്കിലും ഗ്രന്ഥങ്ങളോ പത്രങ്ങളോ വരുത്തുന്നതിനു വായനശാലകൾക്കു സ്വന്തപണമുപയോഗിക്കാവുന്നതാണു്. ഗവർമ്മെൻറു ദുർവ്യയം ചെയ്യുന്നുവെന്ന പരാതിക്കു കാര്യവുമില്ല. എന്നു മാത്രമല്ല ഗവർമ്മെൻറിൻെറ ഉദ്ദേശ്യത്തിനും ലക്ഷ്യത്തിനും അനുരൂപമായ പ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തിനു ഗവർമ്മെൻറു ഗ്രാൻറു സഹായകവുമാകും. എന്തായാലും ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ പരിപോഷണത്തിൽ ഗവർമ്മെൻറു കൂടുതൽ കാര്യമായി ശ്രദ്ധിക്കയും കൂടുതൽ ധനസഹായം ചെയ്യുകയും അത്യാവശ്യമാണു്.

*1952 മേയ് 22-ാം തീയതിയിലെ 'മലയാളമനോരമ'യുടെ മുഖപ്രസംഗം

# ഗ്രന്ഥശാലാപ്രസ്ഥാനം

തിരു-കൊച്ചി സംസ്ഥാനത്ത് ഈ അടുത്തകാലത്തുണ്ടായിട്ടുള്ള സർഗ്ഗാത്മകവും രാജ്യശ്രേയസ്സിനു നിദാനവുമായ ഒരു നവീനാശയമാണ് ഗ്രന്ഥശാലാപ്രസ്ഥാനം. നാലഞ്ചുകൊല്ലംകൊണ്ട് ഈ പ്രസ്ഥാനം ഇത്രവേഗം ഇത്രയധികം പുരോഗമിച്ചതിൽ നമ്മുടെ ജനകീയ ഗവർമ്മെന്റിനും അഭിമാനിക്കാവുന്നതാണ്. മാറിവന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ നാട്ടിടയിൽ വിദ്യാഭ്യാസപ്രചാരണം നടത്തുന്ന ഏററവും ഉത്തമമായ ഏജൻസി ഗ്രന്ഥശാലകളാണെന്നുള്ളത് ഇന്നു ലോകം സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥമാകുന്നു. ഇവിടത്തെ സംഘടിതമായ ഗ്രന്ഥശാലാപ്രസ്ഥാനം തിരുവിതാംകൂർ പ്രദേശത്തു മാത്രമാണ് പ്രവർത്തിച്ചുവന്നതെങ്കിലും സംയോജനത്തോടുകൂടി അതു കൊച്ചിവിഭാഗത്തേയ്ക്കും ഇപ്പോൾ സംക്രമിച്ചിട്ടുണ്ട്. ഓരോ കരയിലും ഒരു വായനശാല, ഓരോ പകുതിയിലും ഒരു ഗ്രന്ഥശാല, ഓരോ താലൂക്കിലും ഒരു കേന്ദ്രഗ്രന്ഥശാല എന്ന പദ്ധതിയനുസരിച്ച് തിരു-കൊച്ചി സംസ്ഥാനം മുഴുവൻ വ്യാപിച്ച് ഒരു നെററുവർക്കുപോലെ പ്രവർത്തനം നടത്തത്തക്ക പ്ലാൻ അനുസരിച്ചാരംഭിച്ചിരിക്കുന്ന ഈ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു ഇന്നുവരെയും യഥാർഹമായ പ്രോത്സാഹനം ഗവർമ്മെന്റിൽനിന്നും ലഭിച്ചിട്ടില്ല. ഈ രാജ്യത്തെ ജനങ്ങളെ ഗ്രന്ഥശാലാപ്രവർത്തന കുതുകികളാക്കിത്തീർക്കാനായി ഗവർമ്മെന്റു ആഗ്രഹിച്ചിരുന്നതാണ്. ജനങ്ങളുടെയിടയിൽ ഇതിനെപ്പററി അസാധാരണമായ ഒരു ഉണർവ്വും ഉന്മേഷവും ഉണ്ടാകയും, ജനങ്ങൾതന്നെ ഇതിൽ മുൻകൈ എടുത്തു പ്രവർത്തിപ്പാൻ സന്നദ്ധരാകയും ചെയ്തിരിക്കുന്ന ഈയവസരത്തിൽ ഗവർമ്മെന്റ് ഇതിനെ മുക്തഹസ്തം സഹായിക്കേണ്ടതാണ്. എന്നാൽ അങ്ങിനെ ചെയ്യുന്നതിനുപകരം ഗവർമ്മെന്റു ഈ പ്രസ്ഥാനത്തെ നിരുത്സാഹപ്പെടുത്താൻ ഒരുമ്പെടുന്നതായിട്ടാണ് കാണുന്നത്. ഗ്രന്ഥശാലാപ്രവർത്തകർ തെരഞ്ഞെടുപ്പുകാലത്ത് കാൺഗ്രസ്സിനു വേണ്ടി വോട്ടുപിടിച്ചില്ലെന്നു പറഞ്ഞു ഈ പ്രസ്ഥാനത്തെ അമർച്ചവരുത്തി വൈരനിര്യാതനം നടത്താൻ ചില കാൺഗ്രസ്സ് പ്രമാണികൾ വമ്പുപറച്ചിൽ തുടങ്ങിയിരിക്കുന്നുവത്രെ. തെരഞ്ഞെടുപ്പുകാലത്തും അതിനുതൊട്ടു മുമ്പും ഈ ആരോപണംതന്നെ മറെറാരു രൂപത്തിൽ ഇതരരാഷ്ട്രീയകക്ഷികളും ഉന്നയിച്ചിരുന്നതാണ്. കാൺഗ്രസ്സിനു വോട്ടുപിടിക്കുവാൻ സർക്കാർ ചിലവിൽ ഉണ്ടാക്കിയിരിക്കുന്ന ഒരു ഏജൻസിയാണു ഗ്രന്ഥശാലാപ്രസ്ഥാനമെന്നു സോഷ്യലിസ്റ്റുപാർട്ടിയിലെയും കമ്മ്യൂണിസ്റ്റുപാർട്ടിയിലെയും നേതാക്കന്മാർ അന്നു പ്രസംഗിച്ചിരുന്നു. ഈ ആരോപണങ്ങളെല്ലാം വെറും നുണകളായിരുന്നുവെന്നുള്ളതിനു ഭിന്നകക്ഷികളുടെ ഈ ഭിന്നിച്ച ആരോപണങ്ങൾതന്നെ തെളിവാണ്. കമ്മ്യൂണിസം പ്രചരിപ്പിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രന്ഥശാലകളെന്നുള്ള വെറും ബാലിശമായ ഒരു ആരോപണവും ഇപ്പോൾ കാൺഗ്രസ്സുകാരെന്നു പറയുന്ന ചിലരിൽനിന്നും പൊന്തിവന്നിരിക്കുന്നു. ഇങ്ങിനെയുള്ള ആരോപണങ്ങളുടെ മദ്ധ്യത്തു ഗ്രന്ഥശാലാപ്രവർത്തകർ കിടന്നു വലയുന്ന ഒരു പരിതഃസ്ഥിതി

യാണിവിടെ ഉണ്ടായിരിക്കുന്നതു്. കമ്മ്യൂണിസം എന്നു കേട്ടാൽ ഒന്നുകൊണ്ടും കുലുങ്ങാത്ത നമ്മുടെ വിദ്യാഭ്യാസമന്ത്രി ഇളകി ഗ്രന്ഥശാലാപ്രസ്ഥാനത്തെ തുലച്ചുകളയാൻ ഒരുങ്ങുമെന്നായിരിക്കാം ഈ ആരോപണക്കാർ വ്യാമോഹിക്കുന്നതു്. അങ്ങിനെയൊരബദ്ധം നമ്മുടെ വിദ്യാഭ്യാസമന്ത്രി ചെയ്യുകയില്ലെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

ഗ്രന്ഥശാലാപ്രസ്ഥാനത്തിനു ഗ്രാൻറായി നീക്കിവച്ചിരിക്കുന്ന തുക വെറും ഒരുലക്ഷം രൂപാ മാത്രമാണു്. തിരുവിതാംകൂർ പ്രദേശത്തുമാത്രം പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ അനുവദിച്ച തുകയാണിതു്. അന്നു ഈ പ്രസ്ഥാനത്തിൽ മുന്നൂറു ഗ്രന്ഥശാലകൾ ഉണ്ടായിരുന്നതു് ഇന്നു ആയിരത്തിഅഞ്ഞൂറായി വർദ്ധിച്ചിട്ടുണ്ടു്. ഈ പ്രസ്ഥാനം അതിൻെറ ലക്ഷ്യത്തിലെത്തണമെങ്കിൽ കുറഞ്ഞതു് അയ്യായിരം ഗ്രന്ഥശാലകളെങ്കിലും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ ഈ ഗ്രാൻറുതുക കാര്യക്ഷമമായി വർദ്ധിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യമായിത്തീർന്നിരിക്കുന്നു. പണമില്ലെന്നുപറഞ്ഞു ഒഴിഞ്ഞുമാറുന്നതു് ഗവർമ്മെൻറിനെ സംബന്ധിച്ചു് ഏററവും വലിയ ബുദ്ധിമോശമായിരിക്കും. ടെക്സ്റ്റ് ബുക്കു വ്യാപാരത്തിൽനിന്നും പ്രതീക്ഷിക്കുന്ന ഏതാനുംലക്ഷം രൂപാ ഗ്രന്ഥശാലാപ്രസ്ഥാനത്തിൻെറ പ്രോത്സാഹനത്തിനായി മാററി വയ്ക്കുകയാണെങ്കിൽ ഒരു പ്രകാരത്തിൽ നിരുത്സാഹപ്പെടുത്തപ്പെട്ട ഗ്രന്ഥകാരന്മാരേയും പ്രസാധകന്മാരേയും അതു മറു പ്രകാരത്തിൽ പ്രോത്സാഹിപ്പിക്കുന്നതായിരിക്കും. ഗ്രന്ഥശാലകളുടെ മിനിമംഗ്രാൻറു വർദ്ധിപ്പിക്കാനും, കെട്ടിടത്തിനുഗ്രാൻറുകൊടുത്തും അകസാമാനങ്ങൾക്കും കെട്ടിടത്തിനും തടി സൗജന്യമായി നൽകിയും അങ്ങിനെ കഴിവുള്ള എല്ലാവിധത്തിലും ഈ ദേശീയപ്രസ്ഥാനത്തെ വളർത്താൻ ജോൺമന്ത്രിസഭ മുതിരണമെന്നാണു ഞങ്ങൾക്കു പറയാനുള്ളതു്.

[1952 മെയ് 30-ാം തീയതിയിലെ 'കേരളകൗമുദി' മുഖപ്രസംഗം.


## ❋ ഗ്രന്ഥശാലകളുടെ ശ്രദ്ധയ്ക്കു് ❋

**ഞങ്ങളുടെ രണ്ടു് ഉത്തമഗ്രന്ഥങ്ങൾ**

| | | |
|---|---|---|
| 1. | കണക്കുതീർക്കൽ (ഒരു ചൈനീസ് നാടകം) | 1—0—0 |
| 2. | ഏഷ്യയുടെ ആശാദീപം (മാവോ-സേ-തുങ്ങിൻെറ ജീവചരിത്രം) | 1—6—0 |

ഈ രണ്ടു പുസ്തകങ്ങൾക്കുംകൂടി 2 ക. 2 ണ. മാത്രം അയച്ചുതന്നാൽ ഞങ്ങളുടെ ചെലവിൽ രണ്ടു പുസ്തകങ്ങളും എല്ലാ വായനശാലകൾക്കും അയച്ചുതരുന്നതാണു്.

ആവശ്യപ്പെടുക!

**പീപ്പിൾസ് ബുക്കു് ഹൗസ്, തൃശ്ശൂർ.**

# നമ്മുടെ ഗ്രാൻറ് ലൈബ്രറികളും വായനശാലകളും

ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് എഴുതാനും വായിക്കാനും അറിയാവുന്നവരുടെ സംഖ്യ തിരു-കൊച്ചിയിൽ വളരെക്കൂടുതലുണ്ട്. ഇതിനു തിരു-കൊച്ചി സംസ്ഥാനം കടപ്പെട്ടിരിക്കുന്നതു് ക്രൈസ്തവ വൈദികഗണത്തോടാണെന്നുള്ളതു് മറയ്ക്കാനോ മറക്കാനോ പാടില്ലാത്ത ഒരു പച്ചപ്പരമാർത്ഥമത്രെ. അതർഹിക്കുന്ന കൃതജ്ഞത നമ്മുടെ നാട്ടിലെ ഇതര സമുദായങ്ങൾക്ക് ക്രൈസ്തവവൈദികഗണത്തോടു ഇന്നുണ്ടോ ഇല്ലയോ എന്നൊരാത്മപരിശോധന ആ സമുദായങ്ങൾക്കായി ഞങ്ങൾ വിട്ടുകൊള്ളുന്നു. ഇത്ര വളരെ വിദ്യാസമ്പന്നമായ ജനസമൂഹത്തിൽ ഗ്രന്ഥശാലകളും വായനശാലകളും പ്രതിദിനം വർദ്ധിച്ചുവരുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. വർദ്ധിച്ചുവരേണ്ടതു് ആവശ്യവുമാകുന്നു. ഈ വർദ്ധനവിനെ സർവ്വഥാ പ്രോത്സാഹിപ്പിക്കേണ്ട ഒരു കർത്തവ്യം ഗവർമ്മെൻറിനുണ്ട്. അതനുസരിച്ച് ഔദാര്യപൂർവ്വം നമ്മുടെ ഗവർമ്മെൻറ് പ്രവർത്തിക്കുന്നുണ്ടെന്നുള്ളതും ചാരിതാർത്ഥ്യജനകമാണ്. പബ്ളിക് ലൈബ്രറികൾ രണ്ടുതരമാണു് നമ്മുടെ നാട്ടിലുള്ളതു്. ഗവമ്മെൻറു വകയും പൊതുജനങ്ങളുടെ വകയും. പൊതുജനങ്ങളുടെ ഗ്രന്ഥശാലകൾക്കു് ഗവമ്മെൻറിൽനിന്നു നല്ല ഗ്രാൻറ് കൊടുക്കുന്നുണ്ട്. ഇപ്പോൾ ഏതാണ്ടു രണ്ടായിരം ഗ്രന്ഥശാലകൾ ഗ്രാൻറുവാങ്ങുന്നതുണ്ടത്രെ. ഈ ഗ്രാൻറിനു വേണ്ടി ആണ്ടിൽ 3 ലക്ഷം രൂപാ ഗവമ്മെൻറ് ചിലവഴിക്കണമെന്നും ഇപ്പോൾ ഒരുലക്ഷത്തോളമേ ചിലവഴിക്കുന്നുള്ളൂ എന്നുമാണു ഗ്രന്ഥശാലക്കാർ പറയുന്നതു്. ഗ്രാൻറു് കൂടുതൽകൊടുത്തു ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുന്നതുനല്ലതുതന്നെ. എന്നാൽ ഈ ഗ്രന്ഥശാലകളിലും വായനശാലകളിലും ശേഖരിക്കയും ഉപയോഗിക്കയും ചെയ്യുന്ന ഗ്രന്ഥങ്ങളേയും പത്രമാസികകളേയുംപററി ചിലകാര്യങ്ങൾ ഗവർമ്മെൻറിൻെറ ദൃഷ്ടിയിൽ പെടുത്തണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. കമ്മ്യൂണിസം തൻെറ നമ്പർ വൺ ശത്രുവാണെന്നു് മദിരാശിയിലെ മുഖ്യമന്ത്രി ശ്രീ രാജഗോപാലാചാരി പരസ്യമായി പ്രഖ്യാപനം ചെയ്തുകഴിഞ്ഞു. നമ്മുടെ മുഖ്യമന്ത്രി ശ്രീ എ. ജെ. ജോണും ഇതുപോലെയുള്ള ഒരു സമരപ്രഖ്യാപനമാണ് കുറവിലങ്ങാട്ടു സമ്മേളനത്തിൽവെച്ചു ചെയ്തിരിക്കുന്നതു്. കമ്മ്യൂണിസ്റ്റുകാരുടെ വിജയത്തിനുള്ള മുഖ്യകാരണം അവരുടെ പ്രചരണസാമർത്ഥ്യമാണെന്നും, ഈ പ്രചരണം നാനാവശങ്ങളിൽകൂടിയാണ് നുഴഞ്ഞുകയറുന്നതെന്നും, വിദ്യാർത്ഥികളുടെ ഇടയിൽ ഇവരുടെ പ്രചരണം വർദ്ധിച്ചുവരികയാണെന്നും, കമ്മ്യൂണിസ്റ്റുകാരുടെ ഈദൃശയത്നങ്ങളെ തടയുന്നതിനു ഗവർമ്മെൻറ് ദൃഢനിശ്ചയം ചെയ്തിരിക്കയാണെന്നും മററുമാണ് മുഖ്യമന്ത്രി പ്രസ്താവിച്ചതു്. ശ്രീ ററി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്നകാലം കമ്മ്യൂണിസ്റ്റുകാർക്കു ശുക്രദശയായിരുന്നല്ലോ. മി. എ. ജെ. ജോണിൻെറ കാലത്തു് കോൺഗ്രസ്സ് ഗവർമ്മെൻറിൻേറയും കോൺഗ്രസ്സ് പാർട്ടിയുടേയും വീക്ഷണഗതിയ്ക്കു സംഭവിച്ച ഈ വ്യതിയാനത്തിൽ തിരു-കൊച്ചി ചാരിതാർത്ഥ്യമടയുകയാണ് വേണ്ടതു്.

കമ്മ്യൂണിസ്റ്റുകാരുടെ ഒരു മുഖ്യപ്രചരണരംഗം നമ്മുടെ ലൈബ്രറികളും വായന

ശാലകളുമാണെന്ന് ഗവർമ്മെൻറ് ഇനിയെങ്കിലും അറിയണം. കമ്മ്യൂണിസ്റ്റ്സാഹിത്യത്തിൻെറ പ്രചാരത്തിനായി കോടിക്കണക്കിനാണ സോവിയററ് റഷ്യ പണം വാരിക്കോരിച്ചിലവഴിക്കുന്നത്. നമ്മുടെ ലൈബ്രറികളിലും വായനശാലകളിലും ഇവ ധാരാളം നുഴഞ്ഞു കയറിയിട്ടുണ്ട്; കയറുന്നുമുണ്ട്. പുരോഗമനസാഹിത്യം എന്ന വേഷവുമണിഞ്ഞാണ് ഈ നുഴഞ്ഞുകയററം കൂടുതൽ നടക്കുന്നത്. ഗവർമ്മെൻറ് വകയായും ഗവമ്മെൻറ് ഗ്രാൻറ നൽകിയും നടത്തപ്പെടുന്ന ലൈബ്രറികളിലും വായനശാലകളിലുംനിന്ന് കമ്മ്യൂണിസ്റ്റ്സാഹിത്യത്തെ ദാക്ഷിണ്യലേശമില്ലാതെ ഗളഹസ്തംചെയ്യേണ്ട ഒരുകത്തവ്യം ഗവമ്മെൻറിനുണ്ട്. ഗവർമ്മെൻറ് ഗ്രാൻറ നൽകുന്ന വിദ്യാലയങ്ങളിൽ ഇന്നയിന്ന പുസ്തകങ്ങളേ പഠിപ്പിക്കാവൂ എന്ന് ഗവർമ്മെൻറ് നിഷ്ക്കർഷിക്കുന്നുണ്ടല്ലോ. അതിൻെറ ഉദ്ദേശമെന്താണ്? അതാകാമെങ്കിൽ എന്തുകൊണ്ടു അങ്ങനെയൊരു നിയന്ത്രണം ഗവർമ്മെൻറ് ഗ്രാൻറ വാങ്ങുന്ന ഈ ഗ്രന്ഥശാലകളുടേയും വായനശാലകളുടേയുംമേൽ ഗവർമ്മെൻറിനു ചുമത്തിക്കൂടാ? കമ്മ്യൂണിസത്തിൻെറ പ്രചാരത്തെ തടയുവാൻ ഗവർമ്മെൻറിൽനിന്നും ഉടനടി ചെയ്യേണ്ട ഒരടിയന്തിരകാര്യമാണിതെന്നാണ് ഞങ്ങളുടെ സുദൃഢമായ അഭിപ്രായം. ഇപ്പോഠം ഉള്ള ഗ്രന്ഥശാലകളിൽ ശേഖരിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടേയും, വായനശാലകളിൽ വരുത്തി വായിക്കുന്ന പത്രമാസികകളുടേയും ഒരു ലിസ്ററ എത്രയുംവേഗം വരുത്തി പരിശോധിക്കേണ്ടതാണ്. ലിസ്റ്റ് വരുത്തി പരിശോധിയ്ക്കാൻ എളുപ്പക്കുന്നവരുടെ കാര്യത്തിലും ഗവർമ്മെൻറ് സൂക്ഷിക്കണമെന്ന് പറയാതെ തരമില്ലാത്ത ഒരു പരിതഃസ്ഥിതിയാണ് നമ്മുടെ നാട്ടിൽ വന്നു വശായിരിക്കുന്നത്. അത്യാവശ്യമായിത്തീന്നിരിക്കുന്ന ഈ ശുദ്ധീകരണക്രിയ എത്രവേഗം നിർവ്വഹിക്കുന്നോ അത്രയ്ക്കു് നല്ലതാണെന്ന് ഞങ്ങഠം ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇങ്ങനെ ചെയ്യുന്ന കൂട്ടത്തിൽ നമ്മുടെ കോളജുകളിലേയും സ്കൂളുകളിലേയും ലൈബ്രറികളും വായനശാലകളുംകൂടി ഉഠംപ്പെടുത്തുന്നതു് നന്നായിരിക്കും. അപ്പോഠഅറിയാം കാറേറതുവഴിക്കാണ് ഊതിക്കൊണ്ടിരിക്കുന്നതെന്ന്.

[1127 ഇടവം 7-ാം തീയതിയിലെ ദീപിക' മുഖപ്രസംഗം].


# വായനശാലകളോട്

## കൊറിയൻസമരഭീകരത എത്രമാത്രമുണ്ട് ?

ഫുട്ട്പാത്തു്, അതിന്റെ ജീവിതകഥ—യാഥാർത്ഥ്യത്തിന്റെ നഗ്നചിത്രം—നിങ്ങളോടു വിവരിക്കുന്നു— അതിൻെറ സ്വാരസ്യം എത്രകണ്ടുണ്ട്?

ഉത്തരം "ഡേഞ്ചർ ലൈററ്" തരും

By K. V. മണലിക്കര — വില 12 ണ.

വായനശാലകഠംക്കു് 25% കമ്മീഷൻ

അപേക്ഷിക്കുക— K. V. Press & Publishing House
*Manalikara, Thackalai.*

# കാലോചിതമായ നടപടി

........ഈയിടെ കൊണ്ടാടിയ ഗ്രന്ഥശാലാവാർഷികയോഗത്തിലെ റിപ്പോർട്ടിൽ നിന്നും അറിയുന്നതു് ഏതാണ്ടു് 1500 ന് മേൽ ഗ്രന്ഥശാലകൾ നമ്മുടെ സംസ്ഥാനത്തു് ഇപ്പോൾ ഉണ്ടെന്നാകുന്നു. ഈ ഗ്രന്ഥശാലകൾ എല്ലാം പബ്ളിക്ക് ഗ്രന്ഥശാലകളുമാണു്. ഇതിലെല്ലാം സോവിയററു് ഗ്രന്ഥങ്ങളും കമ്മ്യൂണിസ്റ്റ് സാഹിത്യങ്ങളും കടന്നുകൂടിയാൽ എന്തൊരു വിപത്താണു് നമ്മുടെ നാടിനു് വന്നുചേരാൻ പോകുന്നതു്! ഈ പ്രശ്നത്തെപ്പററി ഗാഢമായി നമ്മുടെ ജനസാമാന്യം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിയ്ക്കുന്നു എന്നു പറയാതെ തരമില്ല. ഈ ഗ്രന്ഥശാലകൾ എല്ലാം സംഘടിച്ചു കഴിഞ്ഞുവെന്നോ ഉടനെ സംഘടിക്കുമെന്നോ ആണു് കേൾക്കുന്നതു്. ഇതു് സംഘടനയുടെ കാലമാണല്ലൊ. അങ്ങനെയാണെങ്കിൽ ഗവമ്മെൻറിൻെറ ഗ്രന്ഥശാലാഗ്രാൻറ് ഏർപ്പാടിൽ നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകൾ എല്ലാംതന്നെ വന്നുചേന്നേക്കും. ഗ്രന്ഥശാലകളിലെ ഗ്രന്ഥങ്ങളുടെ കാര്യത്തിൽ യുക്തമായ നിയന്ത്രണം ചുമത്താൻ ഗവർമ്മെൻറ് വിചാരിച്ചാൽ സാധിയ്ക്കും. ഗവർമ്മെൻറ് അതിനു് പുറപ്പെടുമ്പോൾ പൌരസ്വാതന്ത്ര്യത്തിന്മേലുള്ള കയ്യേററം എന്ന മുറവിളി ഉണ്ടാകുമെന്നു നമുക്കു വിചാരിക്കാം. അതു് കണ്ടും കേട്ടും ഭയപ്പെടേണ്ട കാര്യം നമ്മുടെ കോൺഗ്രസ്സ ഗവർമ്മെണ്ടിനു ഉണ്ടാകേണ്ടതില്ല. റെയിൽവേ ബുക്ക് സ്റ്റാളുകളിൽ സോവിയററു് ഗ്രന്ഥങ്ങൾ വില്ക്കാൻ പാടില്ല എന്നു് കേന്ദ്രത്തിലെ കോൺഗ്രസ്സു് ഗവർമ്മെൻറിനു കല്പിക്കാമെങ്കിൽ ഗ്രാൻറ് വേണമെങ്കിൽ കമ്മ്യൂണിസ്റ്റ് ഗ്രന്ഥങ്ങൾ ഗ്രന്ഥശാലയിൽ കയററിക്കൂടാ എന്നു കല്പിക്കാനുള്ള അവകാശവും അധികാരവും നമ്മുടെ കോൺഗ്രസ്സു് ഗവർമ്മെൻറിനും ഉണ്ടാകണമല്ലൊ. ഇക്കാര്യത്തിൽ ഗവർമ്മെൻറിൻേറയും പൊതുജനങ്ങളുടേയും സത്വരമായ ശ്രദ്ധ പതിഞ്ഞുകാണുവാനാണു് രാജ്യക്ഷേമകാംക്ഷികൾ ആഗ്രഹിക്കുന്നതു്.

[1127 മിഥുനം 7-ാം തിയതിയിലെ 'ദീപിക' മുഖപ്രസംഗത്തിൻെറ ഒരു ഭാഗം].

# "ആ വാദമുഷ്ടി"

## കെ. ബാലരാമപ്പണിക്കർ

(തുടർച്ച)

വാസവദത്തയുടെ മരണാനന്തരഗതിയെപ്പററിയും മി. പിള്ള തൻെറ പഴയവാദം ആ ലേഖനത്തിൽ ആവർത്തിച്ചിട്ടുണ്ടു്. "ആശാൻ തുഷിതസ്വർഗ്ഗത്തെപ്പററി പ്രസ്താവിച്ചതു് അതു് നിർവ്വാണതുല്യമോ നിർവ്വാണംതന്നെയോ ആയതുകൊണ്ടാണെന്നു് ബുദ്ധമതക്കാരുടെതന്നെ വിശ്വാസത്തിൽ നിന്നറിയാം; എന്തെന്നാൽ അവരുടെ അഭിപ്രായത്തിൽ ശ്രീ ബുദ്ധനും എല്ലാ ബുദ്ധാവതാരങ്ങളും തുഷിതസ്വർഗ്ഗത്തിൽ നിന്നാണു് ഉണ്ടാകുന്നതു്; ആ സ്ഥിതിക്കു് അതു മോക്ഷതുല്യമായ വൈകുണ്ഠംപോലെയാണു് കവി ഗണിച്ചതെങ്കിൽ അതിൽ അദ്ഭുതമൊന്നുമില്ല"—എന്നാണു് മി: ദാമോദരൻപിള്ളയുടെ പ്രസ്താവന. വായനക്കാർ ഈ ഭാഗം ഒന്നു ശ്രദ്ധിച്ചുവായിച്ചാൽ മി: ദാമോദരൻപിള്ള ആരെന്നും അദ്ദേഹത്തിൻെറ ബുദ്ധമതവിജ്ഞാനമെത്രയെന്നും അവർക്കു മനസ്സിലാകുവാൻ പ്രയാസമില്ല. നാലു സിദ്ധാന്തങ്ങളാണു് ഈ അഭിനവബുദ്ധിമാൻ ഈ പ്രസ്താവനമൂലം ഇവിടെ അവതരിപ്പിക്കുന്നതു്. തുഷിതസ്വർഗ്ഗം നിർവ്വാണംതന്നെയെന്നാണു് അവയിൽ ഒന്നാമത്തേതു്. തുഷിതസ്വർഗ്ഗത്തിൻെറ സ്വരൂപമെന്തെന്നു നാം ധരിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ. പുണ്യംകൊണ്ടു പ്രാപ്യവും ജന്മാദികളും പിതൃപുത്രബന്ധവും മററുമുള്ള ഒരു പരിഷ്കൃതലോകമെന്നേ തുഷിതസ്വർഗ്ഗത്തെ എണ്ണുവാൻ നിവൃത്തിയുള്ളു. ജന്മാദികൾ അവിദ്യാജന്യങ്ങളും അവിദ്യാമയങ്ങളുമാണെന്നും ക്ഷണികവസ്തുക്കളിൽ സ്ഥിരത്വബുദ്ധിയാണു് അവിദ്യയെന്നും ക്ഷണികത്വഭാവനാപരിപാകംകൊണ്ടു് (വിദ്യാസംസ്കാരംകൊണ്ടു്) ഉണ്ടാകുന്ന സ്ഥിരത്വബുദ്ധിസംസ്കാരനാശമാണു് നിർവ്വാണമെന്നും സിദ്ധാന്തിക്കുന്ന ബുദ്ധമതമനുസരിച്ചു് അവിദ്യാമയമായ തുഷിതസ്വർഗ്ഗത്തെ—ജനനാദിവികാരപൂർണ്ണമായ ഒരു ലോകത്തെ അവിദ്യാസ്തമായ രൂപമായ–സർവ്വവികാരനിർമുക്തമായ നിർവ്വാണമായി എണ്ണുക മി: ദാമോദരൻപിള്ളയ്ക്കല്ലാതെ വേറെ ആർക്കും സാദ്ധ്യമല്ല.

അദ്ദേഹത്തിൻെറ രണ്ടാമത്തെ സിദ്ധാന്തം തുഷിതലോകവും നിർവ്വാണവും ഒന്നെന്നു ബുദ്ധമതക്കാരുടെതന്നെ വിശ്വാസത്തിൽനിന്നറിയാം എന്നാണു്. അമ്പോ! ഇതു ഏതു നാട്ടിലെ ബുദ്ധമതക്കാരുടെ വിശ്വാസത്തിൽനിന്നാണു് അറിവായതു്? ബുദ്ധമതസിദ്ധാന്തങ്ങൾ ഗ്രഹിക്കുവാൻ നാം ഇന്നു് പ്രധാനമായി അവലംബമാക്കുന്നതു് സർവ്വദർശനസംഗ്രഹം (സായണമാധവകൃതം) സർവ്വദർശനകൗമുദി (മാധവാനന്ദസരസ്വതീകൃതം) എന്നീ ഗ്രന്ഥങ്ങളേയാണു്. അവയിൽ മററു ദർശനങ്ങളോടൊപ്പം ബൗദ്ധദർശനവും ശാസ്ത്രീയമായ നിലയിൽ നിരൂപണംചെയ്തിട്ടുണ്ടു്. ബ്രഹ്മസൂത്രം രണ്ടാംഅദ്ധ്യായം രണ്ടാംപാദവും അതിൻെറ ഭാഷ്യവും അതിൻെറ വ്യാഖ്യാനങ്ങളും ബൗദ്ധമതതത്വങ്ങൾ ഗ്രഹിക്കുവാൻ നമ്മെ വളരെയേറെ സഹായിക്കുന്നു.

സിദ്ധാന്തബിന്ദു,ന്യായരത്നാവലി മുതലായ ഗ്രന്ഥങ്ങളിലും ബൗദ്ധതത്ത്വവിവരണങ്ങൾ ഉണ്ടു്. ഇംഗ്ലീഷിലും സംസ്കൃതത്തിലുംഎഴുതപ്പെട്ട ബുദ്ധചരിതങ്ങളും ജാതകഥകളും നമുക്കു ലഭിക്കുന്നുണ്ടു്. അവയിൽ കണ്ട പ്രകാരമാണു് സ്വർഗ്ഗമോക്ഷങ്ങളേയും തത്പ്രാപ്തിയോഗ്യതകളേയും ഞാൻ കീഴിൽ വിവരിച്ചിട്ടുള്ളതു്. അവയിലെങ്ങും തുഷിതസ്വർഗ്ഗത്തേയും നിർവ്വാണത്തേയും അഭിന്നമായി വിവരിക്കുന്ന യാതൊരു പ്രസ്താവനകളും എനിക്കു കാണ്മാൻ കഴിഞ്ഞിട്ടില്ല. ശാസ്ത്രദൃഷ്ട്യാനോക്കുന്നപക്ഷം അങ്ങിനെ ഉണ്ടാകാനും ഇടയില്ല. പിന്നെ മി: ദാമോദരൻപിള്ള ഇതു് എങ്ങിനെ എവിടെനിന്നറിഞ്ഞു എന്നു ചോദ്യമുണ്ടാകാം. മി: ദാമോദരൻപിള്ളയെ അറിയാവുന്നവൎക്കു് അതിലൊന്നും അദ്ഭുതം തോന്നുകയില്ല.

അദ്ദേഹത്തിൻെറ മൂന്നാമത്തെ സിദ്ധാന്തം ശ്രീബുദ്ധനും എല്ലാ ബുദ്ധാവതാരങ്ങളും തുഷിതസ്വർഗ്ഗത്തിൽനിന്നാണു് ഉണ്ടാകുന്നതു് എന്നാത്രേ. ഈ വാക്യത്തിൻെറ പൊരുളും എന്തെന്നു വ്യവച്ഛേദിക്കുക അത്ര എളുപ്പമായി തോന്നുന്നില്ല. ശ്രീബുദ്ധനായി നിർവ്വാണം പ്രാപിച്ച സിദ്ധാൎത്ഥൻ തുഷിതസ്വർഗ്ഗത്തിൽനിന്നും പോന്നു് ഭൂമിയിൽ മായാദേവിയിൽ ജനിച്ചു എന്നു ബുദ്ധചരിതങ്ങളിൽ കാണുന്നുണ്ടു്. അതുപോലെ ഗൗതമബുദ്ധനും ബുദ്ധനായി തീരുന്നതിനുമുൻപു് അനേകം പൂൎവ്വജന്മങ്ങൾ ഉണ്ടായിരുന്നു എന്നും ജാതകകഥകളും മററു ചരിത്രഗ്രന്ഥങ്ങളും പ്രസ്താവിക്കുന്നു. എന്നാൽ നിർവ്വാണപ്രാപ്തിക്കുശേഷം ബുദ്ധനു് ജനനമോ അവതാരങ്ങളൊ തുഷിതസ്വർഗ്ഗംപോലുള്ള ഒരു ലോകവുമായിട്ടു് എന്തെങ്കിലും ബന്ധമോ ഉണ്ടായതായി വൎണ്ണിച്ചു് എങ്ങും കേട്ടിട്ടില്ല. നിർവ്വാണനിമഗ്നന്മാൎക്കു ജനനവും അവതാരവും പിന്നെ ഉണ്ടാകാറില്ലെന്നു് കരുണയിലെ അവസാനത്തെ വരിയും നമ്മോടു പറയുന്നു. അതുകൊണ്ടു് നിർവ്വാണനിമഗ്നനായ ബുദ്ധനു് വിഷ്ണുവിനെ എന്നപോലെ അവതാരം ഉണ്ടാകുന്നതല്ല. ബുദ്ധനായി നിർവ്വാണം പ്രാപിച്ചതിനു മുൻപുള്ള അദ്ദേഹത്തിൻെറ അബുദ്ധാവസ്ഥയിലെ പൂർവ്വജന്മങ്ങളെ ബുദ്ധൻെറ അവതാരങ്ങളായി ഗണിക്കുകയും വ്യവഹരിക്കുകയും ചെയ്യാവുന്നതുമല്ല. ജനനമരണങ്ങൾക്കു് വിധേയമെന്നു് മി: ദാമോദരൻപിള്ളതന്നെ വൎണ്ണിക്കുന്ന തുഷിതസ്വൎഗ്ഗത്തെ നിർവ്വാണമായും മോക്ഷമായും പിന്നെയും ചിത്രീകരിക്കുകയാണു് അദ്ദേഹം ഈ സിദ്ധാന്തംകൊണ്ടു് ചെയ്തിരിക്കുന്നതു്.

നാലാമതും ഒരു അഭിപ്രായം ഈപ്രസ്താവനമൂലം അദ്ദേഹം പുറത്തു കൊണ്ടുവന്നിരിക്കുന്നു. തുഷിതസ്വർഗ്ഗം മോക്ഷതുല്യമായ വൈകുണ്ഠംപോലെയാണു് കവി ഗണിച്ചതെങ്കിൽ അതിൽ അദ്ഭുതമില്ല എന്നാണു് മി:പിള്ള പറയുന്നതു്. കവി അങ്ങിനെ ഗണിച്ചെങ്കിൽ അതു തീൎച്ചയായും അദ്ഭുതകരമായി തീരുമായിരുന്നു വെന്നാണു് എനിക്കുതോന്നുന്നതു്. ഭാഗ്യം കൊണ്ടു് അദ്ദേഹം അങ്ങിനെ ഗണിച്ചിട്ടില്ല. ഉപഗുപ്തനു് നിൎവ്വാണനിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കു വരണമെന്ന അപേക്ഷ സമൎപ്പിക്കുന്ന കവി ജനനമരണാദ്യവസ്ഥാശൂന്യമാണു് നിർവ്വാണമെന്നു ധരിച്ചിരിക്കുന്നതിനാൽ അമരാധിവാസസ്ഥാനവും പുണ്യലോകങ്ങളിലൊന്നുമായ തുഷിതലോകസ്വർഗ്ഗത്തെ നിൎവ്വാണമെന്നു ധരിക്കുകയില്ലെ എന്നതിനു് കരുണതന്നെ ഒരു തെളിവാണു്. വിശേഷിച്ചും "ബുദ്ധമാതാവെഴും പുണ്യലോകം പൂകുക" എന്നു

പ്രസ്താവിച്ചിരിക്കുന്ന കവി, തുഷിതസ്വർഗ്ഗത്തെ പുണ്യം കൊണ്ടു് സത്കർമ്മഫലം കൊണ്ടു നേടാവുന്ന ഒരു ലോകമായിട്ടല്ലാതെ, "സർവ്വം ദുഃഖം ദുഃഖം സ്വലക്ഷണം സ്വലക്ഷണം ക്ഷണികം ക്ഷണികം ശൂന്യം ശൂന്യം" എന്നിങ്ങനേയുള്ള നിരന്തരചിന്തനത്തിൽ നിന്നും ഉദിക്കുന്ന ജ്ഞാനദാർഢ്യം കൊണ്ടു നേടേണ്ട അവിദ്യാധ്വംസരൂപവും ആത്മോച്ഛേദരൂപവുമായ നിർവ്വാണമായി ധരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

തുഷിതസ്വർഗ്ഗവും വൈകുണ്ഠംപോലെയാണു് എന്ന പ്രസ്താവനയും ശരിയോ എന്നു സംശയം തോന്നുന്നു. തുഷിതസ്വർഗ്ഗം സത്കർമ്മഫലംകൊണ്ടും ലഭ്യവും ജനനാദ്യവസ്ഥകളും പിതൃപുത്രബന്ധവുമുള്ളതുമായ പുണ്യലോകങ്ങളിൽ ഒന്നു് എന്നു് ഇപ്പോൾ പലകുറി പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ വൈകുണ്ഠത്തെയാകട്ടെ ഭക്തിയും പ്രപത്തിയും (ജ്ഞാനം) കൊണ്ടു ലഭ്യവും ക്രമമുക്തിസ്ഥാനവുമായ ബ്രഹ്മലോകമായിട്ടാണു വൈഷ്ണവന്മാർ വർണ്ണിക്കുന്നതു്. ഇവയ്ക്കു തമ്മിൽ സാമ്യമുണ്ടെന്നു വാദിക്കുക വിവേകികൾക്കു് സാദ്ധ്യമാകുമെന്നു തോന്നുന്നില്ല.

വാസവദത്ത മരിച്ചു് തുഷിതസ്വർഗ്ഗമാണു പ്രാപിച്ചതു്. "ബുദ്ധമാതാവെഴും പുണ്യലോകം പൂകുക" "അമരസല്ലാപം കേൾക്കായരലാലിന്മേൽ" "പൊങ്ങിമിഴികളൂർദ്ധ്വലോകദിദൃക്ഷയാൽ" എന്നീ ഭാഗങ്ങൾ കൊണ്ടു് അമരാധിവാസസ്ഥാനവും ഊർദ്ധ്വലോകങ്ങളിൽ ഒന്നുമായ ഒരു പുണ്യലോകത്തേക്കാണു് വാസവദത്ത പോയതെന്നു് കവി തന്നെ വ്യക്തമായി പ്രസ്താവിക്കുന്നു. ആ ലോകത്തിന്റെ പേരു തുഷിതസ്വർഗ്ഗമെന്നാണെന്നും അതിന്റെ സ്വരൂപമെന്തെന്നും പ്രതിപാദിച്ചുകഴിഞ്ഞു. അതുകൊണ്ടു് വാസവദത്തയുടെ തുഷിതസ്വർഗ്ഗപ്രാപ്തിയെക്കുറിച്ചു് ഇനി സംശയിക്കുവാൻ വഴിയില്ല. തുഷിതസ്വർഗ്ഗവും നിർവ്വാണവും ഒന്നല്ലെന്നും അവയ്ക്കു തമ്മിൽ മഹത്തായ അന്തരമുണ്ടെന്നും സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ വാസവദത്ത തുഷിതസ്വർഗ്ഗമാകുന്ന നിർവ്വാണം പ്രാപിച്ചു എന്ന വാദവും നിലനില്ക്കുന്നതല്ല. വാസവദത്ത നിർവ്വാണമല്ല പ്രാപിച്ചതെങ്കിൽ "ശാശ്വതശാന്തിധനം മുക്തിപാത്രം, പരിനിർവ്വാണം" എന്നീ പദപ്രയോഗങ്ങൾക്കു് എന്തു് ഔചിത്യം എന്നൊരു പൂർവ്വപക്ഷം കാണുന്നുണ്ടു്. അതു് സമാധാനമർഹിക്കുന്നുണ്ടു് എന്നതിൽ പക്ഷാന്തരമില്ല. ആ സമാധാനം "വിചാരവേദി"യിൽ വിവരിച്ചുകഴിഞ്ഞു എന്നതാണു് സത്യം. എന്നാലും പ്രകൃതത്തിലും ആ ഒരു വിമർശനം ആവശ്യമായിരിക്കുന്നു. വാസവദത്ത നിർവ്വാണഭിന്നമായ തുഷിതലോകത്തെയാണു് പ്രാപിച്ചതു് എന്നതു് നിശ്ചയമാണെങ്കിൽ ശേഷം കാര്യങ്ങൾ അതിനു അനുഗുണമായി വ്യാഖ്യാനിക്കതന്നെ വേണം. താത്പര്യാധീനമാണു് ശബ്ദവ്യാപാരം എന്നതു് ഉറപ്പും സമ്മതിയും ലഭിച്ചിട്ടുള്ള ഒരു സിദ്ധാന്തമാണു്. "ഹരിയേ നമസ്കരിക്കുന്നു" എന്ന വാക്യത്തിൽ ഹരിപദത്തിനു് തത്ത, കുരങ്ങു്, സർപ്പം, തവള എന്നെല്ലാം അർത്ഥം വരുമെങ്കിലും നമസ്കാര്യന്മാരായ വിഷ്ണു തുടങ്ങിയ വിശിഷ്ടന്മാരിൽ ഒന്നിനോ അർത്ഥം നൽകുവാൻ നിവൃത്തിയുള്ളു. "ശംഖചക്രസഹിതനായ ഹരിയെ നമസ്കരിക്കുന്നു" എന്നിടത്തു് ഹരിശബ്ദത്തിനു വിഷ്ണു എന്നുതന്നെ അർത്ഥം സിദ്ധിക്കുന്നു. അതുപോലെ "സൈന്ധവം കൊണ്ടുവരുക" എന്നു യാത്രാരംഭത്തിൽ പറഞ്ഞാൽ കുതിരയെന്നും ഭക്ഷണസമയത്തു പറഞ്ഞാൽ ഉപ്പെന്നുമേ വിവേകികൾ

ധരിക്കൂ. അനേകാർത്ഥങ്ങൾ ഉള്ള പദങ്ങളുടെ അർത്ഥനിർണ്ണയത്തിനു ഉപയോഗിക്കുന്ന ഈ വക മര്യാദകൾ പ്രകൃതത്തിൽ പരിനിർവ്വാണപദത്തിന്റെ കാര്യത്തിലെങ്കിലും പരിപാലിക്കേണ്ടിയിരിക്കുന്നു. നിർവ്വാണപദത്തിനു മോക്ഷമെന്നും നാശമെന്നും അർത്ഥമുണ്ടു്. പരി എന്ന ഉപസർഗ്ഗം ചേർത്തും നിർവ്വാണപദം രണ്ടർത്ഥത്തിലും പ്രയോഗിക്കാവുന്നതാണു്. അതുകൊണ്ടു് നിർവ്വാണഭിന്നമായ തുഷിതസ്വർഗ്ഗം പ്രാപിച്ച വാസവദത്ത പരിനിർവ്വാണം പ്രാപിച്ചു എന്നു പറഞ്ഞാൽ അവൾ നശിച്ചു— മരിച്ചു എന്നല്ലാതെ നിർവ്വാണം പ്രാപിച്ചു (മോക്ഷം) എന്നു് സാമാന്യം ബുദ്ധിയുള്ളവരിൽ ആരും ധരിക്കുമെന്നുതോന്നുന്നില്ല. പുനരാവൃത്തിയുള്ള ഊർദ്ധ്വലോകഗതിയെ സോപാ (ദി) ധിശേഷ പരിനിർവ്വാണപദംകൊണ്ടോ വ്യവഹരിക്കുന്ന പതിവും ബുദ്ധമതത്തിൽ ഉണ്ടു്. വാസവദത്തയുടെ തുഷിതസ്വർഗ്ഗപ്രാപ്തി അത്തരമെന്നാണെന്നു് ബൗദ്ധപുരാണങ്ങളും നമ്മോടു പറയുന്നു. അതുകൊണ്ടു് പരിനിർവ്വാണപദംവെച്ചുകൊണ്ടുമാത്രം വാസവദത്ത നിർവ്വാണം പ്രാപിച്ചു എന്നു് വാദിക്കുന്നതു ശരിയല്ല. കരചരണനാസികാച്ഛേദത്തോടുകൂടി നിർവ്വാണയായിത്തീർന്ന— നശിച്ച—മരിച്ച വാസവദത്ത ഉപഗുപ്താഗമനത്തിനുശേഷം പൂർണ്ണമായും —മരിച്ചു എന്ന സഖീശോകകാരണത്തെ ഉന്നയിക്കുവാനാണു് 'പരി' എന്ന ഉപസർഗ്ഗം പ്രയുക്തമായിരിക്കുന്നതു്. പരിനിർവ്വാണയായ പ്രിയസ്വാമിനി എന്ന പ്രയോഗവും പ്രത്യേകം ശ്രദ്ധേയമാണു്. പരിനിർവ്വാണം പ്രാപിച്ചു' പരിനിർവ്വാണം ഗമിച്ചു — എന്നെല്ലാമാണു് മുക്ത്യർത്ഥകമായ പരിനിർവ്വാണപദം പ്രയോഗിക്കപ്പെടാറുള്ളതു്. അതുപോലെ "സഹിച്ചപരിദേവനയാൽ പാപമുക്തയും അവയവച്ഛേദപൂർണ്ണതമു

ള്ള അനുഭവങ്ങളും ഉപഗുപ്തോപദേശങ്ങളും കൊണ്ടു് അവിദ്യാപ്രവാഹത്തിൽനിന്നും വിദ്യാമാർഗ്ഗത്തിൽ പ്രവേശിക്കുവാൻ പോകുന്നവളുമായ വാസവദത്ത മുക്തിപാത്രമായി എന്നു് പറഞ്ഞാൽ മുക്തിക്കു അർഹയായി എന്നല്ലാതെ മുക്തയായി എന്നു അർത്ഥം ധരിക്കുക പ്രയാസം തന്നെ. വിദ്യയുടെ ഫലം മുക്തിയാണു്. പാപകർമ്മം ക്ഷയിച്ചാൽ വിദ്യ (മോക്ഷസാധകമായ ജ്ഞാനം) ലഭിക്കുമെന്നു് "ജ്ഞാനമുത്പദ്യതേപുംസാംക്ഷയാത് പാപസ്യകർമ്മണഃ" എന്ന ചൊല്ലുതന്നെ ഒരു തെളിവു നൽകുന്നു. വിദ്യാഫലമായ മുക്തി വിദ്യാലബ്ധിക്കു മുമ്പു ലഭിക്കുക സാദ്ധ്യമല്ലല്ലോ? കരുണയിൽ "സഹജേനീമുക്തിപാത്രമായ" എന്നു പറഞ്ഞതിനു ശേഷമാണു് "ശ്രദ്ധയാർന്നു വിദ്യയിനി ശ്രവിക്കുക" എന്നു് ഉപഗുപ്തൻ പറയുന്നതു്. മുക്തയായി കഴിഞ്ഞെങ്കിൽ പിന്നെ എന്തിനു വിദ്യ ഗ്രഹിക്കുന്നു? വിദ്യകൂടാതെ മുക്തി പ്രാപിക്കുക സാദ്ധ്യമല്ലെന്നു് ബൗദ്ധന്മാരും മററു മോക്ഷശാസ്ത്രകാരന്മാരും വാദിക്കുന്നുണ്ടു്. വിദ്യ ഗ്രഹിക്കാത്ത വാസവദത്തയോടാണു് ഉപഗുപ്തൻ "സഹജേ നീ മുക്തിപാത്രമായി" എന്നു പറയുന്നതു്. ഇവിടെ ക്ഷീണപാപിയായ നീ വിദ്യവഴി മുക്തിനേടുവാൻ അർഹയായി എന്നല്ലാതെ മറെറാന്നു അർത്ഥം ഗ്രഹിക്കുവാൻ കഴിയും? വിദ്യാമാർഗ്ഗത്തിൽ പ്രവേശിക്കുവാൻ പോകുന്ന വാസവദത്തയ്ക്കു് മുക്തി—നിർവ്വാണം ലഭിക്കണമെങ്കിൽ വിദ്യാദാർഢ്യംവഴിയുള്ള വിദ്യാച്ഛേദമോ അവിദ്യാച്ഛേദം വഴിയുള്ള അവിദ്യാദാർഢ്യമോ ആവശ്യമാണെന്നു് ബൗദ്ധദർശനം ഉദ്ഘോഷിക്കുന്നുണ്ടു്. അതിനു അനേകം ജന്മങ്ങൾതന്നെ അവൾക്കു ആവശ്യമായി വരാം. ഏതായാലും പാപകർമ്മ മററു വിദ്യ ഗ്രഹിക്കുവാൻ പോകുന്ന അവൾ മുക്തിയിൽതന്നെ ചെന്നെത്തുമെന്നതിൽ സംശയമില്ല. അതുകൊണ്ടാണു

വാസവദത്തയെ മുക്തിക്കുയോഗ്യ — അഹ എന്ന അൎത്ഥത്തിൽ മുക്തി പാത്രയെന്നു വൎണ്ണിച്ചതു്. പാത്രപദത്തിനു യോഗ്യം എന്നു് അൎത്ഥമുണ്ടെന്നു കിട്ടുവാൻ "യോഗ്യഭാജനയോഃപാത്രം" എന്ന കോശവാക്യത്തെ പ്രമാണമാക്കാവുന്നതാണു്. അതുകൊണ്ടു് മുക്തിപാത്ര'ദം വച്ചുകൊണ്ടു് വാസവദത്ത നിൎവ്വാണം പ്രാപിച്ചുവെന്നോ തുഷിതസ്വൎഗ്ഗം നിൎവ്വാണം തന്നെയെന്നോ സ്ഥാപിക്കുന്നതു യുക്തമല്ല.

ഇനി "ശാശ്വതശാന്തിധനം" എന്ന പദമാണു് ശേഷിക്കുന്നതു്. ഉപദേശത്തിന്റെ ഒരു ഘട്ടത്തിൽ അവിദ്യയെ ജയിച്ചു് തൃഷ്ണാദികളെ അകററി പാപമൊഴിച്ചു ദുഃഖരഹിതാവസ്ഥയെ കൈവരുത്തുവാൻ കാലമില്ലല്ലോ എന്നോൎത്തു കരഞ്ഞു തുടങ്ങിയ വാസവദത്തയെ സമാധാനിപ്പിച്ചുകൊണ്ടു് ഉപഗുപ്തൻ പറയുന്ന മൊഴിയിൽ പെട്ടതാണു് ഈ പദം. "സഹോദരി, നിനക്കു സംഭവിച്ച സമയനഷ്ടം നീ സാരമാക്കേണ്ട; ഗുരുദേവകാരുണ്യത്താൽ ചോരൻ അപഹരിക്കാത്ത ശാശ്വതശാന്തിധനവും മാരൻ എയ്യാൽ മുറിയാത്ത മനശ്ശോഭയും നിനക്കു് ഞൊടിയിടയിൽ കൈവരു"മെന്നാണു് ആ ധൎമ്മദൂതൻ അരുളിച്ചെയ്യുന്നതു്. ഇവിടെ ബുദ്ധോപജ്ഞമായ മാൎഗ്ഗമനുസരിച്ചു് പ്രയോഗിക്കപ്പെടുവാൻ പോകുന്ന ഉപദേശങ്ങൾവഴി ഗൃഹീതവിദ്യയാകുന്ന വാസവദത്തയ്ക്കു "അടുത്തക്ഷണത്തിൽതന്നെ വിദ്യാഫലമായി സ്ഥിരമായ ശാന്തി(ദുഃഖരഹിതാവസ്ഥ) കൈവരുമെന്നാണു് ഉപഗുപ്തൻ നിൎദ്ദേശിക്കുന്നതു്. മാരൻ എയ്യാൽ മനശ്ശോഭമുറിയുമെങ്കിൽ കാമത്താൽമനസ്സു ചലിതമാകുമെങ്കിൽ ഒരാൾക്കു ലഭിക്കുന്ന ശാന്തിശാശ്വതമാകുന്നതല്ല. കാമത്താൽ മനസ്സു ചലിതമാകുന്നതോടെ തത് ഫലമായി പരമ്പരയാപാപവും ദുഃഖവും ആ വ്യക്തിയിൽ രൂപം കൊള്ളുന്നു. രാഗാദികൾ നശിച്ചാൽ അയാളിൽ പിന്നെ ദുഃഖത്തിനു സ്ഥാനമില്ല. അവിദ്യയുടെ പിടിയിൽ നിന്നും അകന്നു് വിദ്യാമാൎഗ്ഗത്തിൽ പ്രവേശിക്കുവാൻ പോകുന്ന വാസവദത്തയ്ക്കു അവിദ്യാനാശം കൊണ്ടു് ദുഃഖനാശവും സ്ഥിരമായി—മാററമേതുമെന്യേ ഉണ്ടാകുമെന്നേ ഉപഗുപ്തൻ ഉദ്ദേശിക്കുന്നുള്ളു. വളന്റ മുറിയാൽ ഈ ശാശ്വത ശാന്തി നിൎവ്വാണമാകുമെങ്കിലും മാരനെയ്യാൽ മുറിയാത്ത മനശ്ശോഭയോടുകൂടിയ ഈ ശാശ്വതശാന്തിധനം—നിൎവ്വാണമാൎഗ്ഗത്തിലെ പ്രഥമഫലം നിൎവ്വാണമെന്നു് ഗണിക്കപ്പെടാവുന്നതല്ല. എന്തുകൊണ്ടെന്നാൽ ഇവിടെ മാരൻ എയ്യാൽ മുറിയാത്ത മനശ്ശോഭ നിലനില്ക്കുന്നു. നിൎവ്വാണാവസ്ഥയിൽ ക്ഷണികവിജ്ഞാനരൂപമായ ആത്മാവിന്റെതന്നെയും ഉച്ഛേദം സംഭവിക്കുന്നതിനാൽ അവിടെ മനസ്സിനു് ഒരു ഉത്മ പിന്നെ ശേഷിക്കുന്നതല്ല. അതുകൊണ്ടു മനസ്സിന്റെ സത്തയോടുകൂടിയ ശാശ്വതശാന്തിയെ നിവ്വാണമെന്നു കരുതുവാൻ തത്ത്വവിത്തുകൾക്കു പ്രയാസമാണു്. തന്മൂലം ശാശ്വത ശാന്തി പ്രയോഗം രാഗാദിബാധകമല്ലാത്ത മനസ്സു് വാസവദത്തയുടെ നിവ്വാണ പ്രാപ്തിയെ സൂചിപ്പിക്കുന്നു എന്ന വാദവും അൎത്ഥരഹിതമെന്നു സിദ്ധിക്കുന്നു.

(തുടരും)

# "അജ്ഞാനത്തിന്റെ ഉന്മൂലനത്തിനു് ഗ്രന്ഥശാലകൾ സഹായകമാണു്"

## പ്രസിഡന്റ് രാജേന്ദ്രപ്രസാദ്

അടുത്തകാലത്തു് റോയൽ ഏഷ്യാററിക് സൊസൈററി, ബോംബേ ശാഖയെ അഭിസംബോധനചെയ്തുകൊണ്ടു് ഇൻഡ്യയിലെ ഗ്രന്ഥശാലാപ്രവൎത്തനത്തെപ്പററി പ്രസിഡന്റ് രാജേന്ദ്രപ്രസാദ് പ്രസ്താവിച്ചതു് ഇപ്രകാരമാണു്:

"കാൎയ്യക്ഷമമായ ഒരു ഗ്രന്ഥശാലാപ്രസ്ഥാനം ആ രാജ്യത്തിലെ അജ്ഞാനോന്മൂലനത്തിനു സഹായകരമാണു്. ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് ഇൻഡ്യയിൽ ഒരു ശ്രേയസ്കരമായ ഭാവിയുണ്ടെന്നുള്ളതിൽ എനിക്കു സംശയമില്ല. സമീപഭാവിയിൽ നമ്മുടെ നഗരങ്ങളിൽ മാത്രമല്ല വിദൂരഗ്രാമങ്ങളിലും ഗ്രന്ഥശാലകൾ ഉണ്ടായിരിക്കും. അതുപോലെയുള്ള വിജ്ഞാന സമ്പാദന സ്ഥാപനങ്ങൾകൊണ്ടു മാത്രമാണു് രാജ്യത്തിനു പുരോഗമിക്കാവുന്നതു്.

നമ്മുടെ വിദ്യാഭ്യാസപദ്ധതി പ്രാചീന കാലങ്ങളിൽ ശ്രദ്ധപതിപ്പിച്ചിരുന്നതു് ഉച്ചാരണപഠം, ദൎശനം എന്നീ മാൎഗ്ഗങ്ങളിൽകൂടി ജനങ്ങളെ വിജ്ഞേയരാക്കുന്നതിനായിരുന്നു. വാസ്തവത്തിൽ നമ്മുടെ സംസ്കാരത്തിനു പ്രചാരം സിദ്ധിച്ചതും ഈ മാൎഗ്ഗങ്ങളിൽകൂടിയാണു്. ഇന്നു് അതിനു് അച്ചടിച്ച വകകളുടെ പിൻതുണ നൽകേണ്ടതുണ്ടു്. ഇക്കാൎയ്യത്തിലാണു് ഗ്രന്ഥശാലകൾക്കു് ഔചിത്യസേവനം അനുഷ്ഠിക്കുവാനുള്ളതു്.

മുൻകാലങ്ങളിൽ ഹൈക്കോർട്ടു ജസ്റ്റിസുമാർ രാജ്യത്തുള്ള കലകളുടെയും സാഹിത്യത്തിന്റെയും അഭ്യാസത്തിനു വളരെയൊക്കെ പ്രവൎത്തിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ പൗരസ്വാതന്ത്ര്യസമരത്തിന്റെ മാൎഗ്ഗദൎശികളും ആവക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥാപകന്മാരും അവരായിരുന്നു. അവർ ഭാവിയിലും അവരുടെ പാരമ്പൎയ്യം നിലനിൎത്തണമെന്നു് ഉൽബോധിപ്പിക്കുന്നു".

## ശിശുക്കളുടെ സ്വഭാവരൂപീകരണം

ബോംബെയിൽ പുതിയതായി സ്ഥാപിച്ച 'ബാലഭവൻ' എന്ന ശിശുകേന്ദ്രം ഉൽഘാടനംചെയ്തുകൊണ്ടു പ്രസിഡന്റ് രാജേന്ദ്രപ്രസാദ് ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:

"ഒരു ശിശുവിന്റെ സ്വഭാവരൂപീകരണവും അവനെ ഒരു ആദൎശപൗരനാക്കിത്തീൎക്കുന്നതും അതിപ്രധാനമായ കാൎയ്യങ്ങളാണു്; അതു് കേവലം അദ്ധ്യാപകന്മാൎക്കോ ഗ്രന്ഥങ്ങൾക്കോ വിട്ടുകൊടുക്കാവുന്നതല്ല.

ശിശുക്കളെ പഠിപ്പിക്കേണ്ടതു് ബലം പ്രയോഗിച്ചും ശിക്ഷിച്ചും വേണമെന്നു ജനങ്ങൾ വിചാരിച്ചിരുന്ന കാലം ഉണ്ടായിരുന്നു. എന്നാൽ സ്നേഹവാത്സല്യഭാവങ്ങളും അനുചിതപരിതഃസ്ഥിതികളും കൊണ്ടു മാത്രമാണു് ശിശുക്കൾക്കു മനോവികാസം ഉണ്ടാകുന്നതെന്നാണു് ആധുനികവിദ്യാഭ്യാസവിദഗ്ദ്ധന്മാരും സോഷ്യലിസ്ററുകളും വിശ്വസിക്കുന്നതു്.

ഓരോ ശിശുവും ബുദ്ധിശക്തിയും സഹൃദയത്വവുംകൊണ്ട് അനുഗൃഹീതനാണ്. ഈ ബുദ്ധിശക്തിയും സഹൃദയത്വവും എങ്ങിനെ പ്രയോജനപ്പെടുത്തണം എന്നുള്ളതായിരുന്നു പ്രശ്നം. ഒരു ശിശുവിന്റെ ഉത്തമഗുണങ്ങൾ വെളിപ്പെടുത്തുന്നതിന് ഏററവും പററിയ മാർഗ്ഗം ശരിയായ പരിശീലനമാണ്.

ഒരു മനുഷ്യന്റെയോ ഒരു ശിശുവിന്റെയോ ജീവിതം ഗ്രന്ഥപാരായണംകൊണ്ടോ പരീക്ഷാവിജയംകൊണ്ടോ നേർവഴിയിൽ എത്തിക്കാവുന്നതല്ല. വിദ്യാഭ്യാസവും ഗ്രന്ഥങ്ങളും ഒരു കാര്യസാദ്ധ്യതയ്ക്കുള്ള മാർഗ്ഗങ്ങൾ മാത്രമാണ്; അതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മറെറാരു കാര്യമുണ്ട്—സ്വഭാവരൂപീകരണം”.

അതേ തുടർന്ന് ശിശുവിന്റെ സ്വഭാവം വളർച്ചയിൽ അവന് സമുദായവുമായുള്ള ഉത്തരവാദിത്വം എന്ന തത്വങ്ങളിൽ ശിശുക്കൾക്കു കാര്യക്ഷമമായ പ്രചോദനം നൽകുന്ന ഇത്തരം അനവധി കേന്ദ്രങ്ങളുടെ ആവശ്യകത അദ്ദേഹം വിശദമാക്കി. അതു മാത്രമല്ല, രാജ്യം ഒട്ടാകെ അപ്രകാരമുള്ള ശിശുകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾക്കു ബഹുജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്തു.

‘ബാലഭവൻ’ എന്ന ശിശുകേന്ദ്രത്തിന്റെ ഉൽഘാടനയോഗത്തിൽ ബോംബേ പ്രധാനമന്ത്രി ശ്രീ. ബി. ജി. ഖെർ പ്രസ്താവിച്ചതു് ഇപ്രകാരമാണ്:

“ശിശുക്കൾക്കു അവരുടെ താല്പര്യാനുസരണം സമ്മേളിക്കുന്നതിനും അവരുടെ വളർച്ച സമ്പൂർണ്ണമാകുന്നതിനും വേണ്ട സാംസ്കാരികവും വിജ്ഞാനപരവുമായ അന്തരീക്ഷത്തോടുകൂടിയ ഒരു സ്ഥലം ഉണ്ടായിരിക്കണമെന്നുള്ള എന്റെ ദീർഘകാലസ്വപ്നങ്ങളിൽ ഒന്നിന്റെ സാഫല്യദശയെയാണ് ഇതു കുറിക്കുന്നതു്”. “നമ്മൾക്ക് ഈ ലോകത്ത് യഥാർത്ഥസമാധാനം വേണമെങ്കിലും സമരത്തിന് എതിരായി ശരിയായ ഒരു സമരം നടത്തണമെങ്കിലും നാം ശിശുക്കളെയാണ് ആദ്യമായി സമീപിക്കേണ്ടതു്” എന്നുള്ള മഹാത്മാഗാന്ധിയുടെ സന്ദേശം ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞതു് പ്രസ്തുതകേന്ദ്രം ശിശുക്കൾക്കു സ്വാത്മബോധം ഉണ്ടാകുന്നതിനു സഹായകമാണെന്നാണ്. അവനു താല്പര്യമുള്ളതും സ്വാഭിപ്രായത്തിനു അനുസരണവുമായ സൃഷ്ടിപരവും വിനോദപരവുമായ പ്രവർത്തനങ്ങൾ സ്വയം കണ്ടുപിടിച്ച് അതിൽ സ്വസ്വാതന്ത്ര്യം സംതൃപ്തി നേടാവുന്നതാണ്. അവന്റെ പൗരബോധം സഹാനുഭൂതി എന്നീ ഗുണങ്ങളെ ഉണർത്തുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നതിന് അവന് ഒരു സാമൂഹ്യജീവിതം നയിക്കാനും സാധിക്കുന്നു.

ധനികന്മാരായ മാതാപിതാക്കന്മാർക്ക് അവരുടെ ശിശുക്കൾക്ക് ശരിയായ രീതിയിൽ വളരുന്നതിനുവേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും. എന്നാൽ ഈ രാജ്യത്തിലെ ദരിദ്രരായ മാതാപിതാക്കന്മാരുടെ ശിശുക്കളുടെ കാര്യമോ. ഈ ആവശ്യം സാമാന്യമായി നിറവേററുന്നതിനുള്ള ഒരു ശ്രമമാണ് “ബാലഭവൻ?”

എന്നല്ല, ശിശുക്കളുടെ സൌഹാർദ്ദപരമായ വളർച്ചയ്ക്കും സുഖത്തിനുംവേണ്ടി സൌന്ദര്യവും സംസ്കാരവും സ്വാതന്ത്ര്യവുമുള്ള ആനുകൂല്യസാഹചര്യങ്ങൾ നൽകുന്നതിനും അങ്ങിനെ ഗൃഹങ്ങളിലും വിദ്യാലയങ്ങളിലുമുള്ള കുറവുകൾ പരിഹരിക്കുന്നതിനും ഗവമെന്റു ശ്രമിക്കുന്നതാണെന്നും അദ്ദേഹം ഉറപ്പു നൽകി.

## ബാലഭവന്റെ സൌന്ദര്യകലാപരമായ അന്തരീക്ഷം

ഇപ്പോൾ ശിശുക്കളുടെ തോട്ടമെന്ന് അറിയപ്പെടുന്ന ചാർണിറോഡു തോട്ടത്തിന്റെ സൌന്ദര്യം നിറഞ്ഞ ചുററുപാടിലും സമുദ്രത്തിന് അഭിമുഖമായും നിർമ്മിച്ചിട്ടുള്ള ബാലഭവനത്തിന് ഒരു ഗ്രന്ഥശാലയും ഗൃഹാന്തർവിനോദങ്ങൾക്കും സിനിമാപ്രദർശനത്തിനുമായുള്ള ഒരു തിയേററവും പുറമേ കായികവിനോദങ്ങൾക്കുള്ള ഒരു പാർക്കും ഉണ്ട്.

പ്രസ്തുത ഭവനത്തിലെ ഗ്രന്ഥശാലയിൽ സാംസ്ഥാനിക ഭാഷകളിലെല്ലാമുള്ള ഗ്രന്ഥങ്ങളും മാസികകളും ഉണ്ട്. വായനമുറി ശിശുക്കളുടെ ഉപയോഗത്തിനു പ്രത്യേകമാതൃകയിൽ ഉണ്ടാക്കിയിട്ടുള്ളതും അവരുടെ ചേതോവികാരങ്ങൾക്ക് അപേക്ഷണീയവും നിസ്സാരവും എന്നാൽ കലാപരവുമായ ഉപകരണങ്ങളോടുകൂടിയതുമാണ്.

പ്രവേശനകവാടത്തിന് അടുത്തുള്ള മുറിയുടെ ചുവരിൽ മഹാത്മാഗാന്ധി ശിശുക്കളുമായി വിനോദിക്കുന്നതും മററുമായുള്ള സുപ്രസിദ്ധ ചിത്രകാരന്മാരുടെ നിരവധി വർണ്ണചിത്രങ്ങൾ ഉള്ളതു് ഇൻഡ്യയുടെ സാംസ്കാരിക ജീവിതത്തിന്റെ വിവിധവശങ്ങളെ കുറിക്കുന്നുണ്ട്.

ബോംബേ ഗവമ്മെൻറ് പ്രസ്തുതകേന്ദ്രത്തിന്റെ ചിലവിലേയ്ക്കു് പ്രതിവർഷം 21,000 രൂപ ഗ്രാൻറു കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. കൂടാതെ ഗ്രന്ഥങ്ങൾ വാങ്ങിക്കുന്നതിനായിട്ട് ആകെതുക 50,000 വരുന്ന രണ്ടു സംഭാവനകളും ഗവമ്മെൻറു യഥേഷ്ടം അനുവദിച്ചിട്ടുണ്ട്. 1949 മേയ് മാസത്തിൽ നടന്ന പ്രസ്തുത ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചതു് സർദാർ വല്ലഭായ് പട്ടേലായിരുന്നു.

# ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ആവശ്യകത

മദ്രാസ് ഗ്രന്ഥശാലാസംഘത്തിന്റെ അദ്ധ്യക്ഷൻ

ശ്രീ. കെ. വി. കൃഷ്ണസ്വാമിഅയ്യർ രേഖപ്പെടുത്തിയിട്ടുള്ളത്.

"കഴിഞ്ഞദിവസം റോയൽഏഷ്യാററിക്ക് സൊസൈററിയുടെ ബോംബേ ശാഖയെ അഭിസംബോധന ചെയ്തുകൊണ്ടു നമ്മുടെ പ്രസിഡൻറ് ഡാക്ടർ രാജേന്ദ്രപ്രസാദ് പുറപ്പെടുവിച്ച അഭിപ്രായം ഏററവും സാരഗർഭവും സന്ദർഭോചിതവുമാണ്. കാര്യക്ഷമമായ ഒരു ഗ്രന്ഥശാലാപ്രസ്ഥാനം ഒരു രാജ്യത്തിലെ അജ്ഞതയെ ഉന്മൂലനം ചെയ്യുന്നതിനു സഹായകമാണെന്നും ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു തന്നെ ഇൻഡ്യയിൽ ഒരു വലിയ ഭാവിയുണ്ടെന്നും അദ്ദേഹം പറഞ്ഞതായിട്ടറിയുന്നു. പോരെങ്കിൽ, അടുത്തഭാവിയിൽ തന്നെ നമ്മൾക്കു നഗരങ്ങളിൽ മാത്രമല്ല ഗ്രാമങ്ങളിലും ഗ്രന്ഥശാലകൾ ഉണ്ടായിരിക്കുമെന്നും അങ്ങിനെയുള്ള വിജ്ഞാന സമ്പാദന സ്ഥാപനങ്ങൾ മുഖേനയേ രാജ്യത്തിനു പുരോഗതിയുള്ളു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

ഈ പ്രതിപാദനം ഒന്നാമതായി ജനായത്ത ലോകത്തെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നും രണ്ടാമതായി ഗ്രന്ഥശാലാപ്രസ്ഥാനം അതിന്റെ നാമധേയത്തിന്റെ സകല പരിമിതികളേയും അതിലംഘിച്ച് നാട്ടിലെ ക്രമാനുസരണമുള്ള വിദ്യാഭ്യാസ പദ്ധതിക്ക് അതിപ്രധാനമായ ഒരു പിൻതാങ്ങായി കാര്യത്തിലും പ്രയോജനത്തിലും വികസിച്ചിട്ടുണ്ടെന്നും ഉള്ള വാസ്തവം വെളിപ്പെടുത്തുന്നുണ്ട്. ഒരു ജനകീയ ഗവമ്മെൻറ് നടപ്പിലായിക്കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ നമ്മൾ ഈ വക കാര്യസാധ്യതകൾക്കു വേണ്ട മാർഗ്ഗവും ഉപായവും കണ്ടുപിടിക്കുന്നതിനു താമസിച്ചുകൂടാ. നമ്മൾക്ക് ആളുകളും ഉപകരണങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിന് ഒരു സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്കൊപ്പം സന്നദ്ധ ശാഖകളുടെയും തദ്ദേശ ജനസംഘടനകളുടെയും സഹകരണവും അത്യാവശ്യമാണ്.

ജനകീയലോകത്തെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നുള്ള ആദ്യത്തെ അഭിപ്രായത്തെ പരാമർശിക്കുമ്പോൾ ജനകീയം എന്നതു് ഒരു വിധത്തിലും ഒരു ഗവമ്മെൻറിന്റെ ബാഹ്യരൂപം മാത്രമല്ലെന്നു നാം ധരിക്കേണ്ടതുണ്ട്. അതു് അധികവും ഒരു അന്തഃകരണവും ജനങ്ങളുടെ ചിന്തയിലും ഭാവത്തിലും ഒരു സമൂല പരിവർത്തനം ഉണ്ടാക്കുന്ന ഒന്നുമാണ്. ജനങ്ങൾ തന്നെ അവക്കുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട നേതാക്കന്മാരെ തിരഞ്ഞെടുക്കുകയും അവക്കുവേണ്ടി തയ്യാറാക്കുന്ന പദ്ധതികൾക്ക് അവർതന്നെ അവസാന വിധി നിർണ്ണയിക്കുകയും വേണ്ടപ്പോൾ എല്ലാപേക്കും ഒരു ഗണ്യമായ രീതിയിലെങ്കിലും വിദ്യാഭ്യാസം ഉണ്ടായിരിക്കേണ്ടതാണ്. ഓരോ പൌരനും അയാളുടെ സമ്മതിദായകത്വം എത്ര ഉത്തമമായി വിനിയോഗിക്കാമെന്നു മനസ്സിലാക്കേണ്ടതാണ്. അതിന് വിധിനിർണ്ണയത്തിൽ ബുദ്ധിചെലുത്തേണ്ടതുണ്ട്. അതുകൊണ്ട് നമ്മൾക്കു വേണ്ട വിദ്യാഭ്യാസം മനസ്സിനെ ചിന്തിക്കുന്നതിനു പരിശീലിപ്പിക്കുന്നതും വിജ്ഞാനസമ്പാദനത്തിനു പ്രാപ്തിയുണ്ടാക്കുന്നതുമായ ഒന്നാണ്. അതുകൊണ്ട്

എഴുതുന്നതിനും വായിക്കുന്നതിനും പറയുന്നതിനും പര്യാപ്തമായുള്ള വിശദ വിദ്യാഭ്യാസം നന്നും അതിന്റെ ലക്ഷ്യപ്രാപ്തി അഭിനന്ദനാർഹവുമാണെങ്കിലും, വായിക്കുതിനും എഴുതുന്നതിനും ഗണിതശാസ്ത്രത്തിൽ പ്രയാസം ഇല്ലാത്ത പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനും മാത്രമായുള്ള കഴിവ് ഒരു നല്ല പൌരനാണെന്നുള്ളതിനു ഉത്തരവാദിത്വം വഹിക്കുന്നില്ല. എന്നല്ല, യുവാക്കൾക്കു മാത്രമായുള്ള ഏതെങ്കിലും വിദ്യാഭ്യാസ പദ്ധതികൊണ്ട് ഏതുന്യായമായ കാല പരിധിയിലും ഒരു രാജ്യം മുഴുവൻ വിദ്യാഭ്യാസമുള്ളവരാകുന്നതുമല്ല. ഒരു ജനകീയ ഭരണത്തിന്റെ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസം കൊണ്ടോ യുവജന വിദ്യാഭ്യാസം കൊണ്ടോ പരിമിതമല്ല; അതിൽ ക്രമാനുസൃതവും, സുസംഘടിതവും, സുസ്ഥിരവുമായ വയോജന വിദ്യാഭ്യാസത്തിനുള്ള ശ്രമവും ഉണ്ടായിരിക്കണം. മാത്രവുമല്ല, പ്രാഥമിക വിദ്യാഭ്യാസമായാലും വയോജന വിദ്യാഭ്യാസമായാലും എല്ലായ്പോഴും വിദ്യാവിഹീനരായി പിന്നോക്കം നിൽക്കുന്ന ഒരു വലിയ ശതമാനം ജനങ്ങളുണ്ട്. ഇവിടെയാണ് വിദ്യാഭ്യാസത്തിനു് ഉപാധകമായും സംസ്കാരത്തിന്റെ പ്രകാശകേന്ദ്രങ്ങളായും ഗ്രന്ഥശാലകൾക്കു മാഹാത്മ്യം ഉള്ളതു്.

നമ്മുടെ രാജ്യത്തു് നമ്മുടെ പൂർവ്വികന്മാർ വിധിച്ചിട്ടുള്ള വിദ്യാഭ്യാസാദർശം തന്നെ, ആർക്കാണോ വിദ്യാഭ്യാസം സിദ്ധിക്കുന്നതു് അവർതന്നെ വിദ്യാഭ്യാസ പൂർത്തിയ്ക്കായി പകരം അന്യരേയും വിദ്യ അഭ്യസിപ്പിക്കണമെന്നാണ്. ഈ ആദർശം എന്തുകൊണ്ടാണു് പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കാത്തതെന്നു മനസ്സിലാകുന്നില്ല. ഈ കാര്യത്തിൽ സർവ്വകലാശാലകൾ നമ്മെ സഹായിക്കേണ്ടതാണ്. എന്തുകൊണ്ടാണ് കുറച്ചു കാലത്തേയ്ക്കു് ഒരു ഗ്രാമത്തിലോ അഥവാ ഏതാനും ഗ്രാമങ്ങളിലോ ജനക്ഷേമസേവനം നടത്താതെ ഒരാളും സർവ്വകലാശാലാ—ബിരുദങ്ങൾക്കു് അവകാശിയാകുന്നതല്ലെന്നു് ഒരു നിശ്ചയം ഉണ്ടാക്കിക്കൂടാത്തതു്? അതു് ഒരു തരത്തിൽ ബുദ്ധിപരമായുള്ള സേവനം നിർബ്ബന്ധിതമാക്കുകയാണെന്നു തോന്നിയേയ്ക്കാം. എന്നാൽ ഇൻഡ്യയിലെ യുവജനങ്ങൾ ഇപ്രകാരമുള്ള സേവനാസന്ദർഭം സ്വാഗതം ചെയ്യുമെന്നു തന്നെ വിശ്വസിക്കാം. ഇതു് വിദ്യാഭ്യാസമുള്ളവരും ഇല്ലാത്തവരും തമ്മിൽ ഇപ്പോൾ നിലവിലുള്ള അകൽച്ച ഇല്ലാതാക്കുന്നതിനു സഹായിക്കുകയും ഗ്രാമീണ സർവ്വകലാശാലകൾക്കുള്ള പദ്ധതിയുടെ ആവിർഭാവത്തിനു വഴി തെളിക്കുകയും ചെയ്യും.

ഗ്രാമീണകേന്ദ്രങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതു പരാമർശിക്കുമ്പോൾ വിജ്ഞാനത്തിന്റെ വിപുലശാഖകൾ എല്ലാം അടങ്ങിയിട്ടുള്ള ഗ്രന്ഥങ്ങൾക്കു് പ്രാദേശിക ഭാഷകളിലുള്ള ശോച്യമായ ദൌർല്ലഭ്യം ഒരു പ്രശ്നമാകുന്നു. സാർവ്വലൌകിക വിദ്യാഭ്യാസത്തിനു സൌകര്യം ഉണ്ടാക്കേണ്ടചുമതല സംസ്ഥാനത്തിന്റേതാണ്. സംസ്ഥാനം ഗ്രന്ഥകാരന്മാർക്കു പ്രോത്സാഹജനകമായ പദ്ധതികളോടുകൂടി മുന്നിട്ടു പ്രവർത്തിച്ചു് ഉത്തമ സാഹിത്യത്തിന്റെ ഉല്പാദനത്തിനു പ്രചോദനം നൽകുകയാണു വേണ്ടതു്.

# വിദ്യാഭ്യാസവികസനം

## സ്കൂളുകളിൽ കരകൌശലവേലകൾ പഠിപ്പിക്കണമെന്നു കേന്ദ്രസമിതിയുടെ നിർദ്ദേശങ്ങൾ

മാർച്ചുമാസത്തിൽ ഡൽഹിയിൽ സമ്മേളിച്ച കേന്ദ്രവിദ്യാഭ്യാസ ഉപദേശകസമിതി വിദ്യാഭ്യാസവികസനത്തിൻെറ സകലവിധസാധ്യതകളെക്കുറിച്ചും ചർച്ചചെയ്യുകയുണ്ടായി.

പ്രസ്തുത സമ്മേളനത്തിലെ സുപ്രധാന വാദമുഖങ്ങളിൽ ഒന്ന് അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ ഉല്പാദനവശങ്ങളെക്കുറിച്ചായിരുന്നു. ഈ പ്രശ്നത്തിൻെറ എല്ലാവശങ്ങളും പരിശോധിച്ചശേഷം പ്രസ്തുത സമിതി വിദ്യാഭ്യാസപരിപാടിയിൽ കരകൌശല വേലകൾക്കുള്ള പ്രാധാന്യത്തെപ്പററി ആവർത്തിച്ചു വിധി കല്പിക്കുകയും സാമ്പത്തികപരിഗണനകൾ ഉണ്ടാകുന്നില്ലെങ്കിൽതന്നെയും സാധാരണയുള്ള പ്രാഥമികവിദ്യാഭ്യാസത്തിൻെറ സ്ഥാനത്തു അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കേണ്ട കാലം ആയിരിക്കുന്നൊന്നു് ഐകകണ്ഠ്യേന തീരുമാനിക്കയുമുണ്ടായി.

പ്രസ്തുത പരിപാടി നടപ്പിൽ വരുത്തുന്ന കാര്യത്തിൽ സമിതി സാംസ്ഥാനിക ഗവമെൻറുകളുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തിയ വസ്തുത ഒരു പദ്ധതി പരിപൂർണ്ണമായ അഭ്യസനത്തിനു സൗകര്യമുള്ളതു് അല്ലെങ്കിൽ അതിനു് അടിസ്ഥാന വിദ്യാഭ്യാസമെന്നു ശരിയായി നാമകരണം ചെയ്യുക സാധ്യമല്ലെന്നുള്ളതാണു്. ഇതിൽ വിദ്യാഭ്യാസത്തിൻെറ ബാല്യയൌവ്വന ദശകൾ ഉൾപ്പെടുത്തി പറയുകയും കരകൌശലവേലകളുടെ വിദ്യാഭ്യാസപരവും ഉല്പാദനപരവുമായുള്ള വശങ്ങളെപ്പററി വേണ്ടത്ര ശക്തിയായി പ്രതിപാദിക്കുകയും ചെയ്തു.

പ്രീ യൂണിവേഴ്സിററി വിദ്യാഭ്യാസത്തെപ്പററിയുള്ള മററു ചർച്ചകളിൽ പ്രത്യേകം പറയാനുള്ളതു് സ്കൂൾ വിദ്യാർത്ഥികൾക്കു അവശ്യം വേണ്ട ആരോഗ്യസേവനം നടപ്പിലാക്കുന്നതിനേയും സ്കൂളുകൾക്കും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കും കടലാസിൻെറ ക്വോട്ടാ കൂട്ടിക്കൊടുക്കുന്നതിനു് വാണിജ്യ വ്യവസായ വകുപ്പു മന്ത്രിസഭയെ സമീപിക്കേണ്ട അവശ്യകതയേയും, സ്കൂളുകളിൽ (aero-model) എയ്റോ മോഡൽ ക്ലബ്ബുകൾ ഉണ്ടാകുന്നതിൽ സാംസ്ഥാനിക ഗവർമ്മെൻറുകൾ ശ്രദ്ധപതിപ്പിക്കേണ്ട ആവശ്യകതയേയും കുറിച്ചാണു്.

സർവ്വകലാശാലകൾക്കു് സധൈര്യം പ്ലാൻ ചെയ്യത്തക്കവണ്ണം അഞ്ചുവർഷത്തേയ്ക്കു മൊത്തമായ സംഖ്യകൾ സാംസ്ഥാനികഗവർമ്മെൻറുകൾ സംഭാവന നൽകണമെന്നുള്ള ഒരു നിർദ്ദേശത്തെപ്പററി ഉപദേശകസമിതി ചർച്ച ചെയ്യുകയാണു്. അദ്ധ്യക്ഷൻ വെളിപ്പെടുത്തിയതു് അടുത്ത ഭാവിയിൽത്തന്നെ ഇതും ഇതു സംബന്ധിച്ചുള്ള മററു പ്രശ്നങ്ങളും പഠിക്കുന്നതിനു് ഒരു യൂണിവേഴ്സിററി ഗ്രാൻറു് കമ്മീഷൻ നടപ്പിലാക്കുമെന്നാണു്.

വിദ്യാർത്ഥിനികൾക്കു് സർവ്വകലാശാലാ പരീക്ഷകൾക്കു് പ്രൈവററായി ചേരുന്ന

തിനുള്ള സൗകര്യങ്ങൾ വൃദ്ധിപ്പിക്കുന്ന കാര്യത്തെപ്പററിയും, (Correspondence course) കറസ്പോണ്ടൻസ് കോഴ്സുകൾ നടത്തുന്ന സ്വതന്ത്രസ്ഥാപനങ്ങളെ സർവ്വകലാശാലയോടു സംഘടിപ്പിക്കുന്ന കാര്യത്തെപ്പററിയും പ്രസ്തുത സമിതി ഇൻറർ യൂണിവേഴ്സിററി ബോർഡുമായി പരാമർശനം നടത്തി അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്.

സാമൂഹ്യവിദ്യാഭ്യാസത്തെപ്പററി സമിതി അഭിപ്രായപ്പെട്ടതു് അടിസ്ഥാനവിദ്യാഭ്യാസകേന്ദ്രങ്ങൾ സാമൂഹ്യവിദ്യാഭ്യാസപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനുകൂടി പ്രയോജനപ്പെടുത്തണം എന്നാണു്. സംസ്ഥാനികഗവൺമെൻറുകളുടെയും ഔദ്യോഗികവും അനൌദ്യോഗികവുമായുള്ള മററു ശാഖകളുടെയും പ്രവർത്തനം ദേശീയഭാഷയിലുള്ള സാമൂഹ്യവിദ്യാഭ്യാസസാഹിത്യോല്പാദനത്തിനുവേണ്ടി കൂടുതൽ ചിലവഴിക്കണമെന്നും വിദ്യാഭ്യാസസമിതി ശുപാർശ ചെയ്തു. ഇക്കാര്യത്തിൽ കേന്ദ്രവിദ്യാഭ്യാസവകുപ്പിൽനിന്നു് നടപ്പാക്കിയിട്ടുള്ളതും 'മക്താബാജാമിയോ' യിൽനിന്നു ഹിന്ദിയിൽ പ്രസിദ്ധപ്പെടുത്തുന്നതും സാമൂഹ്യവിദ്യാഭ്യാസപരവുമായ ചെറുലേഖകൾക്കു് കൂടുതൽ പ്രചാരം കൊടുക്കണമെന്നും അവർ അഭിപ്രായം പ്രകടിപ്പിച്ചു. ഗ്രാമീണ നാടകവേദികളുടെയും, നാടകങ്ങളുടെയും, നൃത്തകലയുടെയും, ഗായകസംഘത്തിൻെറയും ഉപയോഗം ശ്രവണദർശനവിദ്യാഭ്യാസപുരോഗതിക്കു കൂടുതൽ പ്രയോജനപ്പെടുത്തണമെന്നു സമിതി ശുപാർശചെയ്തു. കൂടാതെ സ്കൗട്ടു് നേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിനു വാർഷികപരിശീലനകേന്ദ്രങ്ങൾ ഉൽഘാടനം ചെയ്യുന്നതിൻെറയും കായികാഭ്യാസസംഘടനകൾ സ്ഥാപിക്കുന്നതിൻെറയും, യുവജനഹോസ്റ്റലുകൾ ഉൽഘാടനം ചെയ്യുന്നതിൻ്റെയും, വിദ്യാർത്ഥികൾക്കു് സംസ്ഥാനങ്ങളിൽ എവിടെയും യാത്ര ചെയ്യുന്നതിനു സൌകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതിൻെറയും ആവശ്യകത പ്രസ്തുത സമിതി ശക്തിയായി വെളിപ്പെടുത്തി.

ഒരു അഖിലേന്ത്യാവിദ്യാഭ്യാസ സേവന പദ്ധതി വേണമെന്നുള്ള അഭിപ്രായത്തെ പുരസ്കരിച്ചു് വിദ്യാഭ്യാസസമിതി ശുപാർശ ചെയ്തതു് ഇൻഡ്യാഗവർമ്മെൻറിൻെറ വിദ്യാഭ്യാസമന്ത്രി സാംസ്ഥാനികവിദ്യാഭ്യാസമന്ത്രിമാരുമായി ആലോചിച്ചു് പ്രസ്തുതസേവനപദ്ധതി ഉണ്ടാക്കുന്നതിൻ്റെ ആവശ്യകതയെയും സാധ്യതയെയുംപററി പുന:പരിശോധന ചെയ്യണമെന്നാണു്.

# മലയാളസാഹിത്യത്തിന് ഒരു ബിബ്ളിയോഗ്രഫി

കെ. പരമേശ്വരമേനോൻ

'ബിബ്ളിയോഗ്രഫി' എന്ന വാക്കിന്റെ അർത്ഥം ഗ്രന്ഥങ്ങളെപ്പറ്റിയുള്ള വിവരണം എന്നാണു്. പാശ്ചാത്യരാജ്യങ്ങളിൽ ഇതു് ഒരു പ്രത്യേക ശാസ്ത്രമാണു്; ഇതിനെ രണ്ടു ശാഖകളായി തിരിച്ചിട്ടുണ്ടു്. ഒന്നു്, ഗ്രന്ഥങ്ങളുടെ രൂപത്തെപ്പറ്റിയുള്ള വിവരണം; മറ്റേതു്, ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തെപ്പറ്റിയുള്ളതു്. ഈ രണ്ടു ശാഖകളിലും പ്രത്യേകം വിദഗ്ദ്ധസംഘങ്ങൾ പ്രവർത്തിക്കുന്നു; ഓരോന്നിനും വിപുലമായ സാഹിത്യവും നിർമ്മിച്ചിട്ടുണ്ടു്.

ബിബ്ളിയോഗ്രഫിയുടെ ഒന്നാമത്തെ ശാഖയിൽ ഗ്രന്ഥം, ഗ്രന്ഥകർത്താവു് അല്ലെങ്കിൽ പ്രസാധകൻ, പ്രകാശകൻ, അച്ചടിക്കാരൻ പ്രസിദ്ധീകരണസ്ഥലം ഇവയുടെ പേരുകൾ, പ്രസിദ്ധംചെയ്ത വർഷം, ഗ്രന്ഥത്തിന്റെ ആകൃതി, വലിപ്പം, എത്രാമത്തെ പതിപ്പു്, വില മുതലായ വിവരങ്ങൾ ശേഖരിക്കുന്നു. ഒരു ഗ്രന്ഥത്തിന്റെ രൂപത്തെപ്പറ്റിയുള്ള വിവരണത്തിൽ നിന്നും അതിനെ മററു ഗ്രന്ഥങ്ങളിൽനിന്നും അതിന്റേതന്നെ, ഇതര പതിപ്പുകളിൽനിന്നും തിരിച്ചറിയണമെന്നുള്ളതാണു് ലക്ഷ്യം.

രണ്ടാമത്തെ ശാഖയിൽ, ശേഖരിക്കുന്ന വിവരങ്ങളുടെ ക്രമീകരണം വായനക്കാരന്റെ വീക്ഷണഗതിയെ ആശ്രയിച്ചിരിക്കും. പൊതുവെ പറയുകയാണെങ്കിൽ ഇന്ന വിഷയത്തെപ്പറ്റിയാണു് ചർച്ചചെയ്യുന്നതെന്നും വായനക്കാരനു് അതിൽനിന്നും ലഭ്യമാകുന്നതെന്താണെന്നും രേഖപ്പെടുത്തിയിരിക്കും. ഇതിനുവേണ്ടി അതിനെപ്പററിയുള്ള നിരൂപണങ്ങളിൽനിന്നും ആവശ്യമുള്ള ഭാഗങ്ങൾ ഉപയോഗിക്കുന്നു; അല്ലെങ്കിൽ അതിലെ അദ്ധ്യായങ്ങളുടെ പേരുകൾ കുറിക്കുന്നു. ഈ Subject bibliography വായനക്കാരന്റെ ആവശ്യം അനുസരിച്ചു് താഴെക്കാണുന്ന മൂന്നു തരങ്ങളിൽ ഏതെങ്കിലും രീതിയിലായിരിക്കും.

1. ഗ്രന്ഥങ്ങളെപ്പററി വ്യക്തിപരമായി മാത്രമേ അറിയേണ്ടതുള്ളു എങ്കിൽ ഗ്രന്ഥകാരന്മാരുടെ പേരുകളും ഓരോരുത്തരുടെ ഗ്രന്ഥങ്ങളുടെ പേരുകളും അകാരാദി ക്രമത്തിൽ ചേർക്കുന്നു.

2. ഒരു വിഷയത്തിന്റെ വളർച്ചയെ കാണിക്കണമെന്നുണ്ടെങ്കിൽ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവർഷം അടിസ്ഥാനപ്പെടുത്തി ഗ്രന്ഥങ്ങളുടെ പട്ടികകൾ തയ്യാറാക്കുന്നു.

3. വായനക്കാരന്റെ ഉപയോഗം മാത്രമാണു പരിഗണനയെങ്കിൽ വിഷയങ്ങളെ അകാരാദിക്രമത്തിൽ ചേർത്തു് ഓരോന്നിലുമുള്ള ഗ്രന്ഥങ്ങളുടെ പേരുകൾ അനുകാലക്രമത്തിൽ ചേർക്കുന്നു.

മലയാളസാഹിത്യത്തിനു് മേൽപ്പറഞ്ഞ രണ്ടു ശാഖകളും കൂട്ടിച്ചേർത്തു് ഒരു വിവരണം തയ്യാറാക്കിയാൽ മതിയാകുമെന്നു തോന്നുന്നു. പ്രായോഗികാവശ്യങ്ങൾക്കായി

പാശ്ചാത്യരാജ്യങ്ങളിലും ഉപ്രചാരം ചെയ്യാറുണ്ടു്.

## രൂപവിവരണം

ഗ്രന്ഥത്തിന്റെ രൂപത്തെപ്പററിയുള്ള വിവരങ്ങളെ അല്പം വിശദീകരിക്കേണ്ടതുണ്ടു്. ഗ്രന്ഥത്തിന്റെ പേർ ഏററവും പ്രാധാന്യമുള്ളതാണല്ലോ. പല ഗ്രന്ഥങ്ങളുടേയും പേരുകൾക്കു് രണ്ടു ഭാഗങ്ങൾ കാണും. ഉദാഹരണം: 'കൈരളി' എന്ന ഗ്രന്ഥത്തിന്റെ പേരു് അതിൽ ചേർത്തിട്ടുള്ളതുപോലെ പൂർണ്ണമായി രേഖപ്പെടുത്തേണ്ടതിങ്ങനെയാണു്. "കൈരളി: കുട്ടികൾക്കുവേണ്ടി നാടകരീതിയിൽ എഴുതിയ ഒരു കല്പിതകഥ." colon അല്ലെങ്കിൽ ഭിത്തിക (അപൂർണ്ണവിരാമം) മലയാളത്തിൽ അധികം ഉപയോഗിക്കാറില്ല; ഈ സന്ദർഭങ്ങളിൽ ഭിത്തിക ആവശ്യമാണു്. പല ഗ്രന്ഥങ്ങളും വിശിഷ്ടകൃതികളുടെ വ്യാഖ്യാനം ചേർന്നതോ ചേരാത്തതോ ആയ പതിപ്പുകളാണു്. ഇവയെപ്പററി വിവരിക്കുമ്പോൾ വ്യാഖ്യാതാവിന്റെ പേർ, വ്യാഖ്യാനം ഇന്നപേജുകളിലാണെന്നുള്ള വിവരം, ഇവയും ചേർക്കണം. വ്യാഖ്യാനം ഫുട്ട്നോട്ടുകളായി ചേർത്തിരിക്കുന്നുവെങ്കിൽ ആ വിവരം രേഖപ്പെടുത്തണം.

പല ഗ്രന്ഥങ്ങളിലും മുഖവുര, ആമുഖം മുതലായവ ഉണ്ടായിരിക്കും; അവ ആരുടേതെന്നും എത്ര പുറങ്ങളുണ്ടെന്നും അറിയുന്നതു് പലപ്പോഴും ആവശ്യമാണു്. അവയ്ക്കുവേണ്ടി റോമൻ നമ്പരുകളാണു് ഇംഗ്ലീഷിൽ സാധാരണയായി ഉപയോഗിക്കുന്നതു്. ഗ്രന്ഥത്തിന്റെ ഇന്ന പതിപ്പു് എന്നുള്ളതും പ്രാധാന്യമുള്ള ഒരു വസ്തുതയാണു്. പല പ്രസിദ്ധകൃതികളും ആദ്യം പ്രസിദ്ധപ്പെടുത്തിയതിൽനിന്നും ഗ്രന്ഥകർത്താവു് തന്നെ പരിഷ്കരിച്ചിട്ടുള്ളതായി കാണാം. പ്രശസ്തസാഹിത്യകൃതികളുടെ ഒന്നാമത്തെ പതിപ്പിനു് പാശ്ചാത്യർ മോഹവിലയാണു് കൊടുക്കുന്നതു്.

ഗ്രന്ഥപ്രസിദ്ധീകരണത്തെപ്പററിയുള്ള വിവരങ്ങളാണു് ഇനി വേണ്ടതു്. Editorക്കു് പ്രസാധകൻ എന്നും publisher-ക്കു് പ്രകാശകൻ എന്നും മലയാളത്തിൽ നിഷ്കൃഷ്ടയായി ഉപയോഗിച്ചു് കാണുന്നില്ല; ഈ വേർതിരിപ്പു് അത്യാവശ്യമാണു്. അച്ചടിക്കുന്നതു്, പലപ്പോഴും പ്രകാശകൻ അല്ലാതിരിക്കും. ഈ സന്ദർഭങ്ങളിൽ അച്ചടിക്കാരുടെ പേരും ചേർക്കണം. ഗ്രന്ഥത്തിലെ ചിത്രങ്ങൾക്കും പാശ്ചാത്യർ പ്രാധാന്യം കല്പിക്കുന്നു. ചിത്രങ്ങളുടെ സ്വഭാവം, എണ്ണം, ചിത്രകാരന്റെ പേർ മുതലായവ രേഖപ്പെടുത്താറുണ്ടു്. മലയാള ഗ്രന്ഥങ്ങളിൽ ചിത്രകല ഒട്ടുംതന്നെ അഭിവൃദ്ധിപ്പെട്ടിട്ടില്ലെങ്കിലും പ്രസാധനകലയുടെ ഭാവിഗവേഷകന്മാർക്കുവേണ്ടി ആ വിവരം രേഖപ്പെടുത്തേണ്ടതാണു്. ചിത്രങ്ങളെ വുഡ്കട്ടുകൾ, ലൈൻബ്ലോക്കുകൾ, ഹാഫ്ടോൺബ്ലോക്കുകൾ, വർണ്ണചിത്രങ്ങൾ എന്നു് തരം തിരിക്കണം. പ്രസിദ്ധീകരണം ചെയ്ത വർഷവും കുറിക്കണം. അതുപോലെതന്നെ ഗ്രന്ഥത്തിന്റെ ആകൃതിയും ഗ്രന്ഥത്തിൽ എത്ര പേജുകളുണ്ടെന്നും രേഖപ്പെടുത്തേണ്ടതാണു്. ആകൃതി തരം തിരിക്കുന്നതു് * താഴെ കാണിച്ചിരിക്കുന്നതു് പോലെയാണു്. (അടുത്ത പേജു നോക്കുക) പിന്നീടുള്ളതു് വിലയാണു്. സമകാലികബിബ്ളിയോഗ്രഫികൾക്കു് വിലയെപ്പററിയുള്ള വിവരം പ്രാധാന്യമുള്ളതാണു്. പഴയ ഗ്രന്ഥങ്ങളെപ്പററിയുള്ള വിവരണങ്ങളിൽ വിലയ്ക്കു് അത്രതന്നെ പ്രാധാന്യമില്ല.

| * ആകൃതി. | വലിപ്പം (ഇഞ്ചുകൾ) |
|---|---|
| ഫുൾസ്കാപ്പ് ഒക്ടാവോ | $6\frac{1}{2} \times 4$ |
| ക്രൗൺ ,, | $7\frac{1}{4} \times 4\frac{3}{4}$ |
| പോസ്റ്റ് ,, | $8 \times 5$ |
| ഡെമി ,, | $8\frac{1}{2} \times 5\frac{3}{8}$ |
| മീഡിയം ,, | $8\frac{3}{4} \times 5\frac{1}{2}$ |
| ക്രൗൺ ക്വാർട്ടോ | $9\frac{1}{2} \times 7\frac{1}{4}$ |
| റായൽ ഒക്ടാവോ | $9\frac{3}{4} \times 6$ |
| ഡെമി ക്വാർട്ടോ | $11 \times 8\frac{3}{4}$ |
| റായൽ ,, | $12 \times 9\frac{3}{4}$ |

## സംക്ഷിപ്തരൂപങ്ങൾ

ഗ്രന്ഥങ്ങളെപ്പററിയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഇംഗ്ലീഷിൽ സർവ്വസമ്മതമായി ചില സംക്ഷിപ്തരൂപങ്ങൾ (contractions) സ്വീകരിച്ചിട്ടുണ്ട്. സ്ഥലലാഭത്തിനും സൌകര്യത്തിനു വേണ്ടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. മലയാളത്തിലും ഇമ്മാതിരി ഉപയോഗിക്കാവുന്നതാണ്. അവതാരിക, ആമുഖം, പ്രസ്താവന എന്നിവയ്ക്ക് അ. ആ. പ്ര എന്നും, വ്യാഖ്യാനത്തിന് വ്യാ. എന്നും പ്രസാധകന് (പ്ര) എന്നും രേഖപ്പെടുത്തിയാൽ മതിയാകും. (പ്രകാശകൻെറ പേർ ചേക്കുമ്പോൾ, പ്രകാശകൻ, ഇന്നാരു് എന്നു് പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് പ്ര. എന്ന സംക്ഷിപ്തരൂപം എപ്പോഴും പ്രസാധകനെ മാത്രമേ കുറിയ്ക്കുകയുള്ളു.)

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനമ്പർ............

ശങ്കരൻനമ്പ്യാർ, പി.

നമ്മുടെ ഇന്ത്യ: മിനൂമസാനി ഇംഗ്ലീഷിൽ എഴുതിയ 'ഔവർ ഇന്ത്യ'യുടെ പരിഭാഷ. ഒന്നാം പതിപ്പ്. മദ്രാസ്, ഓക്സ്ഫോർഡ് യൂനിവേഴ്സിററിപ്രസ്സ്, 1944. ബേസൽമിഷൻപ്രസ്സ്, മംഗലാപുരം. 144. 100 വുഡ്കട്ടുകൾ, സി. എച്ച്. ജി. മൂർഹൌസ്. ക്രൌ, ഒ. 1 രൂ. 12 ണ.

ഇന്ത്യയുടെ പ്രകൃതി വിഭവങ്ങളെ ജനക്ഷേമത്തിനായി ഉപയോഗിക്കുന്നുള്ള സാദ്ധ്യതകളെപററി ലളിതമായും സരസമായും പ്രതിപാദിച്ചിട്ടുണ്ടു്.

ക്രമ നമ്പർ............

കൃഷ്ണമേനോൻ, കല്പന.

കൈരളി: കുട്ടികൾക്കുവേണ്ടി നാടകരീതിയിൽ എഴുതിയ ഒരു കല്പിത കഥ. കോഴിക്കോട്, മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ളിഷിംഗ് കമ്പനി, 1942. ii ആ. ശങ്കരൻ നമ്പ്യാർ 223. ഫു, ഒ 1 രൂ.

പുരാണപുരുഷന്മാരെയും കല്പിതപാത്രങ്ങളെയും സന്ദർഭാനുസരണം ചേർത്തു്, ആറു അങ്കങ്ങളായി, കുട്ടികൾക്കു് വേണ്ടിയുള്ള ഗദ്യനാടകം.

ക്രമ നമ്പർ............

പരമേശ്വരൻനായർ, പി. കെ.

സാഹിത്യപഞ്ചാനനൻ. 1—ാം പതിപ്പ്. കൊല്ലം, ശ്രീരാമവിലാസ് പ്രസ്സ്, 1120. x vi ആ. കെ. എം. പണിക്കർ, 592. 4 ഹാഫ്ടോൺ ബ്ളോക്കുകൾ. പോ, ഒ. 5 രൂ. 8 ണ.

പലതരത്തിലും പ്രസിദ്ധനായിരുന്ന പി. കെ. നാരായണപിള്ളയുടെ ജീവചരിത്രം. അദ്ദേഹത്തിൻെറ സാഹിത്യകൃതികളേയും വിമർശിച്ചിട്ടുണ്ടു്.

ക്രമ നമ്പർ............

കുമാരൻ ആശാൻ, എൻ.

ചിന്താവിഷ്ടയായ സീത: ഒരു ഖണ്ഡകാവ്യം. 6-ാം പതിപ്പ്. തോന്നയ്ക്കൽ, ശാരദാ ബുക്കഡിപ്പോ, 1105. വിദ്യാഭിവർദ്ധിനിപ്രസ്സ്, തിരുവനന്തപുരം. XLVI അ. എ. കൃഷ്ണപിഷാരടി, 32, വി. കേശവൻെറ വ്യാ. 32. ക്രൌ. ഒ.

സീതാദേവി അന്തർദ്ധാനം ചെയ്യുന്നതിൻെറ തലേന്നാൾ രാത്രി വാല്മീകിയുടെ ആശ്രമത്തിൽ ഏകാകിനിയായി ഇരുന്നു ചെയ്യുന്ന ചിന്തകൾ.

ക്രമ നമ്പർ............

ശിവരാമകൃഷ്ണശാസ്ത്രി, കെ, കരമന (പ്ര)

തുഞ്ചത്തെഴുത്തച്ഛൻെറ കർണ്ണപർവ്വം കിളിപ്പാട്ട്. 1-ാംപതിപ്പ്. തിരുവനന്തപുരം, പി. ഗോപിന്ദപിള്ള, വി. വി. ബുക്കഡിപ്പോ, 1104. ശ്രീധരപ്രസ്സ്, തിരുവനന്തപുരം. XL, 48, വ്യാ. 14. ക്രൌ, ഒ.

ക്രമ നമ്പർ............

ശിവശങ്കരപ്പിള്ള, കെ. പി. (പ്ര)

രുഗ്മാംഗദചരിതം ഗാഥ. (നമ്പർ 7, New Era series of Standard Works, General Editor, നന്ത്യാർ വീട്ടിൽ കെ. പരമേശ്വരൻ പിള്ള) കൊല്ലം, ശ്രീരാമവിലാസംപ്രസ്സ്, 1928, ii, 30. ഡെ, ഒ.

ഏകാദശി മാഹാത്മ്യത്തെപററി, സാഹിത്യഗുണത്തോടുകൂടി രചിച്ചിട്ടുള്ള ഒരു പ്രാചീനഗ്രന്ഥം.

മേൽകാണിച്ചിട്ടുള്ള ഉദാഹരണങ്ങളിൽ നിന്ന് ചില തത്വങ്ങൾ വെളിവാകാനുണ്ട്. ഒന്നാമതായി, ഒരു ഗ്രന്ഥത്തിൻെറ രൂപത്തെ പററിയുള്ള വിവരങ്ങൾ ഒരു നിശ്ചിതക്രമത്തിലാണ് ചേർക്കേണ്ടതു്. ഗ്രന്ഥകർത്താവിൻെറയൊ പ്രസാധകൻെറയൊ പേർ, ഗ്രന്ഥത്തിൻെറ പേർ, പതിപ്പ്, പ്രകാശകനും പ്രസിദ്ധീകരണവർഷവും, അച്ചടിക്കാരൻ, അവതാരിക, വ്യാഖ്യാനം മുതലായവ ചേർത്ത പേജുകൾ, ചിത്രങ്ങൾ, ആകൃതി വില എന്നതാണ് ക്രമം. ഒരു ഗ്രന്ഥത്തിനെപററിയുള്ള വിവരണത്തിൽ ചില വിവരങ്ങൾ ചേർത്തിട്ടില്ലെങ്കിൽ തൽഗ്രന്ഥത്തിൽ നിന്നും അവ അറിയാൻ പാടില്ല, എന്ന് മനസ്സിലാക്കേണ്ടതാണ്. മലയാളഗ്രന്ഥങ്ങളിൽ, പതിപ്പ്, പ്രസിദ്ധീകരണവർഷം, വില മുതലായ വിവരങ്ങൾ ചിലപ്പോൾ കാണാറില്ലല്ലൊ.

രണ്ടാമതായി, ഇവ ഓരോന്നിനേയും പററിയുള്ള വിവരങ്ങൾ പൂർണ്ണവിരാമങ്ങളാൽ വേർതിരിച്ച് രേഖപ്പെടുത്തേണ്ടതാണ്; ഒന്നിനെപ്പററിയുള്ള പല ഭാഗങ്ങളെ വേർതിരിക്കുന്നതിന് അങ്കുശം ഉപയോഗിക്കുന്നു.

മൂന്നാമതായി, റോമൻ നമ്പരുകളും സംക്ഷിപ്തരൂപങ്ങളും ഉപയോഗിക്കേണ്ടതാണ്. ഇവയെപ്പററി മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്. പ്രസാധകന്മാരെ ഗ്രന്ഥകർത്താക്കന്മാരിൽനിന്നും തിരിച്ചറിയുന്നതിന് (പ്ര) എന്ന സംക്ഷിപ്തരൂപം മതിയാകും. പേജുകളുടെ എണ്ണമല്ലാതെ 'പേജ്' എന്ന വാക്ക് ഉപയോഗിക്കേണ്ട ആവശ്യമില്ല. വിലയുടെ കാര്യത്തിലും അതുപോലെതന്നെ. ചില ഗ്രന്ഥങ്ങളിൽ ഗ്രന്ഥകർത്താവിൻെറയോ പ്രസാധകൻെറയോ പേർ കാണുകയില്ല; അപ്പോൾ ആ ഗ്രന്ഥത്തെ പ്രകാശകൻെറ പേരിൽ ചേർക്കണം; (പ്രകാ) എന്ന സംക്ഷിപ്തരൂപം ഉപയോഗിക്കയും വേണം. എതെ

ങ്കിലും ഒരു ഗ്രന്ഥം ഒരു ഗ്രന്ഥാവലിയിൽ ഉൾപ്പെട്ടതാണെങ്കിൽ ആ ഗ്രന്ഥാവലിയുടെ വിവരം വലയങ്ങൾക്കുള്ളിൽ രേഖപ്പെടുത്തണം. പ്രസിദ്ധീകരണവർഷം കൊല്ലവർഷത്തിലൊ ക്രിസ്തുവർഷത്തിലൊ രേഖപ്പെടുത്തിയിരിക്കുന്നതിനെ പകർത്തേണ്ട ആവശ്യമേയുള്ളു.

## ചില പൊതുനിർദ്ദേശങ്ങൾ

ഒരു ദേശീയബിബ്ളിയോഗ്രഫിയിൽ സാഹിത്യചരിത്രപ്രാധാന്യമുള്ളതോ പ്രസാധനകലയുടെ ചരിത്രത്തിൽ പ്രാധാന്യമുള്ളതോ ആയ ഗ്രന്ഥങ്ങളെയാണു ചേർക്കേണ്ടതു്. വെറും പാഠ്യപുസ്തകങ്ങളായിമാത്രം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളെ ത്യജിക്കാവുന്നതാണു്. എന്നാൽ ലഘുലേഖകൾ, ഹാസ്യകവനങ്ങൾ മുതലായ പല സമകാലികപ്രസിദ്ധീകരണങ്ങളും ഭാവിഗവേഷകന്മാർക്കു അത്യാവശ്യമായതിനാൽ അവയേയും ബിബ്ളിയോഗ്രഫിയിൽ ചേർക്കേണ്ടതാണു്.

ഒരു ബിബ്ളിയോഗ്രഫിയുടെ പ്രധാന ഉദ്ദേശം ആ ഭാഷയിലുള്ള ഗ്രന്ഥസമ്പത്തിനെപ്പററി സൂക്ഷ്മമായി മനസ്സിലാക്കുക എന്നുള്ളതാണു്. മലയാളത്തിൽ പല ഗ്രന്ഥങ്ങളും ഇന്നും അപ്രകാശിതങ്ങളായിരിക്കുന്നതുകൊണ്ടു് അവയുടെ വിവരണങ്ങളും ബിബ്ളിയോഗ്രഫിയിൽ ചേർക്കേണ്ടതാണു്. അവയെ പററിയുള്ള കുറിപ്പുകളിൽ അവ അപ്രകാശിതങ്ങളെന്നും (അ. എന്ന സംക്ഷിപ്തരൂപം ഉപയോഗിക്കണം) ഇന്ന ഗ്രന്ഥശാലയിലോ വ്യക്തിയുടെ കൈവശമോ ഉണ്ടെന്നും ഉള്ള വിവരങ്ങൾ കാണിക്കണം. ഈ വിവരങ്ങൾ ഗ്രന്ഥത്തിന്റെ പേർ കഴിഞ്ഞിട്ടു വലയങ്ങൾക്കുള്ളിൽ രേഖപ്പെടുത്തണം. അപൂർവ്വഭാഷാ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും സാഹിത്യചരിത്രകാരന്മാർക്കും ഈ വിവരങ്ങൾ ഉപയോഗപ്രദമായിരിക്കുമെന്നു ഊന്നിപറയേണ്ടതില്ലല്ലൊ.

സംസ്കൃതകൃതികളുടെ ഭാഷാവ്യാഖ്യാനങ്ങൾ നമ്മുടെ സാഹിത്യത്തിലെ ഒരു പ്രധാന ശാഖയാണു്. ഇത്തരം വ്യാഖ്യാനങ്ങളെ നമ്മുടെ ദേശീയ ബിബ്ളിയോഗ്രഫിയിൽ ചേർക്കേണ്ടതാണു്.

മേൽ പറഞ്ഞ രണ്ടുതരം ഗ്രന്ഥങ്ങളുടെയും കാര്യത്തിൽ ഒരു വസ്തുത ശ്രദ്ധിക്കാനുണ്ടു്. പലതിന്റേയും ഗ്രന്ഥകർത്താവിന്നാരെന്നു് നിശ്ചയമായി അറിയാൻ പാടില്ലാതെയിരിക്കും. അത്തരം ഗ്രന്ഥങ്ങളെ അതാതു് വിഷയത്തെപ്പററിയുള്ള ഗ്രന്ഥങ്ങളുടെ ആദ്യഭാഗത്തു് ചേർക്കയാണു് പതിവു്. ഈ സന്ദർഭത്തിൽവേറൊരു നിർദ്ദേശവുംകൂടി സൂക്ഷിക്കുന്നതു് നന്നായിരിക്കും. ഗ്രന്ഥകർത്തൃത്വം സംശയമായിരിക്കുമ്പോൾ ഗ്രന്ഥകർത്താവിന്റെ പേരിനോടുകൂടി വലയങ്ങൾക്കുള്ളിൽ ഒരു ചോദ്യചിഹ്നം (?) ചേർക്കണം.

ഗ്രന്ഥങ്ങളെപ്പററിയുള്ള വിവരണങ്ങൾ കാൽഷീററു് കടലാസ്സുതുണ്ടുകളിൽ പ്രത്യേകം പ്രത്യേകം തയാറാക്കുന്നതാണു് സൌകര്യം. ഇവയെ പരിശോധിച്ചശേഷം ഓരോ വിഷയങ്ങളായിട്ടും പിന്നീടു് വിഷയങ്ങളുടെ ഉപവിഭാഗങ്ങളായിട്ടും തരംതിരിച്ചു് അകാരാദിക്രമത്തിൽ അടുക്കിയ ശേഷം ക്രമനമ്പർ ചേർക്കുന്നു; പിന്നീടു് ഈ ഷീററുകളെ അച്ചടിക്കാരെ ഏല്പിക്കണം.

## ഗ്രന്ഥകർത്താക്കളുടെ പേരുകൾ അനുസരിച്ചുള്ള സൂചിപത്രിക

മേൽ വിവരിച്ച പ്രകാരം വിഷയാനുക്രമണരീതിയിൽ തയാറാക്കുന്ന ബിബ്ലിയോഗ്രഫിയിൽനിന്നും ഓരോ വിഷയത്തിലും അതിന്റെ ഉപവിഭാഗങ്ങളിലും ഉള്ള ഗ്രന്ഥങ്ങളെപ്പററി മനസ്സിലാക്കാൻ സാധിക്കും. ഇതോടൊന്നിച്ച് ഗ്രന്ഥകർത്താക്കളുടെ പേരുകൾ അനുസരിച്ചുള്ള ഒരു സൂചിപത്രികയും (author index) തയാറാക്കേണ്ടതാണ്. ഗ്രന്ഥകാരന്മാരുടെ പേരുകൾ അകാരാദിക്രമത്തിൽ ചേർത്ത്, ഓരോരുത്തരുടേയും ഗ്രന്ഥങ്ങളുടെയും അവയെ സംബന്ധിച്ച മററ് ഗ്രന്ഥങ്ങളുടെയും (ജീവചരിത്രം, വിമർശനഗ്രന്ഥങ്ങൾ മുതലായവ) ക്രമനമ്പരുകൾ കുറിയ്ക്കുന്നു. ഒരു ഗ്രന്ഥകാരന്റെ കൃതികൾ പലരുടേയും പ്രസാധകത്വത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടെങ്കിലും അവയെല്ലാം ഗ്രന്ഥകാരന്റെ പേരിൻകീഴിൽ ചേർക്കുന്നു. ഇപ്രകാരമുള്ള സൂചിപത്രികയുടെ ഉപയോഗം സ്പഷ്ടമാണല്ലോ.

ഇത്രയും പറഞ്ഞതിൽനിന്ന് പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ കൊണ്ടല്ലാതെ ഒരു പൂർണ്ണമായ ബിബ്ലിയോഗ്രഫി തയാറാക്കാൻ സാധ്യമല്ലെന്ന് വ്യക്തമാകും. ഗ്രന്ഥശാലാധികൃതരുടേയും അപൂർവ്വഗ്രന്ഥങ്ങളുടെ ഉടമസ്ഥന്മാരുടേയും സഹകരണം അത്യന്താപേക്ഷിതമാണ്; അതു വേണ്ടിടത്തോളം ഈ മഹൽസംരംഭത്തിന് ഉണ്ടാകുമെന്നു ആശിക്കുന്നു. ഒരു കാര്യം തീർത്തു പറയാം, എല്ലാ ഗ്രന്ഥപ്രേമികളുടേയും സകല കഴിവുകളും അർഹിക്കുന്ന ഒരു ജോലിയാണിത്.

# തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം
# 1951—52-ലെ വാർഷികറിപ്പോർട്ട്

സുഹൃത്തുക്കളെ,

തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ 1951 ഏപ്രിൽമുതൽ 1952 മാർച്ച് വരെയുള്ള പ്രവർത്തനറിപ്പോർട്ടും വരവുചെലവുകണക്കുകളും നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുവാൻ സന്തോഷമുണ്ട്.

1486 ഗ്രന്ഥശാലകളും 18 ഉപരക്ഷാധികാരികളും 45 ആയുഷ്കാലസാമാജികന്മാരും 8 വ്യക്തിഅംഗങ്ങളും ഉൾപ്പെട്ട ഒരു മഹാസ്ഥാപനമാണ് ഇന്നത്തെ ഗ്രന്ഥശാലാസംഘം. ഗ്രന്ഥശാലകളിൽ 645 പുതുതായി സ്ഥാപിച്ചതും 784 പുനരുദ്ധരിച്ചതുമാണ്.

ദേശംതോറും വായനശാലകളും പകുതിതോറും ഗ്രന്ഥശാലകളും താലൂക്കിനു ഒരോ കേന്ദ്രഗ്രന്ഥശാലയും ഡിസ്ട്രിക്റ്റുതോറും ഡിസ്ട്രിക്റ്റുലൈബ്രറികളും സ്ഥാപിക്കുക, സാമാന്യജനങ്ങളെ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർത്തുക, ഗ്രാമോദ്ധാരകവും രാഷ്ട്രപുഷ്ടിപരവുമായ പ്രവർത്തനങ്ങൾക്കു ഉത്തേജനം നൽകുക, ജാതിമതവർഗ്ഗചിന്തകൾക്കതീതമായി ഐകമത്യത്തോടും സൗഹാർദ്ദത്തോടും ജീവിക്കുവാൻ ജനതയ്ക്കു പ്രചോദനം നൽകുക, അജ്ഞതയിലും നിരക്ഷരതയിലും കഴിഞ്ഞുകൂടുന്ന ഗ്രാമീണരെ വിജ്ഞരും പൗരബോധമുള്ളവരുമാക്കിത്തീർക്കുന്നതിനു വയോജനവിദ്യാഭ്യാസപ്രവർത്തനം നടത്തുക, സർവ്വോപരി ജീവിതത്തിലെ സർവ്വതോമുഖമായ പുരോഗതിക്കു നിദാനമായ സങ്കേതങ്ങളായി ഗ്രന്ഥശാലകളെ ഉയർത്തുക എന്നിത്യാദി ഉദ്ദേശത്തോടുകൂടിയാണ് സംഘം പ്രവർത്തിച്ചുവരുന്നത്.

## ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ

പ്രവർത്തനത്തിലിരിക്കുന്ന വായനശാലകളെ ശരിയായ അടിസ്ഥാനത്തിൽ പുരോഗമിപ്പിക്കുക എന്നുള്ളതിനാണ് ഇപ്പോൾ സംഘം കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. എന്നിരുന്നാലും ഗ്രന്ഥശാലകൾ അത്യാവശ്യമായിരിക്കുന്ന സ്ഥലങ്ങളിൽ പുതുതായി ഗ്രന്ഥശാലകൾ സ്ഥാപിക്കുന്ന വിഷയത്തിലും ശ്രദ്ധ പതിപ്പിച്ചുവരുന്നുണ്ട്. ഇന്നത്തെ കണക്കുവച്ചുനോക്കിയാൽ ഈ സംസ്ഥാനത്തു ഏഴായിരംപേർക്കു ഒരു ലൈബ്രറി ഉണ്ടെന്നുകാണാം. അടുത്തടുത്തുള്ള വായനശാലകളെ സംയോജിപ്പിക്കേണ്ടതും ഒരു പ്രധാനകർത്തവ്യമായിരിക്കുന്നു. ഒരു ലൈബ്രറിയുടെ വിജയം നിസ്വാർത്ഥമായി പ്രവർത്തിക്കാൻ സന്നദ്ധതയുള്ള പ്രവർത്തകരെ ലഭിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നത്. ദിവസവും ഏതാനും മണിക്കൂർസമയം ഇതിനുവേണ്ടി ഉപയോഗിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുകയാണുവേണ്ടത്. ഇങ്ങനെ യാതൊരു പ്രതിഫലവു കൂടാതെ പ്രവർത്തിക്കുന്ന പ്രവർത്തകരുമായി സമ്പർക്കത്തിലേർപ്പെട്ട് അവർക്കു വേണ്ടത്ര സഹായസഹകരണം നൽകുന്നതിനു സേവനസന്നദ്ധരായ ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

ഗ്രന്ഥശാലകളുടെ നടത്തിപ്പിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും അവയുടെ പരിശോധനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി 1951-ൽ ഓർഗനൈസിംഗ് പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് കമ്മിററിക്കുബോദ്ധ്യപ്പെടുകയുണ്ടായി. അതനുസരിച്ച് ഗവണ്മെൻറിൽനിന്നും യഥാർഹമായ ഗ്രാൻറും പ്രോത്സാഹനവും ലഭിക്കുമെന്നുള്ള പ്രതീക്ഷയിൽ 30 ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരെ നിയമിച്ചു. ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാക്കുമാത്രം ശമ്പളമിനത്തിൽ 1980 രൂപയാണ് പ്രതിമാസം ചെലവുചെയ്യേണ്ടിവന്നതു്. ഇതിനും പുറമേ ആഫീസ് സിൽബന്ധികളുടെ ശമ്പളത്തിനും ആഫീസിലെ ദൈനംദിനചെലവുകൾക്കുമായി പ്രതിമാസം 500 രൂപയോളം വേണ്ടിയിരിക്കുന്നു. എന്നാൽ ഗവണ്മെൻറിൽനിന്നും സഹായധനമായി ലഭിച്ചതു് പ്രതിമാസം 1666 രൂപ 10 അണ മാത്രമാണു്. ഇങ്ങനെ വൻപിച്ച സാമ്പത്തിക വൈഷമ്യങ്ങളിൽ കൂടിയാണു് കഴിഞ്ഞ ഒരു കൊല്ലത്തെ പ്രവർത്തനം നടത്തീട്ടുള്ളതു്. സംഘപ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കു് ഹാനിസംഭവിക്കാതിരിക്കുന്നതിനും സാമ്പത്തികവൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിനും ആയി പൊതുജനങ്ങളിൽനിന്നും സംഭാവനകൾ സ്വീകരിക്കുന്നതിലും മററും കമ്മിററികാണിച്ച താല്പര്യവും സഹിച്ച ക്ലേശവും പ്രത്യേകം പ്രസ്താവയോഗ്യമാണു്.

സംഘത്തിന്റെ സാമ്പത്തികനിലയുടെ അപര്യാപ്തതയെ അതർഹിക്കുന്ന പ്രാധാന്യത്തോടും ഗൗരവത്തോടുംകൂടി തന്നെ കമ്മിററി വീക്ഷിക്കുകയാണു്. 1952-ഏപ്രിൽ മുതലുള്ള നാലുമാസത്തെ ബഡ്ജററിലും സംഘപ്രവർത്തനങ്ങൾക്കു കൂടുതൽ സഹായധനം ഗവണ്മെൻറു് ഉൾപ്പെടുത്തിയിട്ടില്ലെന്നു കമ്മിററിക്കു ബോദ്ധ്യമായി. ഈ നിലയിൽ മുൻകൊല്ലത്തെപ്പോലെ പ്രതീക്ഷയെ മാത്രം അടിസ്ഥാനമാക്കി പ്രവർത്തനം തുടരുന്നതു് ശരിയായ ഒരു നടപടിയല്ലെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ സംഘം അർഹിക്കുന്ന സഹായധനം ഗവണ്മെൻറിൽനിന്നും ലഭിക്കുന്നതുവരെ ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരുടെ സംഖ്യ 15 ആയി കുറവുചെയ്യുന്നതിനു കമ്മിററി നിർബന്ധിതമായിത്തീർന്നു. ഈ നടപടിതല്ക്കാലത്തേയ്ക്കുമാത്രമായിരിക്കും. കൂടുതൽ സഹായധനം ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ കമ്മിററി ഊർജ്ജിതമായി തുടർന്നുവരികയാണു്.

ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർക്കു രണ്ടും അതിൽ കൂടുതലും താലൂക്കുകളുടെ ചുമതലയാണു് ഇപ്പോൾ ഏല്പിച്ചിരിക്കുന്നതു്. ശമ്പളം, അലവൻസ് ഉൾപ്പെടെ പ്രതിമാസം 85 രൂപാ പ്രതിഫലത്തിൽ ഏപ്രിൽമുതൽ അവരെ നിയമിച്ചിരിക്കയാണു്.

## ഗ്രന്ഥശാലാ പരിശോധനക്കമ്മിററി

1951-52 ലെ ഗ്രാൻറുപരിശോധനയ്ക്കു് ശ്രീ. സി. നാരായണപിള്ള, എ. പി. ഉദയഭാനു, എൻ. പി. വർഗ്ഗീസ് എം. കെ. മേനോൻ, ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി.എൻ. പണിക്കർ എന്നിവരുൾപ്പെട്ട ഒരുകമ്മിററിയെ ഗവണ്മെൻറു് നിയമിച്ചു. കമ്മിററി രണ്ടുമൂന്നുമാസമായി നാടൊട്ടുക്കു് ദീർഘമായി സഞ്ചരിച്ചു എങ്കിലും എല്ലാ ഗ്രന്ഥശാലകളും നേരിട്ടു സന്ദർശിക്കുന്നതിനു സാധ്യമായിട്ടില്ല. അതിനാൽ ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ ശേഖരിച്ചയച്ച സ്ഥിതിവിവരക്കണക്കുകളുംമററം

കൂടി ഉപയോഗപ്പെടുത്തിയാണു് ഗ്രഡേഷൻ ലിസ്ററ് പൂർത്തിയാക്കിയിട്ടുള്ളതു്.

5–3–52–ൽ കൂടിയ പ്രവർത്തകസമിതി ലിസ്റ്റ് പരിശോധിക്കുകയും ആയതു ഗവണ്മെൻറിൽ സമർപ്പിക്കുകയും ചെയ്തു. 1952–53–ൽ എല്ലാ വായനശാലകളും പരിശോധിക്കുവാൻ ഉദ്ദേശിച്ചിരിക്കുകയാണു്.

## ലൈബ്രറിഗ്രാൻറ്

1951–52–ൽ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്കു് ഒരു ലക്ഷം രൂപാമാത്രമാണു് ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. മുൻ കൊല്ലം ബഡ്ജററിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ലക്ഷം രൂപായ്ക്കുപുറമെ സംഘത്തിൻെറ നിരന്തരമായ നിവേദനഫലമായി നാല്പതിനായിരം രൂപാകൂടി അനുവദിക്കുകയുണ്ടായി.

ഓരോ ലൈബ്രറിയും മുൻകൊല്ലം കൊടുത്ത ഗ്രാൻറുതുകയും അതിൽകൂടുതലും ഉപയോഗിച്ചു് പുസ്തകങ്ങൾ സംഭരിച്ചും മററും വളർന്നുവന്നിട്ടുണ്ടു്. മാത്രവുമല്ല കൂടുതൽ ലൈബ്രറികൾക്കു് പുതുതായി ഗ്രാൻറു നൽകേണ്ടതും പല ലൈബ്രറികൾക്കും ഉണ്ടായിട്ടുള്ള അഭിവൃദ്ധിയനുസരിച്ചു് കൂടുതൽ ഗ്രാൻറു നൽകേണ്ടതും ആവശ്യമായിത്തീന്നു. ഈ നിലയിൽ 1951–52–ൽ അനുവദിച്ച ഗ്രാൻറുതുകയുടെ അപര്യാപ്തതയെ ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുകയും കൂടുതൽതുക അനുവദിക്കണമെന്നു തുടരെത്തുടരെ നിവേദനം നടത്തുകയും ചെയ്തു. ഇതനുസരിച്ചു് ശരിയായ പ്രോത്സാഹനം ഗവണ്മെൻറിൽനിന്നും ലഭിക്കുകയുണ്ടായില്ല. അതിനാൽ മുൻകൊല്ലത്തെ രീതിയിൽത്തന്നെ ഗ്രേഡുവിഭജനം നടത്തുവാൻ കമ്മിററി നിർബന്ധിതമായിത്തീന്നു. ഗ്രേഡുവിഭജനത്തിനു മുൻകൊല്ലത്തെ മാനദണ്ഡംതന്നെയാണു് കമ്മിററി സ്വീകരിച്ചിട്ടുള്ളതു്. ഇക്കൊല്ലം ഗ്രാൻറു് അനുവദിച്ച വായനശാലകളുടെ എണ്ണവും, ഗ്രേഡും, തുകയും ചുവടെ ചേക്കുന്നു.

| ഗ്രേഡ് | കൊടുത്തതുക | എണ്ണം |
|---|---|---|
| എ. 1. | 800 | 3 |
| എ | 400 | 3 |
| ബി | 336 | 4 |
| സി | 288 | 6 |
| ഡി | 240 | 16 |
| ഇ | 192 | 38 |
| എഫ് | 144 | 88 |
| ജി | 96 | 229 |
| എച്ച് | 60 | 509 |

1950–51–ലെ രീതിയനുസരിച്ചുതന്നെ രസീതിൻപ്രകാരം തുക വായനശാലകൾക്കു അയച്ചുകൊടുക്കുന്നതിനു ഗവർമ്മെൻറ് അനുവദിച്ചു. രസീതിൻെറ മാതൃക സംഘത്തിൽ നിന്നും അച്ചടിച്ചു് വായനശാലകൾക്കു അയച്ചുകൊടുക്കുകയും വായനശാലാസെക്രട്ടറിമാർ രസീതുകൾ പൂരിപ്പിച്ചു് സംഘത്തിലേക്കു അയച്ചുതരികയും ചെയ്തു. സംഘം ജനറൽ സെക്രട്ടറി കൗണ്ടർ സൈൻചെയ്തു് രസീതുകൾ എഡ്യുക്കേഷൻ ഡയറക്ടരെ ഏൽപ്പിക്കുകയും ഡയറക്ടർ അതനുസരിച്ചുള്ള തുക മണിയാഡറായും ബാങ്ക്ഡ്രാഫ്ററായും അതതു വായനശാലകൾക്കു അയയ്ക്കുകയും ചെയ്തിട്ടുണ്ടു്.

മാർച്ചു് 31–നകം രസീതു അയച്ചുതരാത്ത 121 വായനശാലകൾക്കു 1950–51–ൽ ഗ്രാൻറു ലഭിക്കയുണ്ടായില്ല. സംഘത്തിൻെറ നിവേദനഫലമായി പ്രസ്തുത

വായനശാലകൾക്ക വീണ്ടും ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.

ഇക്കൊല്ലവും മാർച്ച് 31-നകം രസീതു കിട്ടാത്ത വായനശാലകൾക്ക ഗ്രാൻറ് നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിനുവേണ്ടി അനുവദിച്ച ഗ്രാൻറുതുക മുഴുവനും എഡ്യൂക്കേഷൻഡയറക്ടർ മൊത്തമായി കെട്ടിവാങ്ങുകയുണ്ടായി. തന്മൂലം രസീതു യഥാകാലം വന്നുചേർന്നിട്ടില്ലാ എന്ന കാരണത്താൽ യാതൊരു വായനശാലയ്ക്കും ഗ്രാൻറുതുക നഷ്ടപ്പെട്ടുവാനിടയില്ല.

1950-51-ൽ സംസ്ഥാനത്തെ ലൈബ്രറികളിലായി 1158750 പുസ്തകങ്ങൾ ഉണ്ടായിരുന്നു. 157750 പുസ്തകം അക്കൊല്ലം കൂടുതലായിച്ചേർത്തതാണ്. 2050500 പുസ്തകം വിതരണം നടത്തിയിട്ടുണ്ട്. സ്വന്തമന്ദിരം, പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നീ ഇനങ്ങളിൽ വായനശാലകൾ 632500 രൂപാ ചെലാക്കിയിട്ടുണ്ട്. ഇതിൽ ഗവർമ്മെൻറ് സഹായധനമായി നൽകിയതു് 90886 രൂപാ മാത്രമായിരുന്നു ഗവണ്മെൻറ് ഗ്രന്ഥശാലാപരമായി ഈ സംസ്ഥാനത്തു് ആളൊന്നിനു രണ്ടു പൈസയാണു ചെലവാക്കുന്നതു്. അതേ അവസരത്തിൽ ഇംഗ്ലണ്ടു്, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ ആൾക്ക ഒരു രൂപായിൽ കൂടുതൽ ചെലവാക്കിവരികയാണ്.

റിപ്പോർട്ടുവർഷത്തിൽ വായനശാലകൾ 531815 രൂപാ ചെലവുചെയ്തിട്ടുണ്ട്. എന്നാൽ ഗവർമ്മെൻറ് നൽകിയ സഹായധനം 83004 രൂപാമാത്രമാണ്.

സംസ്ഥാനത്തെ വിദ്യാഭ്യാസത്തിനുവേണ്ടി നാലുകോടിയോളം രൂപാ ചെലവുചെയ്യുന്ന ഗവർമ്മെൻറ് സാമാന്യജനങ്ങൾക്ക് വിജ്ഞാനവും പൌരബോധവും പ്രദാനം ചെയ്യുന്ന ആജീവനാന്തവിദ്യാഭ്യാസസ്ഥാപനമായ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കേണ്ടതു് പ്രാഥമികമായ ഒരു കടമമാത്രമാണ്. 1952-53-ലെ ബഡ്ജററിൽ കുറഞ്ഞതു് രണ്ടുലക്ഷം രൂപായെങ്കിലും ഉൾപ്പെടുത്തുമെന്നു ന്യായമായി പ്രതീക്ഷിക്കാം.

## കേന്ദ്രഗ്രന്ഥശാലകൾ

എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നീ നാലു ഡിസ്ട്രിക്ററു ലൈബ്രറികൾക്ക് 125-ൽ മൂവായിരം രൂപാ വീതവും തൃശ്ശൂർ, മൂവാററുപുഴ, ഹരിപ്പാട്ട്, നാഗർകോവിൽ എന്നീ താലൂക്ക കേന്ദ്രലൈബ്രറികൾക്ക രണ്ടായിരം രൂപാ വീതവും കരുനാഗപ്പള്ളി, വൈക്കം, ഇരിങ്ങാലക്കട എന്നീ താലൂക്ക കേന്ദ്രലൈബ്രറികൾക്ക 1950 51-ൽ രണ്ടായിരം രൂപാവീതവും സ്പെഷ്യൽ ഗ്രാൻറുകൊടുത്തിട്ടുണ്ട്. മൊത്തം ഗ്രാൻറുതുകയുടെ പരിമിതിനിമിത്തം 1951-52-ൽ സെൻട്രൽ ലൈബ്രറികൾ തെരഞ്ഞെടുക്കുവാനും അവയ്ക്കു് സ്പെഷ്യൽ ഗ്രാൻറ് ശുപാർശ ചെയ്യുവാനും ഇടയായിട്ടില്ല.

സ്പെഷ്യൽ ഗ്രാൻറിനു തുല്യമായ തുക പിരിച്ചെടുത്ത കേന്ദ്ര ലൈബ്രറികൾക്ക തുകയുടെ വിനിയോഗം, പ്രവർത്തനം ഇവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളു നൽകിയിട്ടുണ്ട്. സംഘം നോമിനേറ്റു ചെയ്തിട്ടുള്ള മൂന്നു പ്രതിനിധികളും അതാതു കേന്ദ്രലൈബ്രറികൾ തെരഞ്ഞെടുക്കുന്ന രണ്ടുപ്രതിനിധികളുംകൂടി ഉൾപ്പെട്ട ഒരു സബ്കമ്മററിയാണു കേന്ദ്രലൈബ്രറികളുടെ ഭരണച്ചുമതല വഹിക്കുന്നതു്

## താലൂക്കഗ്രന്ഥശാലായൂണിയൻ

സംഘടനാപരമായ ഗ്രന്ഥശാലാപ്രവർ

ത്തനത്തിന്റെ പുരോഗതിക്ക് തലൂക്കുയൂണിയന്റെ പ്രവർത്തനം അനുപേക്ഷണീയമാണെന്നു സംഘത്തിനു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് യൂണിയൻ സംഘടിപ്പിച്ചിട്ടുള്ളത്. എന്നാൽ സംഘത്തിന്റെ നിലയും സാമ്പത്തികവശങ്ങളും ശരിയായി അവലോകനം ചെയ്തിട്ടുള്ള ചുരുക്കം ചില യൂണിയനുകളൊഴികെ പുരോഗമനപരമായ നിലയിൽ പ്രവർത്തിക്കുന്നില്ലെന്നു രേഖപ്പെടുത്തേണ്ടി വന്നതിൽ ഖേദിക്കുന്നു. ഒരു ലൈബ്രറി ആക്ടിന്റെ ഉദയത്തോടുകൂടി യൂണിയൻ പ്രവർത്തനം പുനസ്സംഘടിപ്പിച്ച് വേണ്ടത്ര ഉത്തേജനം നല്കാൻ സാധിക്കുമെന്നു തന്നെ ഞങ്ങൾ പ്രത്യാശിക്കുന്നു.

## ഗ്രാന്റും പുസ്തകസംഭരണവും

ഗ്രാന്റിനുള്ള മിനിമം യോഗ്യത 500 പുസ്തകങ്ങളാണ്. ഇതിൽ സംഘം അംഗീകരിച്ച 250 പുസ്തകങ്ങൾ ഉണ്ടായിരിക്കണമെന്നുണ്ട്. പാരായണക്കാരുടെ സംഖ്യ, റിക്കാർഡുകൾ സൂക്ഷിച്ചിട്ടുള്ള രീതി, പൊതുജന സഹകരണം, വരവിനങ്ങളിലുള്ള വർദ്ധനവ്, സ്വന്തമന്ദിരം, വാങ്ങിയ പുസ്തകങ്ങളുടെ എണ്ണവും വിലയും, കൃത്യമായ നടത്തിപ്പ് മുതലായി പലതിനേയും അടിസ്ഥാനമാക്കിയാണു ഗ്രേഡുവിഭജനം നടത്തിയിട്ടുള്ളത്. പുസ്തകങ്ങളുടെ എണ്ണത്തെ മാത്രമല്ല അതിന്റെ വിലയേയും ഉപയോഗത്തേയും പ്രധാനമായി പരിഗണിച്ചിട്ടുണ്ട്.

മുൻകൊല്ലം ഗ്രാന്റനുവദിച്ചിട്ടുള്ള ചില വായനശാലകൾക്ക് പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ ഗ്രാന്റ നിറുത്തൽ ചെയ്യുകയോ ഗ്രേഡ് കുറയ്ക്കുകയോ ചെയ്യാൻ ഇടയായിട്ടുണ്ട്. ഗവമ്മെന്റിൽ നിന്നും ലഭിക്കുന്ന സഹായധനം പരിമിതമായിരുന്നാൽ തന്നെയും അതു ശരിയായി ഉപയോഗിച്ച് പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തേണ്ടതു് ആവശ്യമാണല്ലോ.

ചുരുക്കം ചില ലൈബ്രറികൾ ഒഴിച്ച് ഈ രാജ്യത്തുള്ള എല്ലാ ലൈബ്രറിക്കാരും ഗ്രാന്റിനും അതിൽ കൂടുതൽ തുകയ്ക്കും പുതിയ പുസ്തകം വാങ്ങി യഥാർത്ഥമൂലധനച്ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നു കാണുന്നതു് ചാരിതാർത്ഥ്യജനകവും അഭിമാനാർഹവുമാണ്.

## പുസ്തകഗ്രാന്റ്

ഗ്രാന്റിനുള്ള യോഗ്യത സാമാന്യമായി സിദ്ധിച്ചിട്ടുള്ളതും എന്നാൽ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും മുൻകൊല്ലത്തേക്കാൾ കൂടുതൽ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതും എന്നാൽ അതനുസരിച്ച് ഉയർന്ന ഗ്രേഡ് ലഭിച്ചിട്ടില്ലാത്തതുമായ വായനശാലകൾക്ക് പ്രോത്സാഹനാർത്ഥം ഗവർമ്മെന്റിൽ നിന്നും സൗജന്യമായി ലഭിച്ചിട്ടുള്ള പുസ്തകങ്ങൾ ഗ്രാന്റായി നൽകുവാൻ തീരുമാനിച്ചിരിക്കുന്ന വിവരവും രേഖപ്പെടുത്തിക്കൊള്ളട്ടെ.

## റൂറൽലൈബ്രറികൾ

സംസ്ഥാനത്തെ പ്രൈമറി വിദ്യാലയങ്ങളോടു് അനുബന്ധിച്ചു നടത്തി വന്നിരുന്ന റൂറൽലൈബ്രറികളുടെ പ്രവർത്തനം നിറുത്തലാക്കുവാനും പുസ്തകങ്ങളും ഉപകരണങ്ങളും സംഘത്തെ ഏൽപ്പിക്കുവാനും ഗവർമ്മെന്റ് അനുവദിച്ചതിനെ തുടർന്ന് ഓരോ സ്ഥലങ്ങളിലുമുള്ള റൂറൽ ലൈബ്രറികളിലെ പുസ്തകങ്ങളും ഉപകരണങ്ങളും അടുത്തുള്ള ഗ്രന്ഥശാലകളിൽ ലയിപ്പിക്കുവാനും സമീപസ്ഥലത്തു് ഗ്രന്ഥശാലകൾ ഇല്ലാത്ത പക്ഷം പുതിയ ഗ്രന്ഥ

ശാലകൾ സമാരംഭിച്ചു് നടത്തുവാനും കമ്മററി തീരുമാനം ചെയ്തു.

ശരിയായ പ്രവർത്തനം ഇല്ലാതെ നിർജ്ജീവാവസ്ഥയിൽ കിടന്ന റൂറൽലൈബ്രറികൾ ഏറെറടുത്തു് ഏററവും ഉപയോഗപ്രദമായ വിധത്തിൽ അവ നടത്തുന്നതിനു വേണ്ടി കെട്ടിടം പണിയിക്കുന്നതിനും സ്ഥായിയായ നടത്തിപ്പിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ജനങ്ങൾ പ്രദർശിപ്പിച്ച ഉത്സാഹം അഭിനന്ദനാർഹമായിരിക്കുന്നു. ഇങ്ങനെ ജനങ്ങളുടെ ഉത്തരവാദിത്വത്തിൽത്തന്നെ സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തിക്കുവാൻ ജനകീയ ഗവർമ്മെൻറു് തയ്യാറായതു് ശ്ലാഘനീയം തന്നെയാണു്.

പൊതുജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മററിയുടെ പൂർണ്ണമായ ഉത്തരവാദിത്വത്തിന്മേലും ശരിയായ ഉടമ്പടിവ്യവസ്ഥയോടുംകൂടിയാണു് റൂറൽലൈബ്രറിവക പുസ്തകങ്ങളും ഉപകരണങ്ങളും ഏൽപ്പിച്ചുവരുന്നതു്. ഇതിനകം 46 റൂറൽലൈബ്രറികൾ ഏറെറടുക്കുവാൻ കഴിഞ്ഞിട്ടുണ്ടു്.

റൂറൽലൈബ്രറിവക പുസ്തകങ്ങളും ഉപകരണങ്ങളും വിട്ടുകിട്ടുന്നതിനുവേണ്ടി എല്ലാ സ്ഥലത്തും ഒന്നിലധികം അപേക്ഷകൾ തന്നെ ഉണ്ടായിരുന്നു. അതിനാൽ ഓരോ സ്ഥലവും സന്ദർശിച്ചു്, മത്സരബുദ്ധിയോടുകൂടി ആരംഭിച്ചിട്ടുള്ള വായനശാലകളെ സംയോജിപ്പിച്ചും മത്സരങ്ങൾ ഒഴിവാക്കിയും പൊതുജനോപകാരപ്രദമായ വിധം നടത്തുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചും ആണു് റൂറൽലൈബ്രറികൾ കൈമാററം ചെയ്തിട്ടുള്ളതു്. ഇതിനുവേണ്ടി ഒരു സ്ഥലം രണ്ടും മൂന്നും തവണ സന്ദർശിക്കേണ്ട ആവശ്യംതന്നെ നേരിട്ടിട്ടുണ്ടു്. ഗവർമ്മെൻറിൻെറ അധീനതയിലിരുന്ന സ്വത്തുക്കൾ കൈമാററംചെയ്യുമ്പോൾ ആ ഉത്തരവാദിത്വത്തിൻെറ ഗൗരവം അതേനിലയിൽ ജനങ്ങളെ ധരിപ്പിക്കേണ്ടതും ആവശ്യമാണല്ലോ. റൂറൽലൈബ്രറി ഏറെറടുത്തു നടത്തുവാനുള്ള യോഗ്യത പൂർണ്ണമായും സിദ്ധിച്ചുവെന്നു കമ്മററിക്കു ബോദ്ധ്യപ്പെട്ടിട്ടുള്ള ലൈബ്രറികൾക്കു മാത്രമേ റൂറൽലൈബ്രറിവക പുസ്തകങ്ങളും ഉപകരണങ്ങളും ഏൽപ്പിക്കുകയുണ്ടായിട്ടുള്ളു. മററുള്ള റൂറൽലൈബ്രറികളും കഴിയുന്നതും വേഗംഏറെറടുത്തു് ഇതരലൈബ്രറികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണു്.

## സ്കൂൾകെട്ടിടങ്ങൾ

ഗ്രന്ഥശാലാസംഘത്തിൽ അംഗമായ ഗ്രന്ഥശാലകൾക്കു് യോഗങ്ങൾ നടത്തുന്നതിനും നാടകങ്ങൾനടത്തുന്നതിനും വാടകകൂടാതെ സ്ക്കൂൾകെട്ടിടങ്ങൾ ഗവമ്മെൻറു് അനുവദിച്ചിട്ടുണ്ടു്. പൊതുജനനന്മയ്ക്കുവേണ്ടി ഗവർമ്മെൻറു് അവലംബിച്ചിട്ടുള്ള ഈ നടപടി വേണ്ടതരത്തിൽ പ്രയോജനപ്പെടുത്തുവാൻ ചില സ്കൂൾഭാരവാഹികളുടെ അലസമനോഭാവം കാരണം സാധിക്കാതെപോകുന്നതായി വായനശാലാപ്രവർത്തകരിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന പരാതികൾ ഗവമ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്.

## വയോജനവിദ്യാഭ്യാസം

രാഷ്ട്രീയസ്വാതന്ത്ര്യവും പ്രായപൂർത്തിവോട്ടവകാശവും ലഭിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വാതന്ത്ര്യത്തിൻെറ യഥാർത്ഥഗുണം അനുഭവിക്കുന്നതിനു പൗരബോധമുള്ള ഒരു ജനതയ്ക്കു മാത്രമേ കഴിവുള്ളു. നിരക്ഷരരും വിദ്യാവിഹീനരുമായ ഗ്രാമീണരെ പൗരബോധമുള്ളവരാക്കിത്തീർക്കുന്ന

തിനുള്ള പരിപാടികൾ ഗ്രന്ഥശാലകൾ മുഖേന നിർവഹിച്ചുവരികയാണ്.

എന്നാൽ സ്റ്റേററിലെ വയോജനവിദ്യാഭ്യാസ പരിപാടികളുടെ ചുമതലവഹിക്കുന്നതു് ഗവർമ്മെൻറ് നിയമിച്ച ഒരു വയോജന വിദ്യാഭ്യാസബോർഡാണ്. ബോർഡിൻെറ ചുമതലയിൽ നടത്തേണ്ട സാക്ഷരതാക്ലാസുകൾ തെരഞ്ഞെടുക്കുമ്പോൾ വായനശാലകൾക്കും സാമൂഹ്യവിദ്യാഭ്യാസപ്രചരണം നടത്തുന്ന പ്രവൎത്തകന്മാൎക്കുവേണ്ടി ആറുമാസക്കാലം നീണ്ടുനില്ക്കുന്ന പരിശീലനകോഴ്സിൽ വായനശാലാപ്രവൎത്തകൎക്കും മുൻഗണന നൽകിക്കാണുന്നതിൽ ചാരിതാൎത്ഥ്യത്തിനു അവകാശമുണ്ടു്.

## ഗ്രന്ഥാലോകം

ഒരു ദ്വൈമാസികമായി സമാരംഭിച്ചു, മാസികയായി അഭിവൃദ്ധിപ്പെടുത്തി പ്രായോഗികവൈഷമ്യങ്ങൾമൂലം വീണ്ടും ദ്വൈമാസികമായി പ്രസിദ്ധപ്പെടുത്തിയിരുന്ന ഗ്രന്ഥാലോകം 1952 ജനുവരിയോടുകൂടി വീണ്ടും മാസികയാക്കിയിരിക്കുകയാണ്. എഡിററായിരുന്ന ഡാക്ടർ. പി. കെ. നാരായണപിള്ള കൃത്യാന്തരങ്ങൾ നിമിത്തം തൽസ്ഥാനം രാജിവെയ്ക്കുകയുണ്ടായി. കമ്മിററിയുടെ താല്പര്യമനുസരിച്ചു് ശ്രീ. സി. നാരായണപിള്ള പത്രാധിപസ്ഥാനം സ്വീകരിച്ചിരിക്കുകയാണ്.

മാസികയുടെ നടത്തിപ്പിനുവേണ്ടി ചെയ്യുന്ന സംവിധാനങ്ങളിലും അതിനു ആവശ്യമായ ലേഖനങ്ങളും കടലാസും മററും ലഭിക്കുന്നതിലും അപ്പോഴപ്പോൾ വന്നു ചേൎന്നിട്ടുള്ള വൈഷമ്യങ്ങൾ നിമിത്തമാണു ഈ പ്രസിദ്ധീകരണത്തിൻെറ ആനുകാലികത ചിലപ്പോഴൊക്കെ ഭഞ്ജിക്കപ്പെട്ടു പോയിട്ടുള്ളതു്.

കഴിഞ്ഞ മൂന്നുകൊല്ലത്തെ മാസികാപ്രവൎത്തനം മൂലം സാമ്പത്തികമായി സംഘത്തിനു വലിയ നഷ്ടം നേരിടേണ്ടിവന്നിട്ടുണ്ടു്. മാസികയുടെ വിജയത്തിനു എല്ലാവരുടേയും ഹാൎദ്ദമായ സഹായസഹകരണം അനുപേക്ഷണീയമായിരിക്കുന്നു.

## ബുക്ക് സെലക്ഷൻകമ്മിററി

ലൈബ്രറികളിൽ വാങ്ങേണ്ടതായ 1600-ഓളം പുസ്തകങ്ങളുടെ ലിസ്ററ് സംഘംബുക്ക്സെലക്ഷൻ കമ്മിററി തയ്യാറാക്കിയതു് അച്ചടിച്ചു് എല്ലാ ലൈബ്രറികൾക്കും അയച്ചുകൊടുത്തിട്ടുണ്ടു്. തുടൎന്നുലഭിച്ച 220-ഓളം പുസ്തകം കമ്മിററി പരിശോധിച്ചംഗീകരിക്കുകയും അച്ചടിച്ചു് വായനശാലകൾക്കു അയയ്ക്കുകയും ഉണ്ടായി.

ബുക്ക്സെലക്ഷൻ കമ്മററിക്കു ഇപ്പോഴും പുസ്തകങ്ങൾ ലഭിച്ചുകൊണ്ടിരിക്കയാണ്. അവ പരിശോധിച്ചു് അംഗീകരിക്കുന്ന മുറയ്ക്കു് ലിസ്ററ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

യാതൊരു പ്രതിഫലവും കൂടാതെ ഈ പ്രവൎത്തനം നടത്തിക്കൊണ്ടിരിക്കുന്ന ബുക്ക്സെലക്ഷൻ കമ്മിററി അംഗങ്ങളോടു് സംഘത്തിനുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുവാനും ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളുന്നു.

## മററുകാര്യങ്ങൾ

ഇൻഡ്യൻനാഷനൽ ലൈബ്രറിയുടെ ലൈബ്രേറിയനായ ശ്രീ. ബി. എസ്. കേശവൻ 1951 ഡിസംബർ 2-ാം തീയതി തിരുവിതാംകൂർ കൊച്ചി സംസ്ഥാനം

സന്ദർശിച്ചു. ഒരാഴ്ചയോളം പര്യടനം നടത്തി പല ഗ്രന്ഥശാലകളും അദ്ദേഹം പരിശോധിക്കുകയുണ്ടായി. പ്രാദേശിക ഭാഷകളിൽ ബിബ്ലിയാഗ്രഫി തയ്യാറാക്കിച്ച് ഗ്രന്ഥശാലാപ്രസ്ഥാനത്തെ ഐക്യഭാരതാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി ആരായുന്നതും സന്ദർശനോദ്ദേശങ്ങളിൽപ്പെട്ടിരുന്നു. നമ്മുടെ സംഘത്തിന്റെ പ്രവർത്തനത്തെ ശരിയായി പഠിക്കുന്നതിനും ഈ സന്ദർഭം അദ്ദേഹം വിനിയോഗിച്ചു. ഇൻഡ്യയിൽ മറെറാരു സ്ഥലത്തും ഗ്രന്ഥശാലാപ്രവർത്തനം ഇത്രമാത്രം വികസിച്ചിട്ടില്ലെന്നും അതിന്റെ പ്രവർത്തനം മററു സംഘടനകളെക്കാൾ മാതൃകാപരമാണെന്നും അദ്ദേഹം അസന്നിഗ്ദ്ധമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. മലയാളഭാഷയിൽ ഒരു ബിബ്ലിയാഗ്രഫി തയ്യാറാക്കേണ്ടതിന്റെ ആവശ്യം അദ്ദേഹം ഊന്നി പ്രസ്താവിച്ചിട്ടുണ്ട്. സംഘപ്രവർത്തനത്തെപ്പററി അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ള റിപ്പോർട്ട് പ്രോത്സാഹനാർഹവും അഭിമാനകരവുമാണെന്നു പ്രസ്താവിക്കാൻ സന്തോഷമുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ഏതാനും ഭാഗങ്ങൾ ചുവടെ ചേർക്കുന്നു................

“പ്രാരംഭത്തിലുണ്ടായിരുന്ന 47 വായനശാലകളെ കേന്ദ്രമാക്കി 5 കൊല്ലത്തിനകത്തു് 1400 അംഗഗ്രന്ഥശാലകൾ സംഘത്തിൽ ചേർന്നു. ഗവമ്മെൻറ് അനുവദിച്ചിട്ടുള്ള ഒരുലക്ഷം രൂപയാണു സംഘപ്രവർത്തനങ്ങളുടെ പിന്നിലുള്ള പ്രധാനശക്തി. സംഘത്തിലംഗമാകുന്നതിനും ഗ്രാൻറു വാങ്ങുന്നതിനും അപേക്ഷിക്കുന്ന ഗ്രന്ഥശാലകളെപ്പററി നടത്തുന്ന അന്വേഷണപരിപാടികൾ പ്രശംസാർഹങ്ങളാണ്.

സംഘത്തിന്റെ പരിശോധകർ താലൂക്കുതോറും വായനശാലകളുടെ ആവശ്യങ്ങളെക്കുറിച്ചു് പ്രാദേശിക പ്രവർത്തകന്മാരെ ഉൽബുദ്ധരാക്കിവരുന്നുണ്ട്. മാത്രമല്ല എവിടെ മാത്സര്യബുദ്ധി വിനാശകരമായനുഭവപ്പെടുന്നു, അവിടെ സർവ്വാദരണീയമായ സംയോജനം മൂലം അഭിപ്രായൈക്യം സ്ഥാപിക്കുന്നതിലും സംഘം ശ്രമിക്കുന്നുണ്ട്.

തിരുവിതാംകൂർ—കൊച്ചിയിൽ മാത്രമാണ് വായനശാലാപ്രസ്ഥാനം യാഥാർത്ഥ്യം പ്രാപിച്ചിട്ടുള്ളതു്. അതിന്റെ ഉപജ്ഞാതാക്കളുടെ ഓജസ്സും ഗവർമ്മെൻറിന്റെ ദീർഘവീക്ഷണത്തോടുകൂടിയ സഹായവും സഹകരിച്ചു മഹത്തമമായ ഒരു സ്ഥിതിയിലേക്കുയരുകയാണ്. പ്രവർത്തകരുടെ പ്രതിഭ നിറഞ്ഞ ഓജസ്സ് എന്നെ വശീകരിച്ചിട്ടുണ്ട്. ഞാൻ വിശ്വസിക്കുന്നു—വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മുൻപന്തിയിലേയ്ക്കു തിരുവിതാംകൂർ-കൊച്ചിയെ കയററി നിറുത്തുന്ന ഈ ആകർഷണീയമായ പരീക്ഷണം കൊല്ലം തോറും വികസ്വരമാകുമെന്നു്; വർദ്ധമാനമായ രീതിയിൽ ഗവർമ്മെൻറ് പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുമെന്ന്........”

## വാർഷികപൊതുയോഗം

1951 ജൂൺ 16-ാം തീയതി പകൽ മൂന്നു മണിക്കു സംഘം ആഫീസിൽവച്ചു് വൈസ്പ്രസിഡൻറ് ശ്രീ. കെ. എം. അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ വാർഷിക പൊതുയോഗംകൂടി. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വന്ന പ്രതിനിധികൾക്കു ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനു ശേഷം ജനറൽസെക്രട്ടറി 126-ലെ ഏഴര മാസത്തെ പ്രവർത്തനറിപ്പോർട്ടും വരവുചെലവു കണക്കും അവതരിപ്പിച്ചു. താലൂ

ക്ഷയുണിയൻെറ പ്രവർത്തനപരിപാടികൾ, റൂറൽലൈബ്രറികളിലെ പുസ്തകങ്ങളും, ഉപകരണങ്ങളും എന്നീകാര്യങ്ങളെപ്പററി പ്രതിനിധികൾ ഉന്നയിച്ച സംശയങ്ങൾക്ക ജനറൽസെക്രട്ടറി സമുചിതമായ വിശദീകരണം നൽകുകയുണ്ടായി. റിപ്പോർട്ടും വരവു ചെലവു കണക്കും യോഗം അംഗീകരിച്ചു.

അനന്തരം 1951-52-ലെ ബഡ്ജററ് അവതരിപ്പിച്ചു. ബഡ്ജററിലെ ഓരോ ഇനങ്ങളായി യോഗം പര്യാലോചന നടത്തി. ദീർഘമായ ചർച്ചകൾക്കശേഷം ബഡ്ജററു അംഗീകരിക്കുന്നതിന യോഗം തീരുമാനിച്ചു. സ്തുത്യർഹമായ ഒരു പ്രവർത്തനറിപ്പോർട്ടും ബഡ്ജററും അവതരിപ്പിച്ചതിൽ ഭരണസമിതിയെ അനുമോദിച്ചുകൊണ്ടു ശ്രീ. പി. മാധവൻപിള്ള എ. പി. നായർ, മാധവൻപോററി, ററി. ജെ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

ലൈബ്രേറിയന്മാർക്ക ഒരു പരിശീലനക്ലാസ് ആരംഭിക്കുക, വയോജനവിദ്യാഭ്യാസപരിപാടികൾ സംഘത്തിൻെറ മേൽനോട്ടത്തിൽ നടത്തുന്നതിന അനുവദിക്കുക, ലൈബ്രറികൾക്ക പുറംപോക്കുസ്ഥലങ്ങളും ലൈബ്രറി കെട്ടിടങ്ങൾക്ക ബിൽഡിംഗ്ഗ്രാൻറും ലൈബ്രേറിയന്മാക്ക ശമ്പളവും അനുവദിക്കുക, എന്നികാര്യങ്ങൾ ഗവർമെൻറിനോടു അപേക്ഷിക്കുന്നതിന യോഗം തീരുമാനിച്ചു.

ബഡ്ജററു വിമർശനാവസരത്തിൽ സംഘത്തിൻെറ പരിപാടികൾ വിജകരമാക്കുവാൻ പ്രതിനിധികൾ സഹകരണം വാഗ്ദാനം ചെയ്തതിൽ പ്രത്യേകം കൃതജ്ഞത പ്രകടിപ്പിച്ചും, ലൈബ്രറികളുടെ കാര്യക്ഷമമായ നടത്തിപ്പിനും പ്രസ്ഥാനത്തിൻെറ വിജയത്തിനും ഭരണസമിയോടൊപ്പം ഓരോ അംഗത്തിനുമുള്ള ചുമതല ചൂണ്ടക്കാൺിച്ചും, എല്ലാ പ്രവർത്തനങ്ങളിൽപ്പെട്ടവരേയും എല്ലാ പാർട്ടിക്കാരേയും സംഘപ്രവത്തനങ്ങളിൽ സഹകരിക്കുന്നതിൽ മനാൽസെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ ചെയ്യുന്ന പരിശ്രമങ്ങളെ അഭിനന്ദിച്ചും അദ്ധ്യക്ഷൻ ഉപസംഹാരപ്രസംഗം നടത്തി.

## ഭരണസമിതിയോഗങ്ങൾ

റിപ്പോർട്ടുവർഷത്തിൽ നാലുഭരണസമിതിയോഗങ്ങൾ കൂടീട്ടുണ്ട്. ഒന്നാമത്തു ഭരണസമിതിയോഗം 15-6-51-ൽ സംഘം ആഫീസിൽവച്ച് ശ്രീ. സി. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. 9 അംഗങ്ങൾ ഹാജരുണ്ടായിരുന്നു. 126—ലെ ഏഴുമാസത്തെ വരവു ചെലവു കണക്കും റിപ്പോർട്ടും 190-51-ലെ ബഡ്ജററും അംഗീകരിച്ചു. സെൻട്രൽ ലൈബ്രറികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനു ഒരു സബ്കമ്മിററിയെ നിയമിച്ചു.

## രണ്ടാമത്തു ഭരണ സമിതിയോഗം

6-7-51-ൽ ശ്രീ. പാവൂർ ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. 10 അംഗങ്ങൾ ഹാജരുണ്ടായിരുന്നു. ഗവർമെൻറിൽനിന്നും അഭിപ്രായത്തിനായി അയച്ച ലൈബ്രറി ബില്ലിൻെറ നക്കൽ പരിശോധിച്ച് ചർച്ച നടത്തി.

റൂറൽലൈബ്രറികളിലെ പുസ്തകങ്ങളും ഉപകരണങ്ങളും ഇതരലൈബ്രറികളെ ഏല്പിക്കുന്നതിനുള്ള ഉടമ്പടിവ്യവസ്ഥ അംഗീകരിച്ചു.

പ്രവർത്തകസമിതി അംഗത്വം രാജിവച്ച ശ്രീ. പലകശ്ശേരി രാഘവന പകരം

ഡാക്ടർ, പി. കെ. നാരായണപിള്ളയെ കോവാപ്റ്റചെയ്തു.

## മൂന്നാമത്തെ ഭരണ സമിതിയോഗം

21-11-51-ൽ ശ്രീ. കെ. എം. അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽകൂടി. 10 അംഗങ്ങൾ ഹാജരുണ്ടായിരുന്നു. ഭരണസമിതി അംഗമായ ശ്രീ. റ്റി. ജെ. ജോർജ്ജിന്റെ രാജി അംഗീകരിച്ചു. സംഘത്തിന്റെ നിവേദനമനുസരിച്ച് കൂടുതൽ ഗ്രാന്റു അനുവദിക്കാതിരിക്കുന്ന നയത്തിൽ പ്രതിഷേധിച്ചും കൂടുതൽ ഗ്രാന്റ് അനുവദിക്കേണ്ട ആവശ്യകതയെ വ്യക്തമാക്കിക്കൊണ്ടും അംഗീകരിച്ച പ്രമേയം ഗവർമ്മെന്റിലേക്കു അയയ്ക്കാൻ തീരുമാനിച്ചു.

## നാലാമത്തെ ഭരണ സമിതിയോഗം

23-3-52-ൽ ശ്രീ. പറവൂർ ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. 14 അംഗങ്ങൾ ഹാജരുണ്ടായിരുന്നു

ഓർഗനൈസിംഗ് പ്രവർത്തനത്തിനു ഗവർമ്മെന്റിൽനിന്നും ലഭിച്ചുവരുന്ന ഗ്രാന്റ് തീരെ അപര്യാപ്തമായതിനാൽ കൂടുതൽ തുക ഗവർമ്മെറിൽനിന്നും ലഭിക്കുന്നതുവരെ ഇപ്പോൾ പ്രവർത്തനം നടത്തുന്ന ഓർഗനൈസിംഗ് ഇൻസ്പെക്ടർമാരുടെ എണ്ണം 15 ആയി കുറവു ചെയ്യേണ്ടതാണെന്നു നിശ്ചയിച്ചു. ഭരണസമിതിയിൽ മി. റ്റി. ജെ. ജോർജ്ജ് രാജിവച്ച ഒഴിവിൽ ശ്രീ. ജോസഫ് ചാക്കോളയെ നാമിനേറ്റ്ചെയ്തു.

## പ്രവർത്തക സമിതിയോഗങ്ങൾ

റിപ്പോർട്ടു വർഷത്തിൽ 24 പ്രവർത്തക സമിതി യോഗങ്ങൾ കൂടിട്ടുണ്ട്. പ്രതിമാസമുള്ള കണക്കുകൾ അംഗീകരിക്കുക, ഓർഗനൈസിംഗ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനറിപ്പോർട്ടുകൾ പരിശോധിക്കുക, ഗ്രന്ഥശാലകളെ അംഗമായി ചേർക്കുക, ഒഴിവുവരുന്ന സ്ഥാനത്തേയ്ക്കു പുതിയ നിയമനം നടത്തുക, സർവ്വോപരി സംഘത്തിന്റെ ദൈനംദിനഭരണത്തിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുക മുതലായവയാണു പ്രവർത്തക സമിതിയുടെ പ്രധാന ജോലികൾ.

ഒരേസ്ഥലത്തുതന്നെ ഒന്നിലധികം വായനശാലകൾ സ്ഥാപിക്കുക, ഭരണപരമായ കാര്യങ്ങളിൽ കക്ഷിവഴക്കുകൾ ഉണ്ടായി പ്രവർത്തനം മന്ദീഭവിക്കുക മുതലായി ഈ പ്രസ്ഥാനത്തിന്റെ ആരോഗ്യപരമായ വളർച്ചയ്ക്കു ഹാനികരമായ പല സംഭവങ്ങളും കാണപ്പെട്ടിട്ടുണ്ട്. സംഘത്തിന്റെ ശ്രമഫലമായി പല വായനശാലകളിലേയും കക്ഷിമത്സരങ്ങൾ തീർക്കുന്നതിനും അടുത്തടുത്തുള്ള വായനശാലകളെ സംയോജിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടെന്നുമാത്രമല്ല, പല വായനശാലകൾക്കും സ്വന്ത മന്ദിരം പണിയുന്നതിനാവശ്യമായ സ്ഥലം ഉദാരമതികളെ സമീപിച്ച് സമ്പാദിച്ചു കൊടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്.

സംഘത്തിന്റെ സാമ്പത്തികനില ഭദ്രമാക്കുന്നതിനുവേണ്ടി ഒരു ലക്ഷം രൂപായുടെ ഒരു ഫണ്ട് സ്വരൂപിക്കുന്നതിനു കമ്മിറ്റി വേണ്ട ശ്രമങ്ങൾ നടത്തി വരികയാണു്.

സുഹൃത്തുക്കളെ,

യഥാർത്ഥ പൗരബോധമുളവാക്കുന്ന ആജീവനാന്ത വിദ്യാലയങ്ങളായ ഗ്രന്ഥശാലകളുടെ പ്രവർത്തകരായ നാം സേവനസന്നദ്ധതയുടേയും സംസ്കാരസമ്പന്നതയുടേയും മാർഗ്ഗദർശികളായിത്തീരട്ടെ.

ജയ് ഹിന്ദ്

കമ്മിറ്റിക്കുവേണ്ടി

പി. എൻ. പണിക്കർ

ജനറൽ സെക്രട്ടറി

തിരുവനന്തപുരം

5-5-1952

1852 ജൂൺ 15-ാം തീയതിയിലെ വാർഷികപൊതുയോഗം അംഗീകരിച്ച പ്രവർത്തനറിപ്പോർട്ട്.

# 1952 — 53-ലെ ലൈബ്രറി ഗ്രാൻറ പരിശോധന

1952–53–ലെ ലൈബ്രറിഗ്രാൻറ വിതരണം മുൻകൂട്ടി നടത്തുന്നതിനുവേണ്ടി ലൈബ്രറിഗ്രഡേഷൻ കമ്മററി ഗ്രന്ഥശാലാപരിശോധന ഉടനെ ആരംഭിക്കുന്നതാണു്. ഇക്കൊല്ലം എല്ലാ വായനശാലകളും വളരെ നിഷ്കൃർഷയോടും കൂലംകഷമായും പരിശോധിക്കുവാനാണു് കമ്മിററി തീരുമാനിച്ചിരിക്കുന്നതു്.

1952–53–ലെ ഗ്രാൻറിനു് എല്ലാ ലൈബ്രറിക്കാരും 1952 ആഗസ്ററു് ആദ്യവാരത്തിനു മുൻപുതന്നെ അപേക്ഷ — സംഘം ആഫീസിലേക്കു് അയച്ചിരിക്കേണ്ടതാണു്. അപേക്ഷ നിശ്ചിതതീയതിക്കു മുൻപു് അയക്കാത്ത യാതൊരു വായനശാലയ്ക്കും ഗ്രാൻറ ലഭിക്കുന്നതല്ല. ഗ്രാൻറിനുള്ള അപേക്ഷാഫാറത്തിൻെറ മാതൃക 1951–ജൂലൈ–ആഗസ്ററു് ലക്കം ഗ്രന്ഥാലോകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഈ ലക്കത്തിലും ഫാറത്തിൻെറ മാതൃക ചേർത്തിട്ടുണ്ടു്. അതനുസരിച്ചു് എല്ലാ വായനശാലക്കാരും ഉടനെതന്നെ അപേക്ഷ അയച്ചിരിക്കേണ്ടതാണു്.

മുൻകൊല്ലം ഗ്രാൻറുകിട്ടിയ വായനശാലക്കാർ പുതിയപുസ്തകം വാങ്ങിയതിനു് ഡ്യൂപ്ലിക്കേററു് ബില്ലു് അയച്ചിട്ടില്ലെങ്കിൽ ഉടനെ ബില്ലും അയക്കണം. 1952–53–ൽ ഗ്രാൻറിനു് കൂടുതൽതുക ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ഗ്രന്ഥശാലകൾ അർഹിക്കുന്ന ഗ്രാൻറു് നൽകുന്നതാണെന്നു് ഗ്രഡേഷൻ കമ്മററിയോടു് അധികാരികൾ വാഗ്ദാനം ചെയ്തിട്ടുമുണ്ടു്.

---

## ഗ്രന്ഥശാലാസംഘം ബുക്കു്സെലക്ഷൻ കമ്മററി

ഗ്രന്ഥശാലാസംഘം ബുക്കു്സെലക്ഷൻ കമ്മററിയുടെ ഒരു യോഗം ഗ്രന്ഥശാലാസംഘം ആഫീസിൽവച്ചു് ജൂലൈ 6–ാംനു– 3 മണിക്കു് കൂടി. ഹാജരുണ്ടായിരുന്ന അംഗങ്ങൾ.

1. റവ: ഫാ: സി. കെ. മററം.
2. കൈനിക്കര കുമാരപിള്ള. M. A. L. T.
3. കെ. ദാമോദരൻ. B. A.
4. ശൂരനാട്ടു് പി. എൻ. കുഞ്ഞൻപിള്ള M. A.
5. C. യേശുദാസൻ B. A. hons.
6. പി. എൻ. പണിക്കർ, ജനറൽ സെക്രട്ടറി ഗ്രന്ഥശാലാസംഘം.

കമ്മററി ഇതുവരെ വന്നിട്ടുള്ള 124 പുസ്തകങ്ങൾ പരിശോധിക്കുകയും യോഗ്യതയുള്ളവയെ വിവിധഗ്രേഡുകളിലായി അംഗീകരിക്കുകയും ചെയ്തു.

ബുക്കു്സെലക്ഷൻ കമ്മററിയെ വിപുലപ്പെടുത്തിയതനുസരിച്ചു്, ലൈബ്രറികൾ വാങ്ങേണ്ട പുസ്തകങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ചുവടേ ചേർക്കുന്ന കമ്മററി അംഗങ്ങൾക്കു് പുസ്തകങ്ങളുടെ ഓരോ പ്രതി ഗ്രന്ഥകാരന്മാരും പ്രസിദ്ധീകരണശാ

ലക്കാരും പ്രസാധകന്മാരും അയച്ചുകൊടുക്കേണ്ടതാണെന്നു തീരുമാനിച്ചു.

1. ഡാ: പി. ജെ. തോമ്മസ്. മാറമ്പള്ളി.
2. ജി. ശങ്കരക്കുറുപ്പ്. എറണാകുളം.
3. ജോസഫ് മുണ്ടശ്ശേരി, തൃശൂർ.
4. റവ: ഫാദർ. സി. കെ. മററം. കാവിലങ്ങാട്ട്.
5. കൈനിക്കര, എം. കുമാരപിള്ള. തിരുവനന്തപുരം.
6. കെ. ദാമോദരൻ, പേട്ട, തിരുവനന്തപുരം.
7. ശൂരനാട്ട കുഞ്ഞൻപിള്ള. തിരുവനന്തപുരം.
8. ജന: സെക്രട്ടറി. തിരു–കൊച്ചി ഗ്രന്ഥശാലാസംഘം പട്ടം, തിരുവനന്തപുരം.

തമിഴ് പുസ്തകങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി ചുവടെ ചേർക്കുന്നവർ ഉൾപ്പെട്ട ഒരു സബ് കമ്മററിയെ ചുമതലപ്പെടുത്തി. തമിഴ് പുസ്തകങ്ങളുടെ ഓരോ പ്രതി ഈ കമ്മററിക്ക് അയച്ചുകൊടുക്കേണ്ടതാണ്.

1. ശൂരനാട്ട കുഞ്ഞൻപിള്ള. M. A. തിരുവനന്തപുരം.
2. പി. എസ്. നടരാജപിള്ള M. L. A. പേരൂർക്കട, തിരുവനന്തപുരം.
3. C. യേശുദാസൻ B. A. hons. യൂണിവേഴ്സിററികോളജ്, തിരുവനന്തപുരം.

## ഉദാരമായ സംഭാവന

1. മീനടം പബ്ളിക് ലൈബ്രറിക്കു പുതിയ കെട്ടിടം ഉണ്ടാകുന്നതുവരെ ഇപ്പോൾ വായനശാല നടത്തിക്കൊണ്ടിരിക്കുന്ന കെട്ടിടം ആലയ്ക്കാപറമ്പിൽ ശ്രീ. എ. സി. മാത്തൻ സൗജന്യമായി വിട്ടുകൊടുത്തിരിക്കുന്നു.

2. മുഴങ്ങോടി മഹാത്മാസ്മാരക വായനശാലയ്ക്കു (കരുനാഗപ്പള്ളി) തട്ടാരേത്തു പി. സരോജിനിയമ്മ അഞ്ചുസെൻറു സ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

3. മേഴപ്ര പബ്ളിക് ലൈബ്രറിക്കുവേണ്ടി തേവാരിൽ തോമ്മസ് ഒരു സെൻറുസ്ഥലവും, ഒരു സെൻറുസ്ഥലം 100 രൂപാ വിലക്കും (ഉദ്ദേശം 250 രൂ. വിലയുള്ളതു്) കൊടുക്കാമെന്നു സമ്മതിച്ചു. ആ ഒരുസെൻറു സ്ഥലത്തിനുള്ള വില തൈപ്പറമ്പിൽ ഇട്ടി ജോസഫ് വാഗ്ദാനം ചെയ്യുകയുമുണ്ടായി.

## ഗ്രന്ഥശാലാപ്രവത്തകരുടെ ശ്രദ്ധയ്ക്കു്

മാസിക വരിസംഖ്യഇനത്തിലും സംഘം വാഷികവരിഇനത്തിലും നാളതുവരെയുള്ള കുടിശ്ശിക മുഴവനും ഉടനെ അയച്ചുതരേണ്ടതാണ്. 1952–53-ലെ ഗ്രാൻറപേക്ഷ അയയ്ക്കുന്നതോടുകൂടിത്തന്നെ കുടിശ്ശികത്തുക മുഴവനും അടയ്ക്കുന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കണമെന്നു താല്പര്യപ്പെടുന്നു.

## ഗ്രന്ഥാലോകം വരിക്കാരോടു്

മാസികവരിസംഖ്യ കുടിശ്ശികവരുത്തിയിട്ടുള്ള എല്ലാ വരിക്കാരും കുടിശ്ശിക ഉടനെ അയച്ചുതരണമെന്നപേക്ഷിക്കുന്നു. അതല്ലാത്തപക്ഷം അടുത്തലക്കം മാസിക കുടിശ്ശികത്തുകയ്ക്കു വി. പി. ആയി അയയ്ക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിത്തീരുന്നതാണ്.

# ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർമാരുടെ പേരും മേൽവിലാസവും പ്രവർത്തനം നടത്തുന്ന താലൂക്കുകളും

| | |
|---|---|
| 1. പി. വിശ്വനാഥൻ<br>വെള്ളമഠം, രാമപുരം<br>Via നാഗർകോവിൽ | തോവാള, അഗസ്തീശ്വരം<br>കൽക്കുളം. |
| 2. പി. ജോൺറോസ്,<br>ആതംകോട്, കഴിത്തുറ | വിളവംകോട്, നെയ്യാറ്റിൻകര. |
| 3. ജെ. രാജഗോപാലൻനായർ<br>പാങ്ങപ്പാറ, കഴക്കൂട്ടം. | തിരുവനന്തപുരം (സിറ്റി ഒഴിച്ച്) നെടുമങ്ങാട്,<br>ചിറയിൻകീഴ്. |
| 4. എം. എ. വർഗ്ഗീസ്പണിക്കർ<br>കണ്ടറ. | കൊല്ലം, കുന്നത്തൂർ,<br>കരുനാഗപ്പള്ളി. |
| 5. വി. സുകുമാരൻനായർ<br>കുന്നിക്കോട് | കൊട്ടാരക്കര, പത്തനാപുരം,<br>ചെങ്കോട്ട. |
| 6. എസ്സ്. കൊച്ചുകൃഷ്ണൻ<br>ഓമല്ലൂർ | പത്തനംതിട്ട,<br>തിരുവല്ല. |
| 7. എൻ. ഗോപിനാഥൻനായർ<br>വെളിയനാട്, Via ആലപ്പുഴ. | അമ്പലപ്പുഴ, മാവേലിക്കര,<br>കാർത്തികപ്പള്ളി. |
| 8. എൻ. കെ. പുരുഷോത്തമൻ<br>വേളൂർ, കോട്ടയം | കോട്ടയം, ചങ്ങനാശ്ശേരി<br>പീരുമേട്. |
| 9. വക്കി. സി. കുറിക്കാട്ട്,<br>വാഴക്കുളം, മൂവാറ്റുപുഴ | മീനച്ചിൽ, മൂവാറ്റുപുഴ,<br>തൊടുപുഴ, ദേവികുളം |
| 10. റ്റി. എ. മൃത്യുഞ്ജയൻ<br>പനമ്പുകാട്, എറണാകുളം | ചേത്തല, വൈക്കം<br>കൊച്ചി–കണയന്നൂർ. |
| 11. എ. കെ. കൊച്ചുണ്ണി<br>എറിയാട്ട്, കൊടുങ്ങല്ലൂർ | കുന്നത്തുനാട്, പറവൂർ,<br>കൊടുങ്ങല്ലൂർ |
| 12. എ. നാരായണൻ<br>വിയ്യൂർ, തൃശ്ശൂർ. | മുകുന്ദപുരം, തൃശ്ശൂർ. |
| 13. സി. സി. വർഗ്ഗീസ്.<br>വടക്കാഞ്ചേരി | തലപ്പിള്ളി, ചിറ്റൂർ. |

N. B. കൂടുതൽ ഓർഗനൈസിംഗ് ഇൻസ്പെക്ടർമാരുടെ നിയമനം താമസിയാതെ ഉണ്ടാകുന്നതാണ്.

# ഗ്രന്ഥശാലാവാർത്തകൾ

### ഗ്രാമദീപം വായനശാല
### ചിറക്കടവു്

പ്രസ്തുതവായനശാല 747-ാം നമ്പർ കരയോഗക്കെട്ടിടത്തിലേയ്ക്കു മാററി സ്ഥാപിച്ചിരിക്കുന്നു. സ്വന്തകെട്ടിടം പണിയുന്നതിനുള്ള ശ്രമം ഊർജ്ജിതമായി നടന്നു വരികയാണു്.

### വിദ്വാൻ എളയത്തു് സ്മാരക വായനശാല, മച്ചാട്ടു്

ഈ വായനശാലയുടെ 19-ാം വാർഷികം ഏപ്രിൽ 10-ാംതിയതി ശ്രീ. കെ. എ. ദാമോദരമേനോൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീമതി ലീലാ ദാമോദരമേനോൻ യോഗം ഉദ്ഘാടനം ചെയ്തു. ശ്രീ. ആർ. കൃഷ്ണൻകുട്ടി നായർ പ്രസംഗിച്ചു. യോഗാനന്തരം പാട്ടുകച്ചേരിയും 'പ്രേമയാചകി, എന്ന സംഗീതനാടകവും ഉണ്ടായിരുന്നു.

### പ്രോഗ്രസ്സീവ് ലൈബ്രറി & റീഡിംഗ്റൂം
### പുല്ലയിൽ–കിളിമാനൂർ

പ്രസ്തുതവായനശാലയുടെ ഒരു വിശേഷാൽ യോഗം ഏപ്രിൽ 14-ാം തീയതി ശ്രീ. എൻ. കെ. ശങ്കരപ്പിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. ധനശേഖരാർത്ഥം കലാപരിപാടി നടത്തുന്നതിനു നിശ്ചയിച്ചു.

### സംസ്കാരസന്ദായിനി വായനശാല
### വള്ളിക്കാവു്

പ്രസ്തുതവായനശാലയുടെ ഒരു വിശേഷാൽ യോഗം മാർച്ച് 2-ാം തീയതികൂടി ശ്രീ. ഈ. എൽ. കുട്ടൻപിള്ള പ്രസിഡൻറായും, വൈലോപ്പള്ളി ശ്രീനി സെക്രട്ടറിയായും ചിറേറഴം ആർ. പി. ഖജാൻജിയായും 17 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### വില്ലേജ് ലൈബ്രറി & റീഡിംഗ് റൂം
### കല്ലേററുംകര

ഈ ഗ്രന്ഥശാലയുടെ വാർഷിക പൊതുയോഗം ഡിസംബർ 9-ാം തീയതി കൂടി. ശ്രീ. കെ. ഓ. കുഞ്ഞിലോനാ പ്രസിഡൻറായും ടി. ഡി. മാത്യു സെക്രട്ടറിയായും ഏഴുപേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### ദി മീനടം പബ്ളിക് ലൈബ്രറി
### മീനടം

ഒന്നാമത്തെ വാർഷിക പൊതുയോഗം ഏപ്രിൽ 1-ാം തീയതി ഫാദർ എബ്രഹാം വെള്ളപ്പറമ്പിലിൻെറ അദ്ധ്യക്ഷതയിൽ കൂടി ശ്രീ. പി. സി. കുരുവിള ബീ. ഏ. ബി. ററി പ്രസിഡൻറായും എം. കെ. എബ്രഹാം സെക്രട്ടറിയായും കെ. കെ. രാമൻകുട്ടി ഖജാൻജിയായും 11 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### സക്കാർ ഗ്രാമീണവായനശാല
### കുന്നംമൂച്ചി

വായനശാലയുടെ ഒരു പൊതുയോഗം ഏപ്രിൽ 20-ാം തീയതി ശ്രീ. കെ. എം. കരിയാക്കുവിൻെറ അദ്ധ്യക്ഷതയിൽകൂടി ശ്രീ. പി. എ. ലാസർ പ്രസിഡൻറായും സി. എം. അന്തോണി സെക്രട്ടറിയായും 5 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## യൂണിയൻ റീഡിംഗ് റൂം

### പാത്താമുട്ടം

പ്രസ്തുത വായനശാലയുടെ ബിസിനസ്സ് മീററിംഗ് ഏപ്രിൽ 21-ാം തീയതി ശ്രീ. പി. ഐ. പുന്നൂസ് ബി. ഏ. യുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. പി. ഐ. പുന്നൂസ് പ്രസിഡൻറായും കെ. എം. അന്ത്രയോസ് വി. കെ. അയ്യപ്പൻ എന്നിവർ സെക്രട്ടറിമാരായും എം. വി. മത്തായി ട്രഷററായും 11 പേരുൾപ്പെട്ട കമ്മിററിയെ തെരഞ്ഞെടുത്തു.

റവ: ഫാദർ എം. സി. കര്യാക്കോസ് റംബാൻെറ അദ്ധ്യക്ഷതയിൽ പൊതുയോഗം നടന്നു: വിദ്വാൻ കെ. എം. അന്ത്രയോസ് പി. പി. തോമസ് പി. വി. കര്യൻ ബി. ഏ. എന്നിവർ പ്രസംഗിച്ചു.

## ആസാദ് റീഡിംഗ് ലാഡ്ജ് & ലൈബ്രറി പുലിയന്നൂർ

ഈ ഗ്രന്ഥശാലയുടെ വാർഷിക പൊതുയോഗം ഏപ്രിൽ 13-ാം തീയതി ശ്രീ. ററി. എസ്. ജയന്തൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. ററി. എസ്സ്. ജയന്തൻനമ്പൂതിരി പ്രസിഡൻറായും ശ്രീ. പി. സി. ജോസഫ് വൈസ്പ്രസിഡൻറായും, വെട്ടൂർ രാമൻ നായർ സെക്രട്ടറിയായും 9 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

## കടക്കച്ചിറ കൈരളീ ഗ്രന്ഥാലയം

കൈരളീഗ്രന്ഥാലയം എന്ന പേരിൽ ഒരു വായനശാല കടക്കച്ചിറ സ്ഥലനിവാസികളുടെ ശ്രമഫലമായി, 29-6-52-ൽ വിദ്വാൻ പി. ആർ. ശങ്കരപ്പിള്ള ഉൽഘാടനം ചെയ്തിരിക്കുന്നു.

## K. C. Y. M. ലൈബ്രറി

### ചെമ്പിലാവ് കിടങ്ങൂർ

ഈ വായനശാലയുടെ 16-ാമതു വാർഷികപൊതുയോഗം ശ്രീ. N. S. നമ്പൂരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. എം. കൃഷ്ണൻനായർ ഉജ്ജ്വലമായ ഒരു പ്രസംഗം നടത്തി. മെസ്സേഴ്സ്, പി. എ. ദേവസി പ്രസിഡൻറായും, എം. എൻ. നാരായണൻ നമ്പൂരി, കെ. കെ. പരമേശ്വരൻ നായർ ഇവർ സെക്രട്ടറിമാരായും 9 പേരടങ്ങിയ ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

## വാഴക്കുളം വായനശാല, മാറമ്പള്ളി.

പ്രസ്തുത വായനശാലയുടെ 3-ാമതു വാർസികസമ്മേളനം ശ്രീ. സി. അച്ചുതക്കുറുപ്പിൻെറ അദ്ധ്യക്ഷതയിൽ കൊണ്ടാടി. ശ്രീ. മലയാററൂർ രാമകൃഷ്ണൻ, പത്മിനി എന്നിവർ പ്രസംഗിച്ചു.

## കളയിക്കവിള അസാദ് ഫിന്ദ് ലൈബ്രറി

രണ്ടുകാലമായി പ്രവർത്തനം മന്ദീഭവിച്ചുകിടന്ന പ്രസ്തുത ലൈബ്രറിയുടെ ഒരു പൊതുയോഗം 18-4-52-ൽ കൂടി പുതിയ ഭരണസമിതിയായി, M. സുബ്ബയ്യാപിള്ളയെ പ്രസിഡൻറായും, മി. ചെല്ലപ്പനെ സെക്രട്ടറിയായും, എം. മുഹമ്മദ്മൈദീനെ ജോയിൻറ് സെക്രട്ടറിയായും മി. രാമചന്ദ്രനെ ട്രഷററായും ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

## മഞ്ഞൂർക്കോണം പീപ്പിൾസ് ലൈബ്രറി

പ്രസ്തുത ലൈബ്രറിയുടെ ഉൽഘാടനയോഗം ശ്രീ. ഡാ: വേലുപ്പിള്ളയുടെ അദ്ധ്യക്ഷതയിൽനടന്നു. ശ്രീ. വി. ശ്രീധർ M.L.A.

യോഗം ഉൽഘാടനം ചെയ്യുകയും, ശ്രീ. സദാനന്ദൻ, കേശവൻ നായർ, നീലകണ്ഠരുപണ്ടാരത്തിൽ B. A. B. L. M. L. A., ജെ. രാജഗോപാലൻനായർ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

## പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം ചെങ്ങന്നൂർ

പ്രസ്തുത വായനശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ശ്രീ. K. K. തോമസ് & പാർട്ടിയുടെ കഥാപ്രസംഗത്തിൽ നിന്നു കിട്ടിയ തുകകൊണ്ടു് വായനശാലാ കെട്ടിടം പണി ആരംഭിച്ചിരിക്കുന്നു.

## കൈരളീ ഗ്രന്ഥാലയം കടപ്ര, നിരണം.

ഈ ഗ്രന്ഥശാലയുടെ 3–ാമതു വാർഷികയോഗം ശ്രീ. എൻ. പി. ചെല്ലപ്പൻ നായരുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത യോഗത്തിൽ ശ്രീ. ടി. എൻ. ഗോപിനാഥൻനായർ, തകഴി ശിവശങ്കരപ്പിള്ള, കര്യൻ തൈക്കടവിൽ എന്നിവർ പ്രസംഗിച്ചു.

## ദേശാഭിമാനി ഗ്രന്ഥശാല & വായനശാല ചെന്നിത്തല

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം മേയ് 1–ാം തീയതികൂടി മുൻകൊല്ലത്തെ റിപ്പോർട്ടും വരവു ചെലവു കണക്കും അംഗീകരിച്ചു. അടുത്തുതന്നെ ഒരു വാർഷിക സമ്മേളനം നടത്തുവാൻ തീരുമാനിച്ചു.

## പബ്ളിക്‌ലൈബ്രറി & റീഡിംഗ്ക്ലബ്ബ് ചേലാട്ട്

ഈ ലൈബ്രറിയുടെ ഒന്നാമതു വാർഷിക പൊതുയോഗം ഏപ്രിൽ 21–ാനു കൂടി. ശ്രീ. എം. പി. വറുഗീസ് M. A. M. Litt., M. L. A. പ്രസിഡണ്ടായും, Fr. Vargheese മററമന വൈസ്പ്രസിഡൻറായും, ജേക്കബ് തോമ്മസ്, സിക്രട്ടറിയായും, 11 പേരടങ്ങിയ ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

## ജനകീയ വായനശാല ഇടപ്പിള്ളി വെണ്ണല

ഈ വായനശാലയുടെ 5–ാമതു വാർഷിക സമ്മേളനം ഏപ്രിൽ 12, 13 എന്നീ തീയതികളിൽ നടത്തപ്പെട്ടു. യോഗങ്ങളിൽ ആദ്യത്തേതു് കാര്യാലോചനായോഗവും, രണ്ടാമത്തതു് പൊതുസമ്മേളനവും ആയിരുന്നു. പൊതു സമ്മേളനത്തിൽ ശ്രീ. K. M. K. മുഹമ്മദ്, ഇടപ്പിള്ളി ശിവൻപിള്ള, തുനിയൂർ പത്മനാഭമേനോൻ, തൃക്കരിയൂർ പി. ബി. നാരായണൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. വി. കെ. എസ്സ്. പണിക്കർ. B. A. യെ പ്രസിഡൻറായും കെ. ഐ. അയ്യപ്പനെ സെക്രട്ടറിയായും 11 പേരടങ്ങിയ ഒരു കമ്മററി രൂപകരിച്ചു.

## പത്മവിലാസം ഗ്രന്ഥശാല പാങ്ങപ്പാറ

ഏപ്രിൽ 6–ാനു- കൂടിയ ഒരു പൊതുയോഗത്തിൽ ശ്രീ. പി. എൻ. പിള്ളയെ പ്രസിഡൻറായും, ശ്രീ. എൻ. പരമേശ്വരൻനായരെ സെക്രട്ടറിയായും, എൻ. സെയ്തുമുഹമ്മദ് ഖജാൻജിയായും 9 പേരടങ്ങിയ ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

## പുല്ലുവഴി പബ്ളിക്‌ലൈബ്രറി

പ്രസ്തുത ലൈബ്രറിയുടെ ഉൽഘാടനം

13-4-52-ൽ ശ്രീ. മലയാറ്റൂർ രാമകൃഷ്ണൻ നടത്തുകയുണ്ടായി. ശ്രീ. ചെറുകാട്ട്, പി. കെ. വാസുദേവൻനായർ മുതൽപേർ യോഗത്തിൽ പ്രസംഗിച്ചു. ശ്രീമാൻ പി. ഗോവിന്ദപ്പിള്ള M.L.A.യാണു് യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്നതു് എന്നതും പ്രത്യേകം പ്രസ്താവ്യമാണു്.

### വിയ്യൂർ ഗ്രാമീണവായനശാല

ഈ വായനശാലയുടെ 7-ാമതു വാർഷികം ഏപ്രിൽ 27-ാംനു ശ്രീ. K. ബാലകൃഷ്ണമാരാരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. പി. എൻ. പണിക്കർ, ടി. എച്ചു്. കൃഷ്ണയ്യർ എന്നിവർ പ്രസംഗിച്ചു.

### ചരമങ്ങൾ

സാഹിത്യാചാര്യന്മാരായിരുന്ന ഡാക്ടർ കെ. ഗോദവർമ്മ എം. ഏ. പി. എച്ചു്. ഡി. ശ്രീ. എം. പി. പോൾ എം. ഏ. എന്നിവരുടെ അകാലനിര്യാണംമൂലം മലയാളസാഹിത്യത്തിനു് അപരിഹാര്യമായ നഷ്ടമാണു സംഭവിച്ചിരിക്കുന്നതു്. കേരളം ഈ അടുത്തകാലത്തെങ്ങും ഇങ്ങനെ രണ്ടു പ്രതിഭാശാലികളുടെ അടുത്തടുത്തുള്ള അകാലചരമം കണ്ടു സഹിക്കേണ്ടിവന്നിട്ടില്ല.

അവരുടെ സാഹിത്യപരമായ സേവനങ്ങൾ അത്യധികം വിപുലവും മഹത്തമവുമായിരുന്നു. ഈ രണ്ടു കലാവിദഗ്ദ്ധന്മാരുടേയും ആത്മാവിനു് നിത്യശാന്തി പ്രാർത്ഥിക്കുന്നു.

---

## അംഗഗ്രന്ഥശാലകൾ

(തുടർച്ച)

1314—കണ്ണന്തോട്ടത്തു ജനാർദ്ദനൻനായർ മെമ്മോറിയൽ ലൈബ്രറി കഴീപ്പുഴ—ചെറിനാട്ടു്.
1315—ഗ്രാമസേവാസംഘം ഗ്രന്ഥശാല & വായനശാല, ആതനാട്ടുവടക്കു്—ക്ലാപ്പന.
1316—വി. എൽ. & ആർ. ആർ. കല്ലൻകുന്നു്. ഇരിങ്ങാലക്കുട.
1317—വി. എൽ. & ആർ. ആർ തൃശ്ശൂർ.
1318—വി എൽ. & ആർ. ആർ. മേലൂർ. Via ചാലക്കുടി.
1319—രിക്രിയേഷൻ ക്ലബ്ബ് & ഫ്രീ റീഡിംഗ് റൂം—തൃക്കണാർവട്ടം എറണാകുളം.
1320—യുവജനസമിതി പൊതുവായനശാല—മണലൂർ (തൃശ്ശൂർ)
1321—ഗ്രാമീണ വായനശാല—കുറൂർ (തൃശ്ശൂർ)
1322—വി. എൽ. & ആർ. ആർ. പള്ളുരുത്തി.
1323—1428 സഹകരണ ഗ്രന്ഥശാല. വയലാർ, പട്ടണക്കാട്ടു്.
1324—P. S. M. ലൈബ്രറി & റീഡിംഗ്റൂം തിടനാട്ട് ഈരാറ്റുപേട്ട.
1325—ദി പാറക്കോട്ടു് ലൈബ്രറി & റീഡിംഗ്റൂം. പറക്കോട്ടു് (അടൂർ)
1326—ജവഹർ ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ മുനിസിപ്പൽ ലൈബ്രറി & റീഡിംഗ്റൂം ആററിങ്ങൽ.
1327—ഗ്രാമീണവായനശാല എരവിമംഗലം, ഒല്ലൂർ.
1328—വി. എൽ. & ആർ. ആർ, കോടത്തൂർ അമ്മാടം.
1329—വി. എൽ. & ആർ. ആർ. വല്ലച്ചിറ. (തൃശ്ശൂർ)
1330—യങ്ങ്മെൻസ് റീഡിംഗ്റൂം & ലൈബ്രറി ആണ്ടൂർ, മരങ്ങാട്ടുപിള്ളി.
1331—സർക്കാർ ഗ്രാൻറ് ഇൻ എയിഡ് ലൈബ്രറി & റീഡിംഗ്റൂം നെട്ടിശ്ശേരി. (തൃശ്ശൂർ)
1332—വി. എൽ. & ആർ. ആർ. എടവിലങ്ങ്, കോതപറമ്പ്.
1333—വി. എൽ. & ആർ. ആർ. കരിഞ്ചാറെ (മുകുന്ദപുരം)
1334—ഗ്രാമീണ വായനശാല മൂക്കനാട്ടു്—കരുവന്നൂർ
1335—വി. എൽ. & ആർ. ആർ. മുരിങ്ങൂർ—ചാലക്കുടി. (തുടരും)

# ഗ്രന്ഥശാലകൾക്കു് ഗ്രാന്റിനുള്ള അപേക്ഷാഫാറം

1. ഗ്രന്ഥശാലയുടെ പേരു്
   താലൂക്കു്
   പകുതി
   കര
   പോസ്റ്റാഫീസ്
2. സ്ഥാപിച്ച തീയതി
3. മാനേജ്മെൻറു് (നടത്തിപ്പു്)
4. പുസ്തകങ്ങളുടെ എണ്ണം (ഭാഷതിരിച്ചു്)
5. വരുത്തുന്ന പ്രസിദ്ധീകരണങ്ങളുടെ പേരും അവയ്ക്കു ചെലവാകുന്ന തുകയും
   ഏ. ദിനപ്പത്രം
   ബി. വാരിക
   സി. മാസിക
6. സ്ഥാപനം പൊതുജനങ്ങളുടെവകയാണോ?
7. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടോ? അവയുടെ വിവരം
8. ഉപകരണങ്ങൾ (ഇനംതിരിച്ചു്)

*9. 1952 ഏപ്രിൽമുതലുള്ള മാസാന്ത്യക്കണക്കു്

| വരവു് | രൂ. | ണ. | സ. | ചെലവു് | രൂ. | ണ. | സ. |
|---|---|---|---|---|---|---|---|
| 1. മാസവരി | | | | 1. സിൽബന്ധികൾക്കുള്ള ശംബളം | | | |
| 2. പ്രവേശനഫീസ് | | | | ഏ. | | | |
| 3. സംഭാവന | | | | ബി. | | | |
| 4. ഗ്രാന്റു് | | | | സി. | | | |
| 5. സ്ഥാപനത്തിന്റെ സ്വന്തമായ വസ്തുവിലോ നിക്ഷേപത്തിലോ ഉള്ള പലിശ | | | | 2. പുസ്തകങ്ങൾ | | | |
| | | | | 3. പത്രമാസികകൾ | | | |
| | | | | 4. ബയൻറിംഗ് | | | |
| | | | | 5. ഉപകരണങ്ങൾ | | | |
| | | | | 6. സ്റ്റേഷനറി | | | |
| 6. മററിനം | | | | 7. മററിനം | | | |

സ്ഥലം — പ്രസിഡൻറിന്റെ ഒപ്പു്

തീയതി — സെക്രട്ടറിയുടെ ഒപ്പു്

* പിന്നീടു് ഓരോ മൂന്നു മാസം കൂടുംതോറും വരവുചെലവു കണക്കുകൾ അയച്ചുകൊണ്ടിരിക്കേണ്ടതാണു്.

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | | |
|---|---|---|
| **FRONT COVER PAGE** | ... | (Reserved) |
| **BACK COVER PAGE** | ... | Rs. 70 per insertion. |
| | ... | Rs. 60 per insertion, if three insertions or more. |
| **COVER PAGE 2** | ... | Rs. 60 per insertion. |
| | ... | Rs. 40 per insertion, if |
| | ... | three consecutive |
| | ... | insertions or more. |
| **COVER PAGE 3** | ... | Rs. 50 per insertion. |
| | ... | Rs. 40 per insertion if |
| | ... | three consecutive insertions or more. |
| **ANY OTHER PAGE** | ... | Rs. 40 per insertion. |
| **HALF PAGE** | ... | Rs. 25 .... |
| **QUARTER PAGE** | ... | Rs. 15 .... |
| **BELOW QUARTER PAGE** | ... | Rs. 10 .... |

*For further details apply to:*

*THE MANAGER*

**GRANDHALOKAM,**

PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ റ്റി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്ത്യലിംഗംപിള്ള
,, ജി. കേശവൻ
,, ഏ. പി. ഉദയഭാനു ബി. ഏ. ബി. എൽ.
,, പാലകശ്ശേരി പി. രാഘവൻ
ബി. ഏ. ബി. എൽ.
,, നീലവന ആർ. മാധവൻനായർ
(പ്ര. സ: അംഗം)
,, ഏ. ആർ. സുലൈമാൻസേട്ട്
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. റ്റി.
(ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി. എൽ
,, എൻ. പി. വർഗ്ഗീസ്
ബി. ഏ. ബി. എൽ; എം. എൽ. ഏ.
(പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ എം. എൽ. ഏ.
,, എം. കെ. മേനോൻ
,, K. W. മുരളീധരമാരാർ ബി. ഏ. എൽ. എൽ. ബി;
ഡാ. പി. കെ. നാരായണപിള്ള
എം. ഏ. പിഎച്ച്. ഡി.
(പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴിക്കാടൻ

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Trivandrum.